# ഒരു മഹാ സത്യം

അഥവാ

## കൂനിയുടെ കുസൃതി

ഒരു ഗദ്യനാടകം.

ഗ്രന്ഥകൎത്താവ്:

മൂക്കോത്തു കുമാരൻ

വില അണ 12. പകൎപ്പവകാശം.

CANNANORE:
THE CAXTON PRINTING WORKS.

# ഒരു മഹാ സത്യം

അഥവാ

## കൂനിയുടെ കുസൃതി

ഒരു ഗദ്യനാടകം.


ഗ്രന്ഥകർത്താവ്:

മൂക്കോത്തു കുമാരൻ


വില അണ 12.


പകർപ്പവകാശം.



CANNANORE:
THE CAXTON PRINTING WORKS.



# കൂനിയുടെ കുസൃതി

അങ്കം 1. രംഗം 1.

[ഒരു രാജവീഥി അലങ്കരിച്ചുകൊണ്ടു പാടികളിച്ചു ചില പെൺകുട്ടികൾ പ്രവേശിക്കുന്നു. ഇതു കണ്ടുകൊണ്ടു് മന്ഥര പ്രവേശിക്കുന്നു.]

മന്ഥര—കുട്ടികളെ, നിങ്ങൾക്കെന്താണ് ഇന്നിത്ര സന്തോഷം? നിങ്ങളെന്താണ് തെരുവീഥികളൊക്കെ അലങ്കരിക്കാൻ പുറപ്പെട്ടത്? കൌസല്യാദേവി മറ്റൊരു കുട്ടിയെ കൂടി പ്രസവിച്ചുവൊ? മഹാരാജാവിന്നു മറ്റൊരു സന്താനം കൂടി ഉണ്ടായൊ? ശാന്തദേവി ഭർത്താവോടുകൂടി രാജധാനിക്കു എഴുന്നെള്ളുന്നുണ്ടൊ? നിങ്ങൾക്കെന്താണ് ഇന്നിത്ര സന്തോഷം?

ഒന്നാംകുട്ടി—അതെന്തെ, രാജ്യം മുഴുവൻ പരസ്യമായ സന്തോഷവർത്തമാനം നിന്റെ ചെവിയിൽ മാത്രം എത്തിയില്ലെന്നൊ?

രണ്ടാംകുട്ടി—മന്ഥര എവിടെയായിരുന്നു? അയോദ്ധ്യയിൽ ഇല്ലായിരുന്നുവൊ?

മൂന്നാംകുട്ടി—മന്ഥര കിടന്നുറങ്ങിപ്പോയി. ഇന്നലെ ഉണ്ടായ നിശ്ചയങ്ങളൊന്നും അറിഞ്ഞതേ ഇല്ല.

മന്ഥര—എന്തു നിശ്ചയം? ഞാനൊന്നും അറിഞ്ഞില്ല. പറവിൻ.

ഒന്നാംകുട്ടി—ഞാൻ പറയാം. ഞാൻ പറയാം. നിങ്ങളാരും മിണ്ടരുത്. മന്ഥരെ, നീ ഞാൻ പറയുന്നതേ വിശ്വസിക്കാവു. ഇവരൊക്കെ വലിയ പരിഹാസക്കാരാണ്.

മന്ഥര—ആരെങ്കിലും പറവിൻ. കേൾക്കട്ടെ.

ഒന്നാംകുട്ടി—ഈ അയോദ്ധ്യയിൽ രോഗികളും, അംഗഭംഗമുള്ളവരും, ദുഷ്ടരും ആയ ചിലരുണ്ടെന്നു മഹാരാജാവു തിരുമനസ്സുകൊണ്ടു അറിഞ്ഞിരിക്കുന്നു.

മന്ഥര—അതുകൊണ്ട്? അവരെയൊക്കെ രാജ്യത്തുനിന്നു പുറത്താക്കികളവാൻ തീർച്ചയാക്കിയൊ?

ഒന്നാംകുട്ടി—നീ കേൾക്കു. മഹാരാജാവു തിരുമനസ്സുകൊണ്ട് ഇന്നലെ വസിഷ്ഠമഹർഷിയെ വരുത്തി ഇങ്ങിനെ പറഞ്ഞു: "ഞാൻ വളരെ സത്യസന്ധതയോടുകൂടി രാജ്യപരിപാലനം ചെയ്തുവരുന്ന ഈ കാലത്ത് എന്റെ രാജ്യത്ത് ഇത്ര അധികം രോഗികളും, അംഗ

ഭംഗമുള്ളവരും ഉണ്ടായിരിക്കയെന്നതു വലിയ കഷ്ട മാണ്. അവരുടെ രോഗങ്ങളും അംഗഭംഗങ്ങളും ഇല്ലായ്മ ചെയ്വാൻ അവിടുന്നു തന്നെ ഒരു ഉപായം കാണണം.” ഇതു കേട്ടപ്പോൾ വസിഷ്ഠമഹർഷി അ ശ്വിനിദേവകളെ അയോദ്ധ്യയിൽ ക്ഷണിച്ചുവരുത്താൻ തീർച്ചയാക്കിയിരിക്കുന്നു. ദേവകളെ സ്വീകരിക്കാനാ ണ് ഞങ്ങൾ തെരുവീഥികളെ അലങ്കരിക്കുന്നത്.

<u>രണ്ടാംകുട്ടി</u>—മന്ഥരയ്ക്കു ഇനി സുഖമായിപ്പോയി.

<u>മന്ഥര</u>—എനിക്കു അല്ലെങ്കിലെന്താണ് സുഖക്കേട്?

<u>മൂന്നാംകുട്ടി</u>—അതല്ലേ പറയുന്നു? മന്ഥരക്കെന്താണ് കൈ ഒടിഞ്ഞിരിക്കുന്നുവൊ, കാലൊടിഞ്ഞിരിക്കുന്നുവൊ, കണ്ണു പൊട്ടീട്ടുണ്ടൊ?

<u>ഒന്നാംകുട്ടി</u>—കൂനുണ്ടൊ?

<u>മന്ഥര</u>—മതി കുട്ടികളെ, മതി. നിങ്ങളുടെ പരിഹാസം മതി. കൂനു ദൈവം തന്നതാണ്. അതിനെപ്പറ്റി അത്ര പരിഹസിക്കാനൊന്നുമില്ല. ദൈവം വിചാരിച്ചാൽ നിങ്ങൾക്കും കൂനുണ്ടാക്കാൻ പ്രയാസമില്ല. പരിഹാസം നന്നല്ല.

<u>രണ്ടാംകുട്ടി</u>—ശരിയാണ്. “പാരം പരിഹസിച്ചീടുന്നവർ കൾക്കു ഘോരനരകമെന്നുണ്ടുവേദോക്തിയും”—എന്നു നിങ്ങൾ കേട്ടിട്ടില്ലേ? ആട്ടെ, മന്ഥര ഇനി പേടി ക്കണ്ട. അശ്വിനിദേവകൾ അയോദ്ധ്യയിൽ എഴു

ന്നൊള്ളുന്ന നിമിഷത്തിൽ കൂന മാറി മന്ഥര നമ്മെപ്പോലെ ആയിത്തീരും.

**ഒന്നാംകുട്ടി**—ആവു, മന്ഥരയ്ക്കു കൂനില്ലെങ്കിൽ എന്തൊരു സുന്ദരിയായിരിക്കും! കൈകയിദേവികൂടി ഇത്ര സുന്ദരിയായിരിക്കയില്ല. നിശ്ചയം.

**മന്ഥര**—കുട്ടികളെ, നിങ്ങൾക്കു എന്തൊ ആപത്തു നേരിട്ടിരിക്കുന്നു. നിങ്ങളെപ്പോലുള്ള കുട്ടികളുള്ള രാജ്യത്തിനും അതിലെ രാജാവിനും എന്തൊ അനൎത്ഥം നേരിടാതിരിക്കയില്ല.

**ഒന്നാംകുട്ടി**—ഓഹോ, രാജദ്രോഹി, നീ രാജാവിന്നു അനൎത്ഥം ആശംസിക്കുന്നുവൊ? മഹാപാപി, അനൎത്ഥമൊ? നീ അറിഞ്ഞിട്ടില്ലെ, ഇല്ലെങ്കിൽ പറഞ്ഞുതരാം. നാളെ ശ്രീരാമദേവനെ യുവരാജാവാക്കി അഭിഷേകം ചെയ്യുന്നു. കേട്ടിട്ടില്ലെങ്കിൽ ഇപ്പോൾ കേട്ടോളു. അതിന്നാണ് ഞങ്ങൾ രാജവീഥി അലങ്കരിക്കുന്നത്. അതുകൊണ്ടാണ് ഞങ്ങൾ സന്തോഷിച്ചു പാടുന്നത്. രാജ്യത്തിന്നു അനൎത്ഥമൊ, രാമദേവൻ യുവരാജാവായാൽ രാജ്യത്തിന്നു അനൎത്ഥമൊ, മഹാപാപി? ഇത്ര ശാന്തനും ധൎമ്മിഷ്ഠനും സത്യവാനും പരോപകാരതൽപരനും മഹാത്മാവുമായ ശ്രീരാമസ്വാമി യുവരാജാവാകുന്ന അവസരത്തിൽ നീ അമംഗളം പറയുന്നുവോ കൂനി?

**മന്ഥര**—നിങ്ങളുടെ ധിക്കാരം മതി. നിങ്ങൾ പാടുവിൻ, നിങ്ങളാടുവിൻ, മദിക്കുവിൻ, സന്തോഷിക്കുവിൻ.

ശ്രീരാമൻ യുവരാജാവ്! ആട്ടെ, അതു കാണാമല്ലൊ. ചെറുപ്പത്തിൽ അയാൾ എന്റെ കൂനിന്മേൽ കല്ലേറിഞ്ഞു പരിഹസിച്ചതു് ഞാൻ മറക്കുമൊ? ഈ കൂനു് എന്റെ പ്രാണനുള്ള കാലത്തോളം ഞാൻ മറക്കുകയില്ല. പ്രതികാരത്തിന്നുള്ള അവസരം ഇതാണു്. (ബദ്ധപ്പെട്ടു പോകുന്നു.)

<u>കുട്ടികൾ</u>—(പാടുന്നു)

സുരുട്ടിരാഗം— ആദിതാളം.

(ഇന്നാളവലഗാതെ—എന്നമട്ടു്)

പോടീ നീ പോടി പോടീ, പോടി കൂനീ,
എന്തുനീ ചെയ്യുവാ, നെന്തുനീ ചെയ്യുവാൻ?
ചെന്താമരാക്ഷനോടു— (പോടീനീ—)

താമരസാക്ഷനെ, രാമനെ, രാജനെ,
നീമതിയോ, പെണ്ണേ ഭീപെടുത്തീടുവാൻ?
നീയാരൊ, രാമനാരൊ,
പൊല്ലാപ്പു ചൊല്ലാതെ, (പോടീനീ—)

ബാലനിശേശനെ, താരക വാഹനെ,
ശപാവിളിച്ചോപെണ്ണേ ഭീപെടുത്തീടുവാൻ,
പാപീനീ, പോ, കൂനീ
നാശങ്ങളേശാതെ,—(പോടീനീ—)

(ഒരു സന്ന്യാസി പ്രവേശിക്കുന്നു.)

<u>സന്ന്യാസി</u>—കുട്ടികളെ നിങ്ങൾ ആരെയാണു് ഇങ്ങിനെ അപഹസിക്കുന്നതു്.

ഒന്നാംകുട്ടി—മഹാനുഭാവനായ അങ്ങേക്കു നമസ്കാരം. മന്ഥരയെന്ന കൂനി മഹാരാജാവിനെയും രാമദേവനേയും അയോധ്യയിലെ പൌരന്മാരെയും ശപിച്ചതുകേട്ട കോപംകൊണ്ടു ഞങ്ങൾ ആ വിധം പറഞ്ഞുപോയതാണ്.

സന്ന്യാസി—നിങ്ങൾ ആ കൂനിയുടെ അംഗഭംഗത്തെ അടിസ്ഥാനമാക്കി അവളെ പരിഹസിച്ചു ഇല്ലെ? ശരി. എനിക്കു മനസ്സിലായി. നിങ്ങൾ ചെയ്തതു വലിയ തെററാണ്. നിങ്ങൾ തൽക്കാലത്തെ വിനോദത്തിന്നു വേണ്ടി പറഞ്ഞതായിരിക്കാം. എന്നാൽ അതുകൊണ്ട് എന്തെല്ലാം അനർത്ഥം ആർക്കെല്ലാം ഉണ്ടാവാൻ സംഗതിയുണ്ടെന്നു നിങ്ങൾക്കു ഇപ്പോൾ ഊഹിപ്പാൻ കഴികയില്ല. എത്രയോ ശിഥിലമായ ഈ കാര്യത്തിൽനിന്നു എത്ര ഭയങ്കരമായ അനർത്ഥങ്ങൾ അനുഭവമാകുമെന്നു നിങ്ങൾ ക്രമേണ അറിയും. ആരേയും പരിഹസിക്കരുതു. ആരുടെയും മനസ്സു വേദനപ്പെടുത്തുന്ന കാര്യങ്ങൾ പറകയോ ചെയ്കയോ ചെയ്യരുതു.

രണ്ടാംകുട്ടി—ഭഗവാനെ, ഇവിടുന്നു അരുളിച്ചെയ്തതു കേട്ടു ഞങ്ങൾ വളരെ ഭയപ്പെടുന്നു.

സന്ന്യാസി—ഇനി ഭയപ്പെട്ടിട്ടു ഫലമില്ല. ചെയ്യേണ്ടതു ചെയ്തു- പറയേണ്ടതു പറഞ്ഞു. അതിന്റെ ഫലം അനുഭവിക്കാതെ നിവൃത്തിയില്ല. മന്ഥര എന്താണ് പറഞ്ഞത്?

ഒന്നാംകുട്ടി__“ശ്രീരാമൻ യുവരാജാവാകുന്നതു കാണാമല്ലോ. അയാൾ ചെറുപ്പത്തിൽ എന്റെ കൂനിന്മേൽ കല്ലെറിഞ്ഞതു ഞാൻ മറന്നിട്ടില്ല. പ്രതികാരത്തിനുള്ള അവസരമാണിതു്”_ എന്നാണു് അവൾ പറഞ്ഞതു്.

സന്ന്യാസി__കഷ്ടം! ഈ വക മംഗളകർമ്മങ്ങളെ അമംഗളമാക്കാൻ വെറും നിസ്സാരന്മാർ വിചാരിച്ചാലും സാധിക്കും. അഥവാ, ഈശ്വരകല്പിതം വല്ലവർക്കും തട്ടുപ്പാൻ കഴിയുമൊ?

ഒന്നാംകുട്ടി__ഇവിടുന്നു അങ്ങിനെ പറഞ്ഞതിന്റെ അർത്ഥമെന്താണു്? രാമചന്ദ്രനു വല്ല സങ്കടവും വരാൻ പോകുന്നുണ്ടോ?

സന്ന്യാസി__കുട്ടികളായ നിങ്ങൾക്കു് അതൊന്നും അറിഞ്ഞിട്ടു ആവശ്യമില്ല. നിങ്ങൾ പാടി കളിച്ചുകൊൾവിൻ.

(സന്ന്യാസി പോയി)

ഒന്നാംകുട്ടി__എനിക്കു ഈ സന്ന്യാസിയുടെ വാക്കുകേട്ടു വളരെ ഭയമാകുന്നു. നമ്മൾ ചെയ്യുന്നതു തെറ്റിപ്പോയെന്നല്ലെ തോന്നുന്നതു്. ഇനി നാം എന്താണു് ചെയ്യേണ്ടതു്.

മൂന്നാംകുട്ടി__നമ്മൾ പോയി കൌസല്യാദേവിയോടു ഈ വിവരം പറയുക.

ഒന്നാംകുട്ടി__അതാണു് നല്ലതു്.

(എല്ലാവരും പോയി)

## രംഗം 2.

(മന്ഥരയും കൊട്ടാരത്തിലെ ഒരു ദാസിയും പ്രവേശിക്കുന്നു.)

മന്ഥര__കൈകയിദേവി ഈ വൎത്തമാനം കേവലം അറിഞ്ഞിട്ടില്ലെന്നാണൊ നീ പറയുന്നത്?

ദാസി__ഇല്ല. അറിഞ്ഞിട്ടില്ല. ഞാൻ ഇതാ മഹാരാജ്ഞിയുടെ അടുക്കൽനിന്നാണ് വരുന്നത്. അങ്ങിനെ ഒരു വിവരം അറിഞ്ഞിരുന്നുവെങ്കിൽ അതിനെപ്പററി എന്നോടും മററു ദാസികളോടും പറയാതെ ഇരിക്കയില്ല.

മന്ഥര__മഹാരാജാവു ഇന്നലെ രാത്രി എവിടെയായിരുന്നു?

ദാസി__കൌസല്യാദേവിയുടെ കൊട്ടാരത്തിലായിരുന്നു.

മന്ഥര__ശരി. ഭരതനും ശത്രുഘ്നനും എവിടെയാണുള്ളത്.

ദാസി__ആ വിവരം നിങ്ങൾ അറിഞ്ഞിട്ടില്ലെ?

മന്ഥര__ഞാൻ പോയിട്ട് ഒരു മാസമായില്ലെ. ഇന്നു കാലത്തെയാണ് മടങ്ങിവന്നത്. മടങ്ങി ഞാൻ വീട്ടിൽ പോയിട്ടുകൂടി ഇല്ല.

ദാസി__രാജകുമാരന്മാർ ഇരുവരും കേകയരാജ്യത്ത്പോയിട്ട് അല്പദിവസമായല്ലൊ. യുധാജിത്ത്രാജാവിന്റെ ക്ഷണനപ്രകാരമാണത്രെ ഭരതദേവൻ പോയത്. ശത്രുഘ്നദേവനും ഒന്നിച്ചുപോയി.

മന്ഥര — അങ്ങിനെയാണൊ? അവർ ഇന്ന മടങ്ങിവരുമൊ?

ദാസി — അതിൻെറ യാതൊരു വിവരവുമെനിക്കില്ല. എപ്പോഠം മടങ്ങിവരുമെന്നും നിശ്ചയമില്ല.

മന്ഥര — അഭിഷേകത്തിന്ന വന്നുചേരാൻ അവരെ ക്ഷണിച്ചിരുന്നില്ലെന്നൊ?

ദാസി — അതും എനിക്ക നിശ്ചയമില്ല.

മന്ഥര — ആട്ടെ, നീ ഇപ്പോഠം എങ്ങട്ടാണ് പോകുന്നത്?

ദാസി — ഞാൻ മടങ്ങി കൊട്ടാരത്തിലേക്കതന്നെ പോകയാണ്.

മന്ഥര — നിന്നോട്ട മറ്റൊരു കാൎയ്യം ചൊദിക്കണമെന്ന വെച്ചാണ് നിന്നെ വിളിച്ച നിറുത്തിയത്. കഴിഞ്ഞപ്രാവശ്യം ഞാൻ കൈകയിദേവിയോട്ട സംസാരിച്ചുകൊണ്ടിരിക്കുമ്പോഠം, ഞാൻ ഉടുത്തിരുന്ന ചേല തന്നെ നീ നോക്കിക്കൊണ്ടിരിക്കുന്നത് കണ്ടിരുന്നുവല്ലൊ? എന്താണ് നിണക്ക് ആ ചേലയോട്ട ഇത്ര ആഗ്രഹമുണ്ടൊ?

ദാസി — എനിക്ക് ആഗ്രഹമുണ്ടായിട്ടെന്താണ്? അത്ര നല്ല ചേലധരിപ്പാൻ എനിക്ക യോഗ്യതയുണ്ടൊ? ആവിധമൊന്ന വാങ്ങാൻ എനിക്ക് പണമുണ്ടൊ?

മന്ഥര — നീ വിലകൊടുത്തു വാങ്ങേണമെന്ന് ആർ പറഞ്ഞു? ആ ചേല ഞാൻ നിണക്ക് സമ്മാനിക്കാൻ

വിചാരിക്കുന്നു. നാളരാവിലെ നീ വീട്ടിൽവരണം. കേട്ടുവോ ?

ദാസി—(വിചാരം) എന്താണാവോ എന്നോടു ഇത്ര പെട്ടെന്നു ഇത്ര ദയയുണ്ടാവാൻ കാരണം. (പ്രത്യക്ഷം)- എനിക്ക് വളരെ സന്തോഷമായി. നാളെ ശ്രീരാമദേവൻെറ അഭിഷേകാവസരത്തിൽ എനിക്ക് ആ ചേല ധരിക്കാമല്ലൊ. അഭിഷേകത്തിൻെറ ഓമ്മയായി ഞാൻ അതു മരിക്കുന്നതുവരെ സൂക്ഷിക്കും. എന്നാൽ ഞാൻ ഇപ്പോൾ പോകട്ടെ. മഹാരാജ്ഞി എന്നെ കാണാതെ കോപിക്കുന്നുണ്ടായിരിക്കും. ( പോകാൻ ഭാവിക്കുന്നു )

മന്ഥര—നോക്കൂ- പോകാൻ വരട്ടെ; നീ ഒരു കാൎയ്യം വേണം. എന്നെ കണ്ടവിവരം മഹാരാജ്ഞിയെ അറിയിക്കരുത്.

ദാസി—ഒരിക്കലുമില്ല. ചേലക്കു ഞാൻ നാളെ എപ്പഴാണ് വരേണ്ടത്.

മന്ഥര—രാവിലെ വന്നാലു. നാളേക്കു അഭിഷേകം നിശ്ചയിച്ച വിവരം മഹാരാജ്ഞി ഇനിയും അറിഞ്ഞിട്ടില്ലെങ്കിൽ നീ അതു പറയേണമെന്നില്ല. ഞാൻതന്നെ വന്നു ദേവിയെ അറിയിച്ചുകൊള്ളാം.

ദാസി—അങ്ങിനെ ആവട്ടെ. വിവരം ആദ്യം അറിയിക്കുന്ന ആൾക്ക് മഹാരാജ്ഞി വല്ല സമ്മാനവും കൊടുക്കാതിരിക്കയില്ല.

മന്ഥര — അങ്ങിനെ വല്ലതും കിട്ടിയെങ്കിൽ അതു ഞാൻ നിണക്കു തരും. നീ ഇപ്പോൾ പോയിക്കോളു.

ദാസി — ചേലക്കു രാവിലെ എത്ര മണിക്കു വരേണമെന്നാണ് പറഞ്ഞത് ?

മന്ഥര — നന്ന രാവിലെ വന്നോളു.

ദാസി — അങ്ങിനെയാവാം. അവിടെത്തന്നെ ഉണ്ടാകുമല്ലൊ. ഞാൻ പോകുന്നു.

( ദാസി പോയി )

മന്ഥര — (വിചാരം)

ഈ അഭിഷേകം നിശ്ചയമായും മുടക്കണം. അതു മന്ഥര വിചാരിച്ചാൽ സാധിക്കും. ആ ചെറിയ പെൺകുട്ടികൾ എന്നെ പരിഹസിച്ചതു കണ്ടില്ലെ ? എന്നെ ഇവരൊക്കെ എന്തറിഞ്ഞു ? രാമനും തന്നെയും എന്നെ പരിഹാസം. ഞാൻ ഒരു കൂനി ! കൂനിക്കു ചെയ്യാൻ കഴിയുന്ന വൻകാര്യങ്ങളും ഉണ്ടെന്നു ധരിക്കട്ടെ. അംഗഭംഗമല്ല കാര്യം_ ലോകം മുഴുവൻ പ്രകാശിക്കുന്ന സൂര്യഭഗവാൻെറ സാരഥി ആരാണ് ? പംഗുവല്ലെ ? എൻെറ നാവ് എൻെറ വായിലും, ബുദ്ധി തലയിലും ഉള്ള കാലത്തു ഞാൻ ഈ അഭിഷേകം മുടക്കി രാമനെ കാട്ടിലാക്കും.

( അണിയറയിൽ പാട്ടുകേൾക്കുന്നു )

(കുമ്മി)

ആടിക്കളിക്കുവിൻ തോഴിമാരെ,
പാടിരസിക്കുവിൻ മോദമോടെ,
ആടിയും പാടിയും, തേടിയും മോദത്തെ
കൂടിക്കളിക്കുവിനാസ്ഥയോടെ.

ആശകൾപത്തും രഥംനടത്തും
രാജാദശരഥൻ വാണിടേണം;
മിത്രം കളത്രങ്ങൾ പുത്രരുമൊന്നിച്ചു
പാരിതലംതന്നിൽ ജയിച്ചിടേണം.

പണ്ടുസുരാസുരസംഗരത്തിൽ
കണ്ടിപാർവേണിയാം കൈകയിയെ
കൊണ്ടുപോയ്തന്നുടെ പാടവംകാണിച്ച
ചണ്ഡപരാക്രമൻ വാണിടേണം.

മന്ഥര — ഹാ. എനിക്കു ഈ പാട്ടു കേട്ടപ്പോൾ മറന്നുകിടന്നിരുന്ന ഒരു കാര്യം ഓർമ്മവന്നു. അതു ഈശ്വരവിലാസം തന്നെ. പണ്ടു കൈകയിദേവിയെ സുരാസുരയുദ്ധത്തിൽ കൊണ്ടുപോയ കഥയല്ലെ, ഇവർ പാടിയതു്. അതു മടങ്ങിവന്നപ്പോൾ മഹാരാജ്ഞി എന്നോടു പറഞ്ഞതു ഞാൻ മറന്നിട്ടില്ല. ആ കഥ ഇവർ എന്നെ ഓർമ്മപ്പെടുത്തിയതു നന്നായി. കാര്യങ്ങൾ എങ്ങിനെയെല്ലാം യോജിച്ചുവരുന്നു! ഈ പാട്ടു കേട്ടിരുന്നില്ലെങ്കിൽ ഈ കഥ ഞാൻ ഓർമ്മിക്കയില്ലായിരുന്നു. ആട്ടെ ഞാൻ മഹാരാജ്ഞിയെ ചെന്നു കാണട്ടെ.

(പോയി)

## രംഗം. 3

( കൌസല്യയും സീതയും പ്രവേശിക്കുന്നു )

കൊസല്യ—മകളെ, നാളെ മുതല്ക്കു നിണക്കു വലുതായ ഭാരവാഹിത്വം ഉണ്ടായിരിക്കുന്നു. ഇതുവരെ നീ വെറും ഒരു കുട്ടിയായിരുന്നു. നാളെമുതൽ ഒരു രാജ്ഞിയായി. ഇത്ര പെട്ടെന്നുണ്ടാകുന്ന ഈ മാററത്തെപ്പററി നീ വിസ്മയിക്കാനൊന്നുമില്ല. രാമൻ ശിവചാപം മുറിച്ച ആ തീയ്യതി മുതൽ നീ പ്രതീക്ഷിക്കേണ്ടിയിരുന്ന ഒരു പദവിയാണിത്. എന്നെന്നില്ലാതെ നീ ഒരു മഹാരാജ്ഞിയായിതീരുമെന്നു അന്നുതന്നെ– ആ നിമിഷത്തിൽതന്നെ– നീ ധരിക്കേണ്ടതായിരുന്നു. നിന്റെ വിനയസ്വഭാവംകൊണ്ടു നിണക്ക് അങ്ങിനെ ഒരു വിചാരം ഉണ്ടായിരുന്നില്ലായിരിക്കാം.

സീത—അമ്മെ, ഞാൻ ഒരു കാലത്തു ഒരു മഹാ രാജ്ഞിയായിത്തീരുമെന്നുള്ളതു ഒരിക്കലെങ്കിലും എന്റെ മനസ്സിൽ കൂടി കടന്നുപോയിട്ടുകൂടി ഇല്ല. എനിക്കു വല്ല അഭിമാനവും ഉണ്ടായിരുന്നുവെങ്കിൽ അതു ഒരു മഹാത്മാവിന്റെ ഭാൎയ്യയാവാനുള്ള ഭാഗ്യമുണ്ടായിരിക്കുന്നുവെന്നു മാത്രമാണ്. ഇപ്പോൾ ഉണ്ടാവാൻ പോകുന്ന മാററം ഇന്നവിധമായിരിക്കുമെന്നു എനിക്കു ഊഹിപ്പാൻപോലും കഴിയുന്നില്ല. അഥവാ, മഹാരാജ്ഞിയും സ്ത്രീതന്നെയല്ലെ? ഒരു രാജ്ഞിയായി

കഴിഞ്ഞാൽ എന്റെ പ്രകൃതിക്കും സ്വഭാവത്തിന്നും എങ്ങിനെയാണ് ഒരു മാററം ഉണ്ടാവുകയെന്ന എനിക്ക മനസ്സിലാകുന്നില്ല.

കൌസല്യ—നിണക്ക മനസ്സിലാകാത്തതിൽ അത്ഭുതപ്പെടാനില്ല മകളെ. പ്രകൃത്യാ വിനയഗുണാന്വിതയായ നിണക്ക അത്ര മനസ്സിലാകയില്ല. എന്നാൽ ഞാൻ നിന്നോട്ട പറഞ്ഞുതരാം. ഞാൻ പറയുന്നതിന്റെ തത്വം നീ നിന്റെ ചുററം നോക്കുന്നതായാൽ നിണക്കുതന്നെ നല്ലവണ്ണം ധരിപ്പാൻ സാധിക്കും. അധികാരവലിപ്പത്തിന്ന് ആഗ്രഹിക്കുന്ന ജനങ്ങൾ വളരെ ഉണ്ട്. അധികാരം കിട്ടിക്കഴിഞ്ഞാൽ അങ്ങിനെയുള്ളവർ സ്വാൎത്ഥത്തിന്നുവേണ്ടി പല അന്യായങ്ങളും പ്രവൎത്തിക്കുന്നതു കാണാം. തങ്ങൾക്ക സ്നേഹമുള്ളവരെ സഹായിക്കണം, ഈൎഷ്യയുള്ളവരെ ദ്രോഹിക്കണം, എന്നല്ലാതെ ന്യായം പ്രവൎത്തിച്ച ലോകത്തിൽ ക്ഷേമം ഉണ്ടാക്കണമെന്ന വിചാരിക്കുന്നവർ ദുൎല്ലഭമായിരിക്കും. ന്യായം പരിപാലിപ്പാനും സാധുക്കളെ സംരക്ഷിപ്പാനുമാണ് അധികാരം ഉപയോഗിക്കേണ്ടത്. സ്വാൎത്ഥം പരിപാലിപ്പാനും സാധുക്കളെ ദ്രോഹിപ്പാനുമല്ല.

സീത—അമ്മെ, ഞാൻ രാവണൻ എന്നൊരു രാക്ഷസനെപ്പററി കേട്ടിട്ടുണ്ട്. ഇന്നാൾ അരുന്ധതീദേവി അവനെപ്പററി പറഞ്ഞിരുന്നു. അങ്ങിനെയുള്ള രാക്ഷസന്മാരല്ലാതെ അധികാരമത്തന്മാരായി വല്ലതും പ്രവൎത്തിക്ക പതിവുണ്ടോ ?

കൌസല്യ—സീതെ, നീ കുട്ടിയാണ്. നിണക്കു ലോകം അറിഞ്ഞുകൂടാ. അറിവാനുള്ള പ്രായവും ആയിട്ടില്ല. സത്യസന്ധന്മാരാണെന്നു ശ്രുതിപ്പെട്ട മഹാരാജാക്കന്മാർപോലും അധികാരമത്തന്മാരെപോലെ പ്രവൎത്തിക്കേണ്ടിവരാം.

സീത—അമ്മ പറഞ്ഞതു എനിക്കു അശേഷം മനസ്സിലായില്ല.

കൌസല്യ—രാവണരാക്ഷസൻ അവന്റെ സഹജമായുള്ള ദുസ്സ്വഭാവം കൊണ്ടാണ് ആവിധം പ്രവൎത്തിക്കുന്നത്. മഹാന്മാരായ ചിലർ അവർ സ്നേഹിക്കുകയൊ അവൎക്കു അനുരാഗം ഉണ്ടായിത്തീരുകയൊ ചെയ്യുവരെ സന്തോഷിപ്പിക്കാൻ വെണ്ടി ചിലപ്പോൾ രാക്ഷസപ്രവൃത്തി ചെയ്യേണ്ടിവരും. അതുകൊണ്ടാണ് നിണക്കു ഭാരവാഹിത്വമുള്ള ഒരു പദവിയാണ് കിട്ടാൻ പോകുന്നതെന്നു നിന്നെ ഞാൻ ഓൎമ്മപ്പെടുത്തുന്നത്. എന്റെ മകൻ രാമന്റെ സ്വഭാവം ഞാൻ നല്ലവണ്ണം അറിയും. നിന്നെ സന്തോഷിപ്പിക്കാൻപോലും അവൻ അന്യായകൎമ്മം ചെയ്കയില്ല. രാജാവിന്റെ പ്രഥമകൃത്യം പ്രജകളുടെ ക്ഷേമത്തെ പരിപാലിക്കുകയാണെന്നു അവന്നറിയാം. അതുപോലെതന്നെ അവൻ പ്രവൎത്തിക്കയും ചെയ്യും. പ്രജകളുടെ ക്ഷേമത്തെ പരിപാലിക്കുന്നതിൽ അവൻ പ്രാണവല്ലഭയായ നിന്റെ ഹിതത്തെപോലും അനുവൎത്തിച്ചില്ലെന്നു വരാം. ആ കാൎയ്യത്തിൽ എനിക്കു ധൈൎയ്യമുണ്ട്.

അതുകൊണ്ടു നീ രാമനു യഥാൎത്ഥത്തിൽ സഹധൎമ്മ ചാരിണിയായിരിക്കണം. നിൻെറ സ്വന്തം കാൎയ്യ സാദ്ധ്യത്തിന്നുവേണ്ടി രാജകാൎയ്യത്തിന്നു വിഘ്നം വരു ത്തത്തക്ക യാതൊന്നും ചെയ്യരുതു. അവൻെറ ഗുണ ത്തെ ദുൎവ്വിനിയോഗപ്പെടുത്താൻ ഇടവരുത്തരുതല്ലൊ.

സീത—അമ്മ ഒടുവിൽ പറഞ്ഞതിൻെറ അൎത്ഥം ഞാൻ ഗ്രഹിച്ചില്ല.

കൌസല്യ—ഞാനതു വിവരിച്ചു പറഞ്ഞുതരാം. രാമൻ ഒരിക്കൽ ഒരു വാക്കു പറഞ്ഞുപോയാൽ അതിന്നു വിപരീതമായി പ്രവൎത്തിക്കയില്ല. അങ്ങിനെയുള്ളവ നെകൊണ്ടു നിൻെറ ആവശ്യത്തിന്നുവേണ്ടി വല്ല സത്യവാക്കും പറയിക്കരുതു. അങ്ങിനെ ചെയ്യുന്ന തായാൽ അവൻെറ സത്യസ്വഭാവത്തെ ദുൎവ്വിനിയോഗ പ്പെടുത്താൻ സംഗതിവരുത്തുകയാണ്. ചുരുക്കിപ്പറ ഞ്ഞാൽ നിൻെറയും ഭൎത്താവിൻെറയും ദേഹവും ജീവനും ഒന്നാണെന്നു കരുതണം. അവന്നു ഹിതമ ല്ലാത്തതൊ, അവന്നു അനുകൂലമല്ലാത്തതൊ, അവ ൻെറ ഉദ്ദേശത്തിന്നു അനുകൂലിക്കാത്തതൊ ആയ യതൊരു പ്രവൃത്തിയും നീ ചെയ്യരുതു; യാതൊന്നും പറയരുതു; യാതൊന്നും മനസ്സിൽ വിചാരിക്ക പോലും ചെയ്യരുതു. ലോകയാത്രയിൽ ഭാൎയ്യയും ഭൎത്താവും ഒരേദിക്കിൽ എത്താൻ, ഒരേവഴിക്കു പോകു ന്ന, തോണി തുഴയുന്നവരാണെന്നു വിചാരിക്കണം.

നല്ല ശാന്തമായ കടലിലും, കാററും കോളുമുള്ള കടലിലും, നിങ്ങൾ അന്യോന്യ സഹായികളായി ഒത്തു തുഴയണം. അല്ലാതിരുന്നാലുള്ള ഫലം നിങ്ങൾക്കറിയാമല്ലൊ.

സീത—അമ്മെ, ഞാൻ നിങ്ങൾ പറഞ്ഞുതന്നിട്ടുള്ളതിന് അനുസരിച്ചല്ലാതെ ഒരിക്കലും പ്രവൎത്തിക്കയില്ല. ഒരു മഹാരാജ്യം ഭരിക്കുന്ന രാജാവാണ് എന്റെ ഭൎത്താവെങ്കിൽ ഞാൻ അദ്ദേഹത്തിന്റെ സഹധൎമ്മിണിയായ ഭാൎയ്യ; വനാന്തരത്തിൽ സഞ്ചരിച്ചുഴലുന്ന ഒരു നിൎഭാഗ്യനാണ് എന്റെ ഭൎത്താവെങ്കിൽ അവിടെയും ഞാൻ അദ്ദേഹത്തിന്റെ സഹധൎമ്മിണിയായ ഭാൎയ്യ.

കൌസല്യ—മകളെ, നിന്റെ വാക്ക കേട്ട ഞാൻ വളരെ സന്തോഷിക്കുന്നു. നിണക്ക ഒരു മഹാരാജ്ഞിയായി ഇരിക്കാനല്ലാതെ മറിച്ച യോഗം വരുന്നതല്ല. നീ ഇവിടെ വരുമ്പോൾ നിണക്ക കഷ്ടിച്ച് എട്ടുവയസ്സെ ഉണ്ടായിരുന്നിരിക്കയുള്ളൂ. അന്നുമുതൽ ഞാൻ നിന്റെ സൎവ്വ പ്രവൃത്തികളേയും സൂക്ഷിച്ചുവരാറുണ്ട്. നീ നിന്റെ ഭൎത്താവിനെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. എന്നു മാത്രമല്ല, പതിവ്രതമാൎക്ക ഭൎത്താവാണ് ദൈവമെന്നുള്ള ആപ്തവാക്യത്തെ നീ അക്ഷരംപ്രതി അനുഷ്ഠിക്കുന്നുണ്ട്. ഭൎത്താവിനെ മാത്രമല്ല, ഭൎത്താവിന്റെ അമ്മയായ എന്നെയും എന്റെ സപത്നിമാരായ മററ രണ്ട് അമ്മമാരെയും നീ ഒരുപോലെ സ്നേഹിച്ച ബഹുമാനിക്കുന്നു.

രാമന്റെ സഹോദരന്മാരോടു നീ യാതൊരു അനാദരവും കാണിക്കുന്നില്ല. അവർ നിന്നെയും വളരെ ബഹുമാനിക്കുന്നു. ഇവിടെയുള്ള ഭൃത്യജനങ്ങൾ പോലും നിന്നെപ്പറ്റി അത്യന്തം സന്തോഷിക്കുന്നു. നീ ഒരാളോടും ഒരിക്കലും ഒരു കോപവാക്കുകൂടി പറഞ്ഞതായി എനിക്കു ഓൎമ്മയില്ല. നിന്നെപ്പോലെയുള്ള ഒരു പെൺകുട്ടിയെ ഭാൎയ്യയായി ലഭിക്കാൻ വളരെ പുണ്യം ചെയ്യണം. നിന്റെ പേർ ലോകമുള്ളന്നും സതീരത്നത്തിന്നു പൎയ്യായമായി പ്രശോഭിക്കും. ഞാൻ ഇതൊക്കെ നിന്നോടു ഇപ്പോൾ തുറന്നുപറഞ്ഞതു് എന്തിന്നാണെന്നു നീ സംശയിക്കും. നിണക്കു് ഇതുവരെ ഉണ്ടായ നല്ല പേരിനെ നീ മലിനപ്പെടുത്താതെ പരിപാലിച്ചുകൊള്ളണം. മനുഷ്യൎക്കുള്ള നല്ല പേർ അവർ അറിഞ്ഞിരിക്കണം. എന്നാൽ മാത്രമെ അതിനെ പരിപാലിക്കാൻ അവൎക്കു തൃഷ്ണയുണ്ടാകയുള്ളൂ. നമ്മുടെ ഗുണങ്ങളേപ്പറ്റി കേൾക്കുമ്പോൾ നാം അഹംകരിക്കയല്ല വേണ്ടതു്. ബുദ്ധിയും ആലോചനയും ഉള്ളവരാരും അങ്ങിനെ ചെയ്കയില്ലല്ലൊ.

സീത—അമ്മെ, എനിക്കു വല്ല ഗുണവും ഉണ്ടെങ്കിൽ നിങ്ങളുടെയും മററും സമ്പൎക്കം കൊണ്ടുണ്ടായതാണു്. ഞാൻ ഇവിടെ വരുമ്പോൾ എനിക്കു് ഇതു വെറും ഒരു അന്യഗൃഹമായിരുന്നില്ലെ? നിങ്ങൾ എന്നോടു പെരുമാറുകയും എന്നെ രക്ഷിച്ചുപോരുകയും എന്നെ ഉപദേശിച്ചു ശിക്ഷിക്കയും ചെയ്യുതിൽ കാണിക്കുന്ന

കാരുണ്യസ്വഭാവംകൊണ്ടല്ലയൊ എനിക്ക് ഈ ഗൃഹം സ്വൎഗ്ഗലോകതുല്യമായത്. അതുകൊണ്ടു അമ്മ ഇതൊന്നും പറയേണമെന്നില്ല. സീതയുടെ പേർ ലോകത്തിൽ സൽഗുണത്തിന്നു പൎയ്യായമായി പ്രചരിക്കുമെങ്കിൽ അതു സീതയുടെ ഗുണംകൊണ്ടു മാത്രമല്ലെന്നു ലോകം മനസ്സിലാക്കും. ഇങ്ങിനെയുള്ള ഒരു ഭൎത്താവിന്റെ കീഴിൽ, ഇങ്ങിനെയുള്ള അമ്മമാരുടെ ശിക്ഷയിൽ, വളൎന്നുകൊണ്ടുള്ള അനുഭവമാണ് അതെന്നു ലോകം അറിയും.

കൌസല്യ—സീതെ, നീ അരുന്ധതീദേവിയെപോലെ സംസാരിക്കുന്നു. നിന്നെയും നിന്റെ ഭൎത്താവിനേയും സൎവ്വേശ്വരി കാത്തുരക്ഷിക്കട്ടെ. എന്റെ വാക്കുകൾ കേട്ടിട്ടു നിന്റെ മനസ്സു വളരെ ക്ഷോഭിച്ചിട്ടുണ്ടായിരിക്കാം. നമ്മൾ രണ്ടുപേരുടേയും മനസ്സു കുറെ വിശ്രമിക്കട്ടെ. നീ ഒരു പാട്ടു പാടു.

(സീത ഒരു പാട്ടു പാടുന്നു.)

കൌസല്യ—ഇനി എന്റെ മകൾ പോയി വിശ്രമിച്ചോളു. എന്താണ് തെരുവിൽ ഒരു പാട്ടു കെൾക്കുന്നത്. [ അണിയറയിൽ കുട്ടികളുടെ പാട്ടു, രണ്ടുപേരും ശ്രദ്ധിച്ചതിന്നശേഷം ]

കൌസല്യ—എന്റെ പോറമക്കൾ അഭിഷേകത്തെ സൂചിപ്പിച്ചു സന്തോഷിച്ചു പാടുകയാണ്. അവർ ഇങ്ങോട്ടാണ് വരുന്നത്. സീതെ, നിണക്കിന്നു വ്രതമല്ലെ, നീ ഇവിടെ നില്ക്കേണമെന്നില്ല.

( സീത പോകുന്നു_ കുട്ടികൾ പ്രവേശിക്കുന്നു )

കൌസല്യ—കുട്ടികളെ, നിങ്ങൾ ഇത്ര ബദ്ധപ്പെട്ടു വന്നതിൻെറ സംഗതി എന്താണു്?

ഒന്നാംകുട്ടി—അമ്മെ, ഞങ്ങൾ രാമദേവൻെറ കൊട്ടാരത്തിന്നു മുമ്പിലുള്ള രാജവീഥി മുഴുവൻ അലങ്കരിച്ചു കഴിഞ്ഞു.

കൌസല്യ—നല്ലതു്.

ഒന്നാംകുട്ടി—ഞങ്ങൾ അവിടെ അലങ്കരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു സംഭവമുണ്ടായി.

കൌസല്യ—അതെന്തായിരുന്നു?

ഒന്നാംകുട്ടി—അവിടെ മന്ഥരവന്നു. ഞങ്ങൾ പാടിക്കളിക്കുന്നതെന്തിനാണെന്നു ചോദിച്ചു. അവൾ അഭിഷേകവൎത്തമാനം അറിയാഞ്ഞതിനെപ്പററി ഓൎത്തു ഞങ്ങൾ അവളെ പരിഹസിച്ചു. അവൾ കോപിച്ചു, പലതും പറഞ്ഞു. അപ്പോൾ ഞങ്ങൾ അഭിഷേകവൎത്തമാനം അവളെ അറിയിച്ചു. ഇതുകേട്ടപ്പോൾ അവൾ പൂൎവ്വാധികം കോപിച്ചു ചിലതു പുലമ്പി.

കൌസല്യ—അവൾ എന്താണു് പറഞ്ഞതു്.

ഒന്നാംകുട്ടി—ശ്രീരാമദേവൻ അവളെ ചെറുപ്പത്തിൽ പരിഹസിച്ചിരുന്നുവെന്നും അതുകൊണ്ടു ഈ അവസരത്തിൽ അതിന്നു പ്രതിക്രിയ ചെയ്യുമെന്നും അവൾ പറഞ്ഞു.

കൌസല്യ—ആട്ടെ അവൾ എന്തെങ്കിലും പറയട്ടെ. നിങ്ങൾ പോവിൻ. അതിനെപ്പറ്റി ആലോചിക്കേണ്ടതില്ല. ഈ വിവരം ആരോടും പറയേണ്ടതുമില്ല.

(കുട്ടികൾ പോകുന്നു)

കൌസല്യ—(വലത്തുകൈ ചലിക്കുന്നതായി നടിച്ചിട്ട്) ഹാ! ദൈവമെ ദുർല്ലക്ഷണങ്ങളും കാണുന്നുവല്ലൊ. ഈ മന്ഥര പരമദുഷ്ടയാണ്. മഹാരാജാവു കൈകേയിയിൽ വലഞ്ഞുമിരിക്കുന്നു. ഈശ്വരൻതന്നെ സഹായം.

(കർട്ടൻ.)

## അങ്കം 2. രംഗം 1.

[ ഒരു സോഫയിൽ ഇരുന്നുകൊണ്ടു കൈകയി പ്രവേശിക്കുന്നു. ഒരു ദാസി വീശിക്കൊണ്ടിരിക്കുന്നു ]

കൈകയി—ഞാൻ ഇന്നലെ ഒരു സ്വപ്നം കണ്ടു. അതിൻെറ അൎത്ഥം എന്തായിരിക്കുമെന്നു വസിഷ്ഠമഹൎഷിയെ കണ്ടെങ്കിൽ ചോദിക്കാമായിരുന്നു.

ദാസി—സ്വപ്നം എന്താണെന്നു അടിയനു കേൾക്കാമൊ?

കൈകയി—ഞാൻ എവിടെയൊ സഞ്ചരിക്കുകയായിരുന്നു. മഹാരാജാവും ഒന്നിച്ചുണ്ട്. ഞങ്ങൾ രണ്ടുപേരും കൂടി ഒരു മലയിടുക്കു കടന്നുചെന്നപ്പോൾ ഒരു ദിക്കിൽ വലിയൊരു വീടുകണ്ടു. അതിൻെറ സമീപത്തെങ്ങും ആരും ഇല്ല. കേവലം വിജനമാണെന്ന് തോന്നി. അപ്പോൾ രാക്ഷസിയെപോലുള്ള ഒരു സ്ത്രീ അടുത്തുവന്നിട്ട് എന്നെ തൊഴുതു.

ദാസി—രാക്ഷസിയെ കണ്ടപ്പോൾ തിരുമനസ്സിലേക്കു ഭയമുണ്ടായില്ലേ? ഇന്നാൾ അടിയൻ ഒരു രാക്ഷസനെ സ്വപ്നം കണ്ടു ഭയപ്പെട്ടു ഉറക്കെ കരഞ്ഞുപോയി.

കൈകേയി—എനിക്ക ഭയമൊന്നും ഉണ്ടായില്ല. പ്യന്ദ മാത്രമല്ല, രാക്ഷസിയെ കണ്ടപ്പോഠ ഞാൻ അവളെ എവിടെയൊ കണ്ടിരുന്നുവെന്ന തോന്നി. അവഠ എന്നോടു "ആ കാണുന്ന വീട്ടിൽ വളരെ വിലപിടിച്ച രത്നങ്ങഠ ഉണ്ട്, അവയിൽ വിശേഷിച്ച് വലിയൊരു രത്നമുണ്ട്, അതു ഭരതന്ന കഴുത്തിൽ കെട്ടി നടക്കാൻ വളരെ നല്ലതാണ്," എന്ന പറഞ്ഞു.

ദാസി—രാജകുമാരൻ ഇവിടുത്തെ ഒന്നിച്ചുണ്ടായിരുന്നുവൊ?

കൈകേയി—ഇല്ല. ഞാനും മഹാരാജാവും മാത്രമെ ഉള്ളു. ഞങ്ങഠ വേഗം വീട്ടിലേക്ക ചെന്നു. അപ്പോഠ അവിടെ ഒരു മുറിയിൽ സൂൎയ്യൻ ഉദിച്ചുവരുമ്പോലുള്ള ഒരു പ്രകാശം കണ്ടു. അതിൽ ചെന്നുനോക്കിയപ്പോഠ അനവധി രത്നങ്ങഠ കണ്ടു. ഞാൻ ഓടിച്ചെന്നു അതെടുക്കാൻ ഭാവിച്ചപ്പോഠ ഒരു സൎപ്പമുണ്ട് അതിന്മേൽ കിടക്കുന്നു.

ദാസി—അയ്യൊ അടിയനാണെങ്കിൽ ഉറക്കെ നിലവിളിച്ചു കോവിലകത്തുള്ളവരെയൊക്കെ ഉണൎത്തുമായിരുന്നു. ഇവിടുന്നു നിലവിളിച്ചില്ലെ?

കൈകേയി—ഇല്ല— കേഠക്കു. സൎപ്പം എന്നെ ഒന്നും ഉപദ്രവിച്ചില്ല. ഞാൻ ഉടനെ മഹാരാജാവിൻെറ പിറകിലേക്ക ഓടി, "പാമ്പിനെ കൊല്ലണം, പാമ്പിനെ കൊല്ലണം" എന്നു ആവശ്യപ്പെട്ടു. സൎപ്പത്തെ കൊല്ലാൻ പാടില്ല. അതു മഹാപാപമാണ്.

പാമ്പിന്റെ ശാപമുണ്ടായിരിക്കും. എന്നൊക്കെ രാജാവു പറഞ്ഞെങ്കിലും ഞാൻ സമ്മതിച്ചില്ല. രാജാവു വാൾ ഊരി പാമ്പിനെ വെട്ടി. അപ്പോൾ എന്തു പറവാൻ, അതു പാമ്പായിരുന്നില്ല. വളരെ വിലയുള്ള ഒരു ആഭരണമായിരുന്നു. ആഭരണം രണ്ടു കങ്കണങ്ങളായി അതിൽ ഒരു കങ്കണം രാമകുമാരനും മറ്റെക്കങ്കണം ലക്ഷ്മണകുമാരനും ആയി തീൎന്നു. എന്റെ ഉറക്കം ഞെട്ടിപ്പോയി.

(മന്ഥര പ്രവേശിക്കുന്നു)

കൈകയി—ഹോ! മന്ഥരയോ? ഇരിക്കു. നിണക്കു സ്വപ്നത്തിന്റെ അൎത്ഥം പറവാൻ അറിയോ?

മന്ഥര—സ്വപ്നത്തിന്റെ അൎത്ഥം പറയേണ്ടുന്ന അവസരമല്ലിതു്. ആപത്തുവന്നടുക്കുമ്പോൾ സ്വപ്നാൎത്ഥവും കഥകളും മറവും പറഞ്ഞു രസിക്കയല്ല വേണ്ടതു്.

കൈകയി—എന്താപത്തു്? ആൎക്കു്? എന്തു്?

മന്ഥര—പറഞ്ഞുതരാമല്ലോ. സ്വകാൎയ്യം പറയേണ്ടതാണു്. ഈ ദാസിയെ ഇവിടുന്നു പറഞ്ഞയക്കേണം.

(കൈകയി ആംഗ്യംകാണിച്ചു ദാസി പോയി)

മന്ഥര—ഇവിടുന്നു എന്താണു് ഒന്നും അറിയാത്തവരെ പോലെ ഇരിക്കുന്നതു്?

കൈകയി—വിശേഷിച്ചറിവാൻ എന്താണുള്ളതു്.

മന്ഥര—ശരി, കിടന്നുറങ്ങിക്കൊള്ളു. സ്വപ്നം കണ്ടോളു. വരട്ടെ- സൎപ്പം കടിക്കാൻ വരട്ടെ. സ്വപ്നത്തിന്റെ

വർത്തമാനം ഞാൻ പുറത്തുനിന്നു കേട്ടു. അരതോ സ്വപ്നത്തിൽ_ ഇതാ, ജാഗ്രത്തിലും കടിപ്പാൻ വരുന്നു. കിടന്നുറങ്ങിക്കോളു. സ്വപ്നം കണ്ടോളു.

കൈകയി — എനിക്കു നീ പറയുന്നതിൻെറ അത്ഥം ഒന്നും മനസ്സിലാകുന്നില്ല.

മന്ഥര — മനസ്സിലാക്കിത്തരാമല്ലോ. ഈ ജാലകത്തിൻെറ ഉള്ളിൽക്കൂടി ഒന്നു നോക്കുവിൻ.

( കൈകയി എഴുന്നേററു നോക്കുന്നു )

കൈകയി — എന്താണ് തെരുവുകൾ എല്ലാം അലങ്കരിക്കുന്നത് ? ഇതിൻെറ ആവശ്യം എന്താണ് ? ( ഇരിക്കുന്നു )

മന്ഥര — നാളെ കൌസല്യയുടെ മകനെ ഉപരാജാവായി വാഴിക്കുന്നു. അതുതന്നെ ആവശ്യം.

കൈകയി — നേരൊ ? വളരെ സന്തോഷമായി. ഇത്ര സന്തോഷകരമായ ഒരു വത്തമാനം പറഞ്ഞതുകൊണ്ടു നിണക്കു എന്തൊരു സമ്മാനമാണ് തരേണ്ടതെന്നറിഞ്ഞില്ല. ആട്ടെ തൽക്കാലം നി ഈ വള എടുത്തോളു. ( വള ഊരികൊടുക്കുന്നു )

മന്ഥര — ഇവിടുന്നു തരുന്ന സമ്മാനം ഏതുവിധമായാലും സ്വീകരിക്കാതിരിപ്പാൻ പാടില്ല. ( വള വാങ്ങുന്നു ) എന്നാൽ ഇവിടുന്നു ഇത്ര ശുദ്ധ ഹൃദയയായിപ്പോയതിനെപ്പററി ഞാൻ അത്ഭുതപ്പെടുന്നു. ഇവിടുത്തേക്കു വരാനിരിക്കുന്ന ആപത്തിനെ അറിയുന്നില്ലല്ലോ.

കൈകയി—എന്താപത്ത്! രാമൻ ഉപരാജാവാകുന്നതിൽ എന്താപത്ത്! അവൻ എന്നെ കൌസല്യയെക്കാൾ സ്നേഹിക്കുന്നുണ്ട്. ഞാനും അവനെ എൻെറ പുത്രനെപ്പോലെ സ്നേഹിക്കുന്നു. എൻെറ രാമനെ എന്തുകൊണ്ടാണ് ഉപരാജാവാക്കി അഭിഷേകം കഴിക്കാത്തതെന്നു മഹാരാജാവോടു ചോദിക്കേണമെന്നു ഞാൻ വിചാരിച്ചിരുന്നു. നീ എന്താണ് അനൎത്ഥമെന്നു പറഞ്ഞത്?

മന്ഥര—ഞാൻ ലോകത്തിൽ ശുദ്ധഹൃദയരായ വളരെ പേരെ കണ്ടിട്ടുണ്ട്. ഇവിടത്തെപ്പോലെ സാധുപ്രകൃതിക്കാരെ ഒരു ദിക്കിലും കണ്ടിട്ടില്ല. രാമൻ യുവരാജാവാകട്ടെ_ നല്ലതുതന്നെ_ എന്നാൽ എന്തുകൊണ്ടായിരുന്നു മഹാരാജാവ്, ഈ നിശ്ചയം ലോകം മുഴുവനും പരസ്യപ്പെടുത്തീട്ടും തിരുമനസ്സിലെ പ്രിയപത്നിയായ കൈകയിയെ അറിയിക്കാതിരുന്നത്?

കൈകയി—മന്ഥരെ, നീ എന്തൊ ഒരു ചീത്തവിചാരത്തോടുകൂടി വന്നതാണെന്നല്ലെ തോന്നുന്നത്. എന്നെ വല്ലതും പറഞ്ഞു ഭേദിപ്പിക്കാൻ വന്നതാണൊ? നീ ഒരു കാൎയ്യം ആലോചിക്കണം_ രാമൻ എൻെറ സ്വന്തം പുത്രനല്ലെന്നു ഞാൻ ഇതുവരെ വിചാരിച്ചിട്ടില്ല. രാമനെയും ഭരതനെയും രണ്ടമ്മമാർ പ്രസവിച്ചിരിക്കുന്നുവെന്നേയുള്ളു. അവർ തമ്മിൽ അത്രമേൽ സ്നേഹവിശ്വാസങ്ങളിലാണ്. അതുകൊണ്ടു ഈ കാൎയ്യം എനിക്കു വളരെ സമ്മതമാണെന്നു

മാത്രമല്ല, അത്യന്തം സന്തോഷമുള്ളതാണെന്നകൂടി മനസ്സിലാക്കണം.

മന്ഥര—(വിചാരം) ഈ പാപിയെ പറഞ്ഞു ഭേദിപ്പിക്കാൻ പ്രയാസമാണെന്നല്ലെ തോന്നുന്നത്. ആട്ടെ നോക്കട്ടെ. ഇവിടെ സാധിച്ചില്ലെങ്കിൽ വേറെ മാൎഗ്ഗങ്ങൾ ആലോചിക്കാം.

(പ്രകാശം)—എന്നോടു തിരുവുള്ളക്കേടുണ്ടാകരുതു. ഞാൻ ഇവിടുത്തെ ചോറ തിന്നുന്നതു വളരെ കാലമായി. ഇവിടുത്തെ ഗുണത്തിന്നുവേണ്ടിയല്ലാതെ ഞാൻ യാതൊന്നും ഒരിക്കലും പ്രവൎത്തിക്കയില്ല.

കൈകയി—അതെനിക്കറിയാം. എനിക്ക് അഹിതമായി നീ ഇതുവരെ യാതൊന്നും ചെയ്തിട്ടില്ല, പറഞ്ഞിട്ടുമില്ല.

മന്ഥര—പിന്നെ വെറുതെയല്ലെ, എന്നെ ഇവിടുന്നു ശങ്കിക്കുന്നത്? ഞാൻ ഒന്നും പറയരുതെന്നാണ് ഇവിട്ടത്തെ ഇഷ്ടമെങ്കിൽ ഇവിടെനിന്നു ഞാൻ പോയിക്കളയാം. അതിന്നു വിട തരണം.

കൈകയി—അങ്ങിനെ മുഷിഞ്ഞു പോകേണമെന്നില്ല. നീ എന്താണ് പറവാൻ ഭാവിച്ചത്. കേൾക്കട്ടെ.

മന്ഥര—(വിചാരം) ആകട്ടെ, കേവലം ഇച്ഛാഭംഗത്തിന്നു വഴിയില്ല. (പ്രകാശം) എന്നാൽ എന്റെ ചോദ്യത്തിന്നു ഉത്തരം പറയേണമെന്നു അപേക്ഷിക്കുന്നു. രാമദേവന്റെ അഭിഷേകവൎത്തമാനം രാജ്യം

മുഴവൻ അറിഞ്ഞിട്ടും ഭവതി അറിയാഞ്ഞതെങ്ങിനെ ? ദശരഥമഹാരാജാവിന്നു കൈകയിരാജ്ഞിയിൽനിന്നു മറച്ചുവെക്കേണ്ടതായ യാതൊരു വർത്തമാനവും ഇല്ലെന്നു പ്രസിദ്ധമല്ലെ. ഇതോ ഏററവും മുഖ്യമായ ഒരു വർത്തമാനമാണുതാനും. പിന്നെ, ഈ കാൎയ്യം ഞാൻ പറഞ്ഞിട്ടുവേണ്ടിയിരുന്നുവൊ ഇവിടുന്നു അറിവാൻ ?

<u>കൈകയി</u> — മഹാരാജാവുതന്നെ എന്നോടു വന്നു പറയുമായിരിക്കാം. എനിക്കു സമ്മതവും വളരെ സന്തോഷവും ഉള്ള കാൎയ്യമാണെന്നു അറിഞ്ഞതുകൊണ്ടായിരിക്കാം ഇതിൽ എന്റെ അഭിപ്രായത്തെ ക്ഷണിക്കാതിരുന്നതു്.

<u>മന്ഥര</u> — അങ്ങിനെ ആവട്ടെ. ഭരതകുമാരൻ ഇപ്പോൾ എവിടെയാണു് ?

<u>കൈകയി</u> — ഭരതനെ ജ്യേഷ്ഠൻ ക്ഷണിച്ചിട്ടു പോയിരിക്കയാണു്. ശത്രുഘ്നനും പോയിട്ടുണ്ടു്.

<u>മന്ഥര</u> — ക്ഷണിച്ചിട്ടു് ! അല്ലെ ? ഇവിടുന്നു കണ്ടിരുന്നുവോ ക്ഷണനക്കത്തു് ? യുധാജിത്തു്രാജാവിന്റെ കൊട്ടാരത്തിൽനിന്നു വന്ന ഭൃത്യൻ ഭവതിയെ കാണാതെ പോകുമെന്നു വിശ്വസിക്കാൻ തരമുണ്ടൊ ?

<u>കൈകയി</u> — അങ്ങിനെ ഒരു ക്ഷണനം ഇല്ലാതെയാണു് പോയതെന്നാണൊ നീ പറയുന്നതു്.

<u>മന്ഥര</u> — ക്ഷണനമുണ്ടായിരുന്നു. പക്ഷെ യുധാജിത്തു്മഹാരാജാവിന്റെ കൊട്ടാരത്തിൽ നിന്നായിരുന്നില്ല.

കൌസല്യാദേവിയുടെ കൊട്ടാരത്തിൽ നിന്നായിരുന്നു. അത്രയേ ഭേദമുള്ളു.

കൈകയി — (അതുവരെ ചാരികിടന്ന ദിക്കിൽനിന്ന് എഴു ന്നേററ ഇരുന്നിട്ട്) മന്ഥരെ, നീ പറയുന്നതിന്റെ അൎത്ഥം എനിക്ക് മനസ്സിലാകുന്നില്ല.

മന്ഥര — കാൎയ്യകാരണസംബന്ധമറിവാൻ പാടവമുള്ള ഭവതിക്ക് ഈ കാൎയ്യം മനസ്സിലാകുന്നില്ലെന്നുള്ളത് അത്ഭുതമായിരിക്കുന്നു. കളവായ ഒരു ക്ഷണനക്കത്ത്; അതിന്റെ ഫലമായി ഭരതൻ ദൂരത്തുപോയി. ആ അവസരത്തിൽ രാമദേവന്റെ അഭിഷേകം മഹാരാജാവു നിശ്ചയിച്ചു. അത്ര ബദ്ധപ്പെട്ട അതു കുറിക്കാൻ യാതൊരു സംഗതിയും പ്രത്യക്ഷത്തിൽ കാണുന്നില്ല. എന്നു മാത്രമല്ല, ആ വിവരം രാജ്യം മുഴുവനും അറിഞ്ഞിട്ടും ഭരതമാതാവോട്ടു രാജാവാകട്ടെ വേറെ വല്ലവരുമാകട്ടെ പറയുന്നില്ല. ഇതിൽ നിന്നൊക്കെ എന്താണ് അനുമാനിക്കേണ്ടതെന്ന് ഭവതിതന്നെ പറയു. എന്റെ വാക്ക് ഇവിടുത്തേക്ക് രസിക്കുന്നില്ലെങ്കിൽ ഞാൻ പോകുന്നു (പോകാൻ ഭാവിക്കുന്നു)

കൈകയി — പോകാൻ വരട്ടെ — മന്ഥരെ ഇരിക്കു. (വിചാരം) ഇവൾ പറയുന്നതിൽ എന്തൊ കുറെ കാൎയ്യമുണ്ടെന്നു തോന്നുന്നുവല്ലൊ.

മന്ഥര — (വിചാരം) എന്റെ തന്ത്രം ഫലിക്കുന്നുണ്ടെന്നു തോന്നുന്നുവല്ലൊ. ഈ തറച്ചതിന്മേൽ അടിച്ചേല്പിക്കുകതന്നെ.

കൈകേയി__രാമനല്ലെ, മഹാരാജാവിന്റെ മൂത്ത മകൻ? അവനല്ലെ യുവരാജാവാകേണ്ടതു്. അതിന്നു ഞാനൊ ഭരതനൊ മുടക്കമൊന്നും പറഞ്ഞിട്ടില്ലല്ലൊ. പിന്നെ, ഈ രഹസ്യപ്രവൃത്തികളൊക്കെ എന്തിനു?

മന്ഥര__(വിചാരം) ഇവിടെ വെള്ളംപകന്നാൽ ചോരാത്ത ഒരു കളവു പറയാതെ നിവൃത്തിയില്ല. (പ്രകാശം) എന്നാൽ ഞാൻ ഭവതിയോടു ഒരു രഹസ്യം പറഞ്ഞു തരാം. രണ്ടുദിവസം മുമ്പു ഇവിടെ നാരദമഹർഷി എഴുന്നെള്ളിയിരുന്നു.

കൈകേയി__അതു ഞാനും അറിയും. രാമചന്ദ്രനെ കണ്ടു സംസാരിച്ചിരുന്നെന്നു കേട്ടു.

മന്ഥര__രാമഭദ്രനെ മാത്രമല്ല, മഹാരാജാവിനേയും കണ്ടിരുന്നു. ബ്രഹ്മാവിന്റെ ആജ്ഞപ്രകാരമാണ് മഹർഷി എഴുന്നെള്ളിയതു്.

കൈകേയി__എന്തായിരുന്നു ബ്രഹ്മാവിന്റെ ആജ്ഞ?

മന്ഥര__ചില രാക്ഷസന്മാരെക്കൊണ്ടു ദേവന്മാൎക്കും മഹർഷിമാൎക്കും വളരെ ബുദ്ധിമുട്ടുണ്ടത്രെ. ആ രാക്ഷസന്മാർ, തങ്ങളെ മനുഷ്യൎക്കല്ലാതെ കൊല്ലാൻ പാടില്ലെന്നു വരം വാങ്ങിയവരാണ്. അതുകൊണ്ടു മഹാരാജാവിന്റെ മക്കളിൽ ഏതെങ്കിലും രണ്ടുപേരെ കുറെ കൊല്ലം കാട്ടിൽ അയക്കേണമെന്നും അവർ രാക്ഷസന്മാരെ ഒടുക്കാൻ വേണ്ടതു ചെയ്യേണമെന്നും ആണ് ബ്രഹ്മാവിന്റെ ആജ്ഞ.

കൈകയി—ഓഹൊ, എനിക്കെല്ലാം മനസ്സിലായി. ഇങ്ങിനെ എന്തോ ഒന്ന് ഞാനും കേട്ടിരുന്നു. എന്റെ മകനെ കാട്ടിലയക്കാൻ മഹാരാജാവും കൌസല്യയും കൂടി തീർച്ചയാക്കി. ഹാ! കഷ്ടം. എന്റെ ഏകപുത്രനെ വനാന്തരത്തിലയക്കാനൊ ആ മഹാപാപി കൌസല്യ ശ്രമിക്കുന്നത്? ഇതൊക്കെ അവളുടെ വിദ്യയല്ലെ. ഈശ്വരാ ഞാൻ ഇനി എന്തുചെയ്യും.

മന്ഥര—മഹാരാജ്ഞിക്കു ഇപ്പോൾ എല്ലാം മനസ്സിലായല്ലൊ ഇനിയെല്ലാം യുക്തംപോലെ ചെയ്യാലും. ഞാൻ പോകുന്നു (പോകാൻ ഭാവിക്കുന്നു)

കൈകയി—മന്ഥരെ നീ എന്നെ സഹായിക്കണം. നീയല്ലാതെ എനിക്ക് ആരും സഹായമില്ല. ഞാൻ നിന്നെ ആദ്യം ആക്ഷേപിച്ചു പറഞ്ഞതൊക്കെ ക്ഷമിക്കണം. ഞാൻ വെറും ശുദ്ധ ഹൃദയയാണ് എനിക്ക് ഈ കുസൃതികളൊന്നും മനസ്സിലാകയില്ല. എന്റെ മകനെ എനിക്ക് ഇപ്പോൾ കാണണം. അതിന്നു വേണ്ടുന്ന ഉപായം മുഴുവൻ നീതന്നെ ഉപദേശിക്കണം.

മന്ഥര—ഇവിടുത്തെ പുത്രനെ കാണ്മാൻ മാത്രമല്ല അദ്ദേഹത്തെ രാജാവാക്കി വാഴിക്കാനും രാമനെ കാട്ടിലയക്കാനും വേണ്ടുന്ന വിദ്യകൾ ഞാൻ പറഞ്ഞുതരാം. ഇവിടുന്നു ഞാൻ പറയുന്നതുപോലെ ചെയ്തുകൊണ്ടാൽ മതി.

കൈകയി__ഞാൻ എന്തുവേണമെങ്കിലും ചെയ്യാം. എന്റെ പുത്രൻ കാട്ടിൽ പോകാതിരുന്നാൽ മതി.

മന്ഥര__അതു പോരാ, ഇവിടുന്നു കൌസല്യയുടെ ദാസിയാകാതിരിക്കയും വേണം. കൌസല്യാപുത്രൻ വേണം കാട്ടിൽ പോകാൻ.

കൈകയി__അതിന്നു ഞാൻ എന്താണ് ചെയ്യേണ്ടത് ?

മന്ഥര__കേട്ടോളു. മഹാരാജാവ് പണ്ടു ദേവാസുരയുദ്ധത്തിൽ ദേവന്മാരെ സഹായിക്കാൻ പോയതും അന്നു ഭവതികൂടി പോയതും ഓൎമ്മയുണ്ടോ. ആ അവസരത്തിൽ മഹാരാജാവ് യുദ്ധക്കളത്തിൽവെച്ച് തേരിൽ മൂൎച്ഛിച്ചു വീണപ്പോൾ ഭവതിയായിരുന്നില്ലെ കാത്തു രക്ഷിച്ചത്. മഹാരാജാവ് സന്തോഷിച്ചു രണ്ടു വരം തരാൻ ഭാവിച്ചു. ആ വരങ്ങൾ ആവശ്യമുള്ളപ്പോൾ വാങ്ങിക്കൊള്ളാമെന്നു പറഞ്ഞു ഭവതി അപ്പോൾ സ്വീകരിച്ചില്ല.

കൈകയി__ശരി. എനിക്ക് അവയൊക്കെ ഇപ്പോൾ ഓൎമ്മവന്നു. അതു ഇപ്പോൾ എങ്ങിനെ ഉപകരിക്കും ?

മന്ഥര__ഞാൻ പറയാം. ഇവിടുന്നു ഉടനെ ക്രോധാലയം പ്രാപിക്കണം. മഹാരാജാവ് വരുമ്പോൾ കിടന്നു രണ്ടു കരഞ്ഞുകൊൾക. കാരണം ചോദിച്ചാൽ ആദ്യം ഒന്നും പറയരുത്. ഇവിടുത്തെ ഇഷ്ടം അനുവൎത്തിക്കുമെന്നു ഒന്നാമത് സത്യം ചെയ്യിക്കണം. അതിന്റെ ശേഷം വരത്തിന്റെ കാൎയ്യം ഓൎമ്മപ്പെടുത്തുക. അവയിൽ ഒന്ന് ഭരതനെ രാജാവാക്കി

വാഴിക്കേണമെന്നും മറേറത് രാമനെ പതിന്നാലു കൊല്ലം കാട്ടിലേക്ക് അയക്കേണമെന്നും ആയിരിക്കേണമെന്നു പറയുവിൻ. ഭവതിയുടെ കാൎയ്യം സാധിച്ചു. ബ്രഹ്മാവിൻെറ ആവശ്യവും നിവൎത്തിച്ചു. മനസ്സിലായില്ലെ ?

കൈകയി__എനിക്ക മനസ്സിലായി. ഞാൻ നീ പറഞ്ഞതു പോലെ ചെയ്യും. ഈ സഹായം നീ എനിക്ക ചെയ്തുതന്നതു ഞാൻ ഒരിക്കലും മറക്കുകയില്ല. ഞാൻ ഇതാ പോകുന്നു.

(കൈകയി പോയി)

മന്ഥര__ഹാ_ എൻെറ കാൎയ്യം സാധിച്ചു. കൂനി! അല്ലെ ? കൂനി കൊളുത്തിയ ഈ തീ അയോദ്ധ്യാരാജ്യം മുഴുവൻ കത്തിക്കട്ടെ.

(പോയി)

## രംഗം 2.

(ശ്രീരാമനും ലക്ഷ്മണനും പ്രവേശിക്കുന്നു)

രാമൻ__എൻെറ മനസ്സിൽ എന്തൊ ഒരു വല്ലായ്മ തോന്നുന്നു.

ലക്ഷ്മണൻ__പട്ടാഭിഷേകാവസരത്തിൽ ചെയ്യാനുള്ള കർമ്മങ്ങളെ ആലോചിച്ചായിരിക്കാം ജ്യേഷ്ഠന്നു ആ വിധം തോന്നുന്നത്.

രാമൻ__അല്ല; എന്തൊ ഒരു ആപത്തു സംഭവിക്കാൻ പോകുമ്പോൾ ഉള്ള മുന്ന[illegible]ലെയാണ് തോന്നുന്നത്.

ലക്ഷ്മണൻ__ജ്യേഷ്ഠൻ അങ്ങിനെ പറയരുത്. എന്താപ[illegible]ത്താണ് ഈ മംഗളാവസരത്തിൽ പ്രതീക്ഷിക്കാവുന്നത്. ദേവന്മാരുടെയും ഗുരുക്കന്മാരുടെയും പ്രസാദം സിദ്ധിച്ചിരിക്കുന്ന ജ്യേഷ്ഠന്നു വല്ല ആപത്തും വരാ[illegible] ഇടയുണ്ടെന്നു പ്രതീക്ഷിക്കാവുന്നതാണൊ?

രാമൻ__ലക്ഷ്മണാ, നീ ലോകതത്വം അറിയാത്തവരെപോലെ സംസാരിക്കുന്നുവല്ലൊ? ലോകത്തിൽ ആപത്തു സംഭവിപ്പാൻ പാടില്ലാത്ത ജനങ്ങൾ ഉണ്ടെന്നൊ നീ വിശ്വസിക്കുന്നത്.

ലക്ഷ്മണൻ__എന്നു ഞാൻ വിശ്വസിക്കുന്നില്ല. [illegible]ഷ്ടന്മാരും പാപികളുമായ ജനങ്ങളുടെ ഇടയിൽ ജീവിക്കുന്ന കാലത്തോളം സജ്ജനങ്ങൾക്ക് ആപത്തു വന്നുകൂടെന്നില്ല. സജ്ജനങ്ങളെ ദ്രോഹിക്കേണമെന്നും വഞ്ചിക്കേണമെന്നും അവമാനിക്കേണമെന്നും ആണ് പാപികളുടെ വിചാരവും പരിശ്രമവും. അതിന്നനുസരിച്ചു സജ്ജനങ്ങൾ അനർത്ഥങ്ങളും അപവാദങ്ങളും സഹിക്കേണ്ടിവരും.

രാമൻ  എന്നാൽ നീ വിചാരിക്കുമ്പോലെ നമ്മൾ സജ്ജനങ്ങളാണെങ്കിൽതന്നെ നമ്മൾ എങ്ങിനെ ആപത്തിൽ നിന്നൊഴിയും ?

ലക്ഷ്മണൻ—പക്ഷെ, ജ്യേഷ്ഠന്റെ കാര്യത്തിൽ ഒരു വിശേഷവിധിയുണ്ട്.

രാമൻ—എന്താണത് ?

ലക്ഷ്മണൻ—ജ്യേഷ്ഠനെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യാത്തവർ ഈ അയോദ്ധ്യയിൽ ആരുമില്ല. പാപികൾ പോലുമില്ല. അതുകൊണ്ടു ജ്യേഷ്ഠന്ന് ആരും ആപത്തുകൾ ആശിക്കയില്ല.

രാമൻ· എന്തൊ ഞാൻ അറികയില്ല. എന്നാൽ ഒരു കാര്യം പറയാം. എനിക്കീരാജൈശ്വര്യത്തിൽ മോഹമില്ല. ഞാൻ പട്ടാഭിഷേകം ചെയ്യപ്പെട്ടാലും യഥാർത്ഥത്തിൽ രാജാവു നീ ആയിരിക്കണം. എനിക്ക് ഈ സംസാരത്തിലുള്ള ആഡംബരങ്ങളൊക്കെ ത്യജിച്ച് സ്വതന്ത്രനായി ജീവിക്കേണമെന്നാണ് മോഹം. രാജപദവിക്കുള്ള ഭാരവാഹിത്വവും അസ്വതന്ത്രതയും ആലോചിക്കുമ്പോൾ, അതു സംസാരമാകുന്ന ബന്ധനത്തിൽ ഏകാന്തബന്ധനമായി എനിക്കു തോന്നുന്നു.

ലക്ഷ്മണൻ—അങ്ങിനെ കല്പിക്കരുതു. അത് അച്ഛന്ന് ഇഷ്ടമാകയില്ല; അമ്മമാക്ക് ഇഷ്ടമാകയില്ല; പ്രജകൾക്കും ഇഷ്ടമാകയില്ല. പ്രജകളൊക്കെയും ജ്യേഷ്ഠൻ രാജ്യഭാരം വഹിക്കുന്നതും കാത്തുനില്ക്കയാണ്.

ഷ്യന്നു മാത്രമല്ല, അതാതു പദവിയിൽ ജനിക്കുന്ന വക്കു ചെയ്യേണ്ടതായി ഓരോ ധമ്മമില്ലയൊ? ആ വക ധമ്മങ്ങളെ ഒഴിക്കാവുന്നതാണൊ?

(ഒരു ഭൃത്യൻ പ്രവേശിക്കുന്നു)

ഭൃത്യൻ—തിരുമനസ്സുകൊണ്ടു വിജയിയായി ഭവിച്ചാലും; തിരുമേനിയെ മുഖം കാണിക്കാൻ മന്ഥര വന്നു വെളിയിൽ നില്ക്കുന്നു. തിരുമുമ്പിൽ പ്രവേശിപ്പാൻ അനുവാദത്തെ അപേക്ഷിക്കുന്നു.

രാമൻ—വരാൻ പറയൂ.

(ഭൃത്യൻ പോയി)

ലക്ഷ്മണൻ—എനിക്കു ആ സ്ത്രീയെ അശേഷം ഇഷ്ടമില്ല. അവൾ ഒരു ദുഷ്ടയും പാപിയുമാണ്.

(മന്ഥര പ്രവേശിക്കുന്നു)

രാമൻ—മന്ഥര എന്താണ് വന്നത്?

ലക്ഷ്മണൻ—ജ്യേഷ്ഠനെ ഈ അവസരത്തിൽ അഭിനന്ദിക്കാനായിരിക്കും. അല്ലെ?

മന്ഥര—അതാണ് അടിയന്റെ ഒന്നാമത്തെ കൃത്യം. എന്നാൽ അടിയന്നു മറ്റൊരു ആവശ്യംകൂടി ഉണ്ട്.

രാമൻ—എന്താണത്?

മന്ഥര—അടിയൻ തിരുമേനിയുടെ അച്ഛന്റെ ചോറുതിന്നു വളൎന്നവളാണ്. അതുകൊണ്ടു ഇവിടുത്തേക്കു വല്ല ആപത്തും വരാൻ പോകുന്നത് അറിഞ്ഞാൽ അതി

നെപ്പററി മുന്നറിവു തരേണ്ടതു് അടിയന്റെ കടമ യാണു്.

രാമൻ—ആട്ടെ, കാൎയ്യം പറയു.

മന്ഥര—അടിയൻ പറവാൻ പോകുന്ന കാൎയ്യം അടിയനാണു് പറഞ്ഞതെന്നറിഞ്ഞാൽ അടിയന്നു വലിയ ആപത്തിന്നു സംഗതിയുണ്ടു്. അതുകൊണ്ടു അടിയനെ ഇവിടുന്നു രക്ഷിച്ചുകൊള്ളണം.

ലക്ഷ്മണൻ—നീ വന്ന കാൎയ്യം വേഗത്തിൽ പറയൂ. ജ്യേഷ്ഠൻ ആശ്രിതവത്സലനാണെന്നു നീ ഓൎമ്മപ്പെടുത്തേണ്ടതുണ്ടോ? ജ്യേഷ്ഠന്നു എന്താപത്താണു് വരാൻ പോകുന്നതു്? ക്ഷണം പറയണം.

മന്ഥര—കൈകേയിരാജ്ഞി അഭിഷേകവിഘ്നം വരുത്താൻ യത്നിക്കുന്നു.

ലക്ഷ്മണൻ—എന്തു്? ആരു്? എന്തുചെയ്യാൻ യത്നിക്കുന്നു?

രാമൻ—ലക്ഷ്മണാ, നീ അടങ്ങു. അവൾ മുഴുവൻ പറയട്ടെ.

മന്ഥര—അടിയന്നു ഇത്രയെ പറവാനുള്ളു. ഇതു അടിയൻ അന്തഃപുരത്തിൽവെച്ചു കേട്ട വൎത്തമാനമാണു്. കൈകേയിരാജ്ഞി അവിടുത്തെ പ്രിയപ്പെട്ട ദാസിയായ മാലിനിയോടു സംസാരിക്കുന്നതു് അടിയൻ കേട്ടതാണു്.

ലക്ഷ്മൻ—എന്താണു് സംസാരിച്ചതു്?

മന്ഥര—'എന്നോടു ഒരു വാക്കുപോലും പറയാതെയല്ലേ അഭിഷേകം നിശ്ചയിച്ചതു്. ഭരതൻ ഇവിടെ ഇല്ലാത്ത തരം നോക്കി ഇതു് ഇത്ര തിരക്കിൽ നിശ്ചയിച്ചതിന്റെ അർത്ഥമെന്താണു് ? ആട്ടെ, കാണട്ടെ, അഭിഷേകം നടക്കുന്നതു് കാണട്ടെ' എന്നൊക്കെ പറയുന്നതു അടിയൻ കേട്ടു.

ലക്ഷ്മണൻ—ജ്യേഷ്ഠാ, ഇവൾ പറയുന്നതു് മഹാ കളവാണു്. ഞാൻ ഈ കൂനിയെ ഇപ്പോൾ ഇവിടെ പിടിച്ചു കെട്ടും. എന്നിട്ടു് കൈകയിമാതാവോടു വിവരം ചോദിക്കും. വാ, നീ.

രാമൻ—ലക്ഷ്മണാ, ആയാസപ്പെടരുതു്. ഈ സാധു എന്തോ തെറ്റിദ്ധരിച്ചുവെന്നാണു് തോന്നുന്നതു്. അവളെ ഉപദ്രവിക്കണ്ടാ. മന്ഥരെ, നീ പോയിക്കോ. ഈ വിവരം നീ മററാരോടും പറയരുതു്. എന്റെ അമ്മയെ അറിയിക്കരുതു്.

മന്ഥര—അടിയൻ ആരോടും പറയുന്നില്ല. എന്നാൽ അടിയൻ ഈ വിവരം പറഞ്ഞതു് ഓർമ്മിക്കണം.

(മന്ഥര പോയി)

രാമൻ—ലക്ഷ്മണാ.

ലക്ഷ്മണൻ—ജ്യേഷ്ഠാ.

രാമൻ—നീ എന്തു വിചാരിക്കുന്നു ?

ലക്ഷ്മണൻ—ഇതൊക്കെയും ആ കൂനിയുടെ കസൃതിയാണെന്നു വിചാരിക്കുന്നു.

രാമൻ—അവൾ എന്തിനായിട്ടു കളവു പറയണം.

ലക്ഷ്മണൻ—ഈ ശുഭാവസരത്തിൽ വല്ല അമംഗളവും ഉണ്ടാക്കാൻ.

രാമൻ—അവൾക്കു പിന്നീടുണ്ടാകുന്ന ആപത്ത് അവൾ ഓൎമ്മിക്കയില്ലെന്നൊ? കാൎയ്യം അതൊന്നുമല്ല. അതു നമ്മൾക്കു പിന്നെ ആലോചിക്കാം.

(ചില കുട്ടികൾ പ്രവേശിക്കുന്നു. രാമന്റെ കാല്ക്കൽ ഫലപുഷ്പാദികൾ വെച്ചു പാടിക്കൊണ്ടു പ്രദക്ഷിണം ചെയ്യുന്നു)

### പാട്ട്.

(സുന്ദരിമാർ മണി—എന്നപോലെ)

വന്ദെരഘുരാമചന്ദ്രാ— ഖണം
വന്നീടവേണമനിശം.
സുന്ദരരൂപാ, വിജയം— നിന—
ക്കെന്നുമുദിക്കുകവേണം.
ശത്രുജനങ്ങളെയെല്ലാം— നിന്റെ
പത്രികൾകൊണ്ടുഹനിച്ചു.
മിത്രജനങ്ങൾക്കുസൌഖ്യം— പര—
മെത്തീടുമാറുജയിക്കു.
ആഴികളേഴും ചുഴന്ന— നല്ലോ—
രൂഴിഭരിക്കുവാനായി.
തോയജനാഭൻ മുകുന്ദൻ— നിത്യം,
മായമൊഴിഞ്ഞുതുണക്കും.

രാമൻ__കുട്ടികളെ, നിങ്ങളുടെ അഭിവന്ദനവും മംഗളാശംസയും കേട്ട ഞാൻ വളരെ സന്തോഷിക്കുന്നു. വരു നാം അമ്മയുടെ അടുക്കലേക്ക് പോകുക.

(എല്ലാവരും പോയി)

---

## രംഗം 3.

---

(നിലത്തുവീണുകിടക്കുന്ന കൈകേയി കാണപ്പെടുന്നു. അണിയറയിൽ ദുഃഖസൂചകമായ പാട്ട്)

(ദശരഥൻ പ്രവേശിക്കുന്നു)

ദശരഥൻ__(ബദ്ധപ്പെട്ടു അടുത്തുചെന്നിട്ട്) ഭദ്രെ ഇതെന്തു കഥ? നീ എന്താണിങ്ങിനെ ഈ വെറും നിലത്തു കിടക്കുന്നത്. വല്ല സുഖക്കേടും പിടിപെട്ടുവോ? പറയൂ. എഴുന്നേൽക്കൂ. എന്റെ ആത്മാവിനു ആശ്വാസമായിരിക്കേണ്ടുന്ന നീ ഇങ്ങിനെ ദുഃഖിച്ചു കാണുമ്പോൾ എന്റെ ഹൃദയം പിളരുന്നു. ഭദ്രെ എഴുന്നേല്ക്കു. നിന്നോടു വല്ലവരും വല്ല അപരാധവും ചെയ്തുവോ. വല്ലവരും നിന്നെ വിരോധമായി പ്രവർത്തിച്ചുവൊ? വല്ലവരും നിന്റെ ഇഷ്ടത്തിന്നു പ്രതികൂലമായി വല്ലതും ചെയ്തുവൊ? പറയൂ, എന്നോട്ട് പറയൂ. ആരായാലും അവരെ ഞാൻ

കഠിനമായി ശിക്ഷിക്കും. നീ വ്യസനിക്കരുത്. കുബേരൻ താനായാലും അവനെ ഒരു ക്ഷണത്തിൽ നല്ലൊരു പാഠം പഠിപ്പിക്കാൻ എനിക്കു സാധിക്കും. ദശരഥന്റെ ശക്തിയിൽ നിണക്കു വിശ്വാസമില്ലയൊ? അതല്ല, വല്ല രാജശിക്ഷയിലും കുടുങ്ങിയവരെ രക്ഷിക്കേണമെന്നാണൊ നിന്റെ ആഗ്രഹം? എന്നാൽ അതു പറയു. സംശയംകൂടാതെ അവരെ രക്ഷിച്ചുതരാമല്ലൊ? വല്ല ദരിദ്രനേയും ധനവാനാക്കേണമെന്നു നിണക്കു വിചാരമുണ്ടൊ? ഈ നിമിഷത്തിൽ എനിക്കതു സാധിക്കും. വല്ല ധനവാനേയും ദരിദ്രനാക്കേണമെന്നു നിണക്കു മോഹമുണ്ടൊ? നിണക്കുവേണ്ടി അതുചെയ്യുന്നതിനും ഞാൻ മടിക്കയില്ല. ഇന്നു ലോകത്തിൽ എന്തുചെയ്യുന്നതിനും എനിക്കു സാധിക്കും. നിന്റെ ഈ ദുഃഖം കണ്ടുസഹിക്കാൻമാത്രം ഞാൻ ശക്തനല്ല.

കൈകയി—(സാവധാനത്തിൽ എഴുന്നേററിട്ട്) മഹാരാജാവെ ഇവിടുന്നു എന്തിനാണ് ഈ ഭംഗിവാക്കു പറയുന്നത്?

ദശരഥൻ—ഭംഗിവാക്കൊ? ഹാ! കഷ്ടം! എന്നെ ഇത്രകാലം പരിചയിച്ചിട്ടും എന്റെ പ്രിയപത്നി ഇപ്പോൾ ഇങ്ങിനെയൊ പറയുന്നത്? ഭദ്രെ, എന്നാണെ-നിന്നാണെ, സത്യം- എന്റെ പ്രിയപുത്രനായ ശ്രീരാമനാണെ സത്യം- നിന്റെ ഇഷ്ടമെന്താണെന്നു പറഞ്ഞാൽ ഞാൻ അതിനെ അനുവർത്തിക്കാം. ദുഃഖിക്കൊല്ല, നിന്റെ ആഗ്രഹം പറയു.

കൈകയി—(നല്ലവണ്ണം എഴുന്നേററ ഇരുന്നിട്ട്) മഹാരാജാവെ, ഇവിടുന്ന് ആ വിധം സത്യം ചെയ്യു അവസ്ഥക്ക് ഞാൻ പറയാം. സൂര്യവംശരാജാക്കന്മാർ സത്യഭംഗം ചെയ്യുന്നവരെല്ലെന്ന് എനിക്ക് നല്ലവണ്ണം അറിയാം. പണ്ട് സുരാസുര യുദ്ധത്തിൽ ഇവിടുന്ന് എനിക്ക് രണ്ടുവരം തരാൻ പ്രതിജ്ഞചെയ്തത് ഓൎമ്മയുണ്ടൊ ?

ദശരഥൻ—ഉണ്ട്. ഞാൻ തേരിൽ മൂൎച്ഛിച്ചു വീണപ്പോൾ നീ എന്നെ രക്ഷിച്ചപ്പൊഴല്ലെ ?

കൈകയി—അതെ, ആ രണ്ടുവരങ്ങളും ആവശ്യപ്പെട്ടപ്പോൾ ഞാൻ ചോദിച്ചുകൊള്ളാമെന്ന പറഞ്ഞിരുന്നു. ആ രണ്ടു വരങ്ങളും എനിക്കു ഇപ്പോൾ തരേണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

ദശരഥൻ—നിശ്ചയമായും തരാം. അതിനെന്തു മുടക്കം.

കൈകയി—അങ്ങിനെ പറഞ്ഞാൽ പോരാ. തരാമെന്നു സത്യം ചെയ്യണം.

ദശരഥൻ—ഹ ! വിശ്വാസമില്ലാത്തവളെ, ഞാൻ ആദ്യം തന്നെ സത്യം ചെയ്യുവല്ലൊ ? എന്നാണ, നിന്നാണ സത്യം, എന്റെ പ്രിയപുത്രനായ ശ്രീരാമനാണ സത്യം. വസിഷ്ഠ മഹൎഷിയുടെ പാദാരവിന്ദങ്ങളാണ സത്യം. പണ്ട് സുരാസുരയുദ്ധത്തിൽ ഞാൻ നിന്നേയും കൂട്ടി യുദ്ധത്തിന്നുപോയ അവസരത്തിൽ സംഗതിവശാൽ ഞാൻ മൂൎച്ഛിച്ചു വീണപ്പോൾ, നീ

എന്നെ രക്ഷിച്ചതിനെ അനുസ്മരിച്ചു നിണക്കു തരാമെന്നു പ്രതിജ്ഞ ചെയ്ത വരങ്ങൾ രണ്ടും നിണക്ക് ഇപ്പോൾ തരാം.

കൈകയി—എന്നാൽ കേട്ടോളൂ. ഒന്നാമത്തെ വരം, നാളു എന്റെ മകൻ ഭരതനെ യുവരാജാവായി വാഴിക്കണം. രണ്ടാമത്തേത്, രാമനെ പതിന്നാലുകൊല്ലത്തേക്ക് നാളത്തന്നെ കാട്ടിലേക്ക് അയക്കണം.

ദശരഥൻ—ഹ! ദുഷ്ടെ! രാക്ഷസി! നീ എന്നെ ചതിച്ചുവൊ? (മോഹാലസ്യപ്പെട്ടു വീഴുന്നു. അണിയറയിൽ ദുഃഖസൂചകമായ പാട്ട്)

(മൂർഛയിൽനിന്ന് നിവൎത്തനായശേഷം,)

ഹാ! ദൈവമെ, ഞാൻ സ്വപ്നം കണ്ടതാണൊ? അതല്ല, മനസ്സിന്റെ വെറും വിമോഹമൊ?

(കൈകയിയെ സൂക്ഷിച്ചു നോക്കീട്ട്)

അല്ല, ഇതാ, ആ ദുഷ്ട ഇരിക്കുന്നു! പത്രുവെ വെട്ടിക്കൊന്ന കത്തിവാൾ പിന്നെയും നിഷ്ഠാരന്റെ കൈയിൽ ഇരുന്നു തിളങ്ങുംപോലെ, ഈ ദുഷ്കൃതകാരിയുടെ നാവ് ഇപ്പഴും അവളുടെ വായിൽ കിടക്കുന്നുവല്ലൊ. അല്ലയൊ, കുലത്തെ മുടിക്കാൻ ഒരുങ്ങിയ നിഷ്ഠുരെ, രാമൻ നിന്നോട് എന്തു തെററു ചെയ്തു? ഞാൻ എന്തു തെററു ചെയ്തു? രാമൻ നിന്നെ സ്വന്തം മാതാവെപോലെ കരുതിയല്ലയൊ പ്രവൎത്തിച്ചുപോരുന്നത്? അവനല്ലയൊ നീ അനൎത്ഥം

ചതിച്ചിട്ടന്നത്? രാജപുത്രിയെന്നു വിചാരിച്ച് ഒരു വ്യാളത്തെയൊ ഞാൻ എന്റെ ഗൃഹത്തിൽ കൈപിടിച്ചു കയറ്റിയത്? സർവ്വ പ്രജകളും നിത്യം രാമനെ സ്തുതിക്കുന്നു. ഞാൻ പിന്നെ എന്തു പറഞ്ഞാണ് അവനെ കാട്ടിൽ കളയേണ്ടത്? ഞാൻ സുമിത്രയെയും, കൌസല്യയെയും, നിണക്കുവേണ്ടി ഉപേക്ഷിക്കാം. എന്റെ സർവ്വസ്വവും ഞാൻ ത്യജിക്കാം. രാമനെ പിരിഞ്ഞിരിക്കാൻ ഞാൻ ശക്തനല്ല. രാമനെ കാണാതെ എന്റെ ആത്മാവ് ശരീരത്തിൽ കുടികൊള്ളുകയില്ല. അയ്യൊ കൈകയി, ഞാൻ നിന്റെ കാലിന്നു നമസ്കരിക്കാം. നീ ഈ ശാഠ്യം വിടു.

കൈകയി—മഹാരാജാവെ, എന്താണിങ്ങിനെ അവിവേകം പ്രവർത്തിക്കുന്നത്?

ദശരഥൻ—നീ എന്നെ പരീക്ഷിക്കയാണൊ. എനിക്കു ഭരതനോട് എത്രമേൽ സ്നേഹമുണ്ടെന്ന് അറിവാൻ വേണ്ടിയുള്ള നിന്റെ വിദ്യയാണൊ ഇത്? ഭരതൻ രാജാവായിക്കൊള്ളട്ടെ. രാമനെ എന്തിന്നു കാട്ടിലയക്കണം?

കൈകയി—അതാണൊ നിങ്ങളുടെ സത്യം. സത്യത്തിൽ പകുതി അനുഷ്ഠിച്ചാൽ പകുതി ഫലമുണ്ടാകുമെന്നു നിങ്ങൾ വിശ്വസിക്കുന്നുണ്ടൊ? പകുതി തിന്നാൽ പകുതി നിറയും എന്ന പ്രമാണം ഇതിലും പററുമെന്നൊ വിശ്വസിക്കുന്നത്. മഹാരാജാവെ, സത്യ

ത്തിന്ന് ഭാഗവും ഭിന്നിതവും ഇല്ല. സത്യം അഭേദ്യമായ സമ്പൂൎണ്ണവസ്തുവാണ്.

ദശരഥൻ—പരമദുഷ്ടെ, മററുള്ളവരുടെ മനോവേദനയിൽ അനുകമ്പയില്ലാത്ത രാക്ഷസി,— നിന്റെ ഭൎത്താവായ എന്നെ നീ ഈ വിധം ദുഃഖിപ്പിക്കുമ്പോൾ, മററുള്ളവരെ നീ എങ്ങിനെ ദുഃഖിപ്പിക്കും. ഇക്കാലത്ത് ആരെ വിശ്വസിക്കാം. മനുഷ്യൻ സ്വാൎത്ഥിയായിത്തീരുമ്പോൾ രാക്ഷസനെക്കാൾ കഠിനനും നിൎദ്ദയനുമായിരിക്കും. മുയൽ ഒരു നിരുപദ്രവജീവിയായിരിക്കുന്നത് സ്വന്തം കുക്ഷിപൂരണത്തിന്നു പുല്ലും ഇലയും കൊണ്ട് തൃപ്തിപ്പെടുന്നതിനാൽ മാത്രം. നീ ഇതുവരെ എന്നോടും മററുള്ളവരോടും എത്ര ദയയും സ്നേഹവും കാണിച്ചു? രാമനോടു തന്നെയും അത്രമേൽ പ്രിയമുണ്ടെന്ന് നീ നിന്റെ ഓരൊ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും കാണിച്ചില്ല. അവയൊക്കെ ഇത്ര പെട്ടെന്നു എങ്ങിനെ ഭേദിച്ചു? ആരാണ് നിണക്കു കുസൃതികൾ ഉപദേശിച്ചത്. രാമനെ കാട്ടിൽ അയക്കേണമെന്നു ഉപദേശിക്കത്തക്ക ദുഷ്ടന്മാർ അയോദ്ധ്യയിലുണ്ടൊ? രാമനെപററി ഒരാളെങ്കിലും പരിവാദമൊ അപവാദമൊ പറഞ്ഞുകേട്ടിട്ടില്ലല്ലൊ. അവൻ സൎവ്വ ജനങ്ങളെയും സാമോക്തികൊണ്ട് സന്തോഷിപ്പിക്കുന്നുണ്ടല്ലൊ. അവന്റെ ദാനം സ്വീകരിക്കാൻ ഇടവരാത്ത ദീനരുണ്ടൊ, അവന്റെ സേവകൊണ്ട് സന്തോഷിക്കാത്ത ഗുരുക്കന്മാരുണ്ടൊ? അവനോടു കാട്ടിൽ പോകാൻ ഞാൻ എങ്ങിനെ പറയും?

കൈകയി—രാജാവെ, ഇങ്ങിനെ ഒരു നിമിഷത്തിൽ വരവും തന്നു, മറ്റെ നിമിഷത്തിൽ അനുതപിക്കയാണെങ്കിൽ, ലോകത്തിൽ നിങ്ങൾ എങ്ങിനെ ധൎമ്മിഷ്ഠത പ്രസംഗിക്കും? നിങ്ങൾ ഇപ്പോൾ ചെയ്യുമ്പോലെ മറ്റൊരു രാജാവു ചെയ്തിരുന്നുവെങ്കിൽ അയാളുടെ തലയിൽ അധൎമ്മവും കെട്ടിവെച്ചു, അയാളോടു യുദ്ധത്തിന്നു പുറപ്പെടാൻ അതുതന്നെ പോരെയൊ? തന്റെ ജീവനെ രക്ഷിച്ചു ഒരാളോടു കൃതജ്ഞത കാണിക്കുന്ന ഒരു പൌരനെ കണ്ടെങ്കിൽ അവനെ അയോദ്ധ്യയിൽ വെച്ചേക്കുമൊ? നിങ്ങളുടെ ജീവനെ രക്ഷിച്ചവളോടു വാഗ്ദത്തം ചെയ്ത വരങ്ങളെ അവൾക്കു കൊടുക്കാഞ്ഞതെന്തായിരുന്നു, എന്നു നിങ്ങളെപ്പോലുള്ളവർ ചോദിച്ചാൽ എന്തുത്തരം പറയും?

ദശരഥൻ—കൈകയി, നേരെ മറിച്ചും നീ ആലോചിക്കു. മന്ത്രികളോടും യോഗ്യരായ പൌരന്മാരോടും സാമന്തരാജാക്കന്മാരോടും ആലോചിച്ചു, രാമന്റെ അഭിഷേകം നിശ്ചയിച്ചു എന്നോടു അവരെല്ലാംകൂടി, എന്തുകൊണ്ടാണീ അഭിഷേകം മുടക്കിയത്, എന്നു ചോദിച്ചാൽ ഞാൻ എന്തുത്തരം പറയും. കൈകയിയെ സന്തോഷിപ്പിക്കാനും ഭരതനെ വാഴിക്കാനും വേണ്ടി രാമന്റെ അഭിഷേകം മുടക്കിയെന്നു പറവാനൊ? രാമന്റെ അമ്മയോടു ഞാൻ എന്തു പറയും. കൈകയിയെ സന്തോഷിപ്പിക്കാൻ മൂത്തമകനെ കാട്ടിലാക്കിയെന്നു പറവാനൊ? സീതയോടു ഞാൻ എന്തു

പറയും ? കാട്ടിൽ തള്ളിക്കളയത്തക്ക തെററ് എന്റെ ഭത്താവ് എന്തുചെയ്തുവെന്നു ജാനകി ചോദിക്കു മ്പോൾ ഞാൻ എന്തു പറയും ?

കൈകയി—നിങ്ങൾ എന്തുപറഞ്ഞാലും കൊള്ളാം. വരം തന്നിട്ട് അതിന്നു വിപരീതം പ്രവൎത്തിക്കരുതു. യോഗ്യന്മാരാരും പണ്ടങ്ങിനെ ചെയ്തിട്ടില്ല.

ദശരഥൻ—ഇല്ല. യോഗ്യന്മാരാരും ഇങ്ങിനെ സ്ത്രീജിതരായി ചാപല്യം പ്രവൎത്തിച്ചിട്ടില്ല. യോഗ്യന്മാരാരും ഒരു സ്ത്രീയെ സന്തോഷിപ്പിക്കാൻ മൂത്തമകനെ കാട്ടിലാക്കി ട്ടില്ല.

കൈകയി—രാജാവെ, വെറുതെ ഓരോന്നെ പറഞ്ഞു സമയം കളയേണ്ടുന്ന ആവശ്യമില്ല. എനിക്കു വാഗ്ദാ നം ചെയ്ത വരം തരണം തന്നെ. തന്നില്ലെങ്കിൽ നിങ്ങളുടെ മുമ്പിൽവെച്ച ഞാൻ വിഷം തിന്നു മരിക്കും. സത്യം പരിപാലിക്ക[illegible]ിച്ചിട്ട് ഒരു സ്ത്രീയെ കൊന്നു വെന്നുള്ള അപവാദം[illegible]ിൽ കയററിവെക്കണ്ട.

ദശരഥൻ—ഹാ. ദൈവമെ [illegible] ഇനി എന്തുചെയ്യും. രാമനെ പിരിഞ്ഞാൽ ഉടനെ ഞാൻ മരിക്കും. അതു കൊണ്ടു മാത്രം എന്റെ ജീവൻ ഉടനെ എന്നെ കൈ വിട്ടില്ലെങ്കിൽ ഭൎത്താവെ പിരിഞ്ഞ സീതയെയും പുത്രനെപിരിഞ്ഞ കൌസല്യയെയും കാണുന്ന മാത്ര യിൽ ഞാൻ മരിക്കും. സ്വൎഗ്ഗത്തിലുണ്ടാകുമൊ എനിക്കു സുഖം. ദേവന്മാർ രാമന്റെ കുശലത്തെ പ്പററി ചോദിക്കുമ്പോൾ ഞാൻ എന്തു പറയും.

പുത്രനില്ലാതെ ക്ലേശിച്ചശേഷം ഉണ്ടായ മക്കളിൽ മൂത്തവനെ അനാവശ്യമായും അന്യായമായും വെറും ഒരു സ്ത്രീയെ സന്തോഷിപ്പിക്കാൻവേണ്ടി കാട്ടിലയക്കേണ്ടിവന്നുവെന്നൊ? അവർ രഹസ്യത്തിൽ എന്നെ പരിഹസിച്ചു ചിരിക്കയില്ലയൊ? ഹാ, ദൈവമെ, കാട്ടിൽ പോകാൻ ഞാൻ കല്പിച്ചാൽ രാമൻ മറുത്തു പറയുമൊ? പറഞ്ഞെങ്കിൽ എത്ര നന്നായിരുന്നു! പറയുമൊ? ഒരിക്കലും അവൻ മറുത്തുപറകയില്ല. അതല്ലയൊ കഷ്ടം. കൈകയി നീ ദയചെയ്യണം. ഞാൻ ഒരു വൃദ്ധനല്ലയൊ? ഞാൻ നിണക്കു് അധീനനല്ലയൊ? ഒരു മഹാരാജാവല്ലെ ഞാൻ? ഞാൻ നിന്റെ കാലുപിടിച്ചു് അപേക്ഷിക്കുന്നു നിണക്കു സമ്മതിച്ചുകൂടയൊ? രാജ്യം മുഴുവൻ ഞാൻ നിണക്കു തരാം. നീ അതു രാമനു ദാനംചെയ്തു കൃതാർത്ഥയാകുക.

കൈകയി—ദശരഥമഹാരാജാവിന്റെ സത്യനിഷ്ഠയെപ്പറ്റി ലോകം പരിഹസിക്കത്തക്ക നില വരുത്തരുതു. ശൈബ്യരാജാവു് ഒരു പക്ഷിയോടു ചെയ്തു വാഗ്ദാനത്തെ നിറവേറ്റാൻവേണ്ടി സ്വന്തം ശരീരത്തെയല്ലെ അതിന്നു കൊടുത്തതു്? സ്വന്തം കണ്ണു ചൂന്നെടുത്തു കൊടുത്ത ആ ബ്രാഹ്മണനെ ഓർക്കരുതൊ?

ദശരഥൻ—നിന്നെ ഞാൻ എന്റെ ഭാര്യയാക്കി അഗ്നിസാക്ഷിയായി കൈപിടിച്ചു ആ അവസരത്തെ ഞാൻ ശപിക്കുന്നു. രാമനെ കാട്ടിലയച്ചു കണ്ടതുകൊണ്ടു മാത്രമല്ല, ഞാൻ മരിച്ചു കണ്ടതുകൊണ്ടും

നീ ഉടനെ സന്തോഷിക്കും. രാമാഭിഷേകത്തിന്ന ഒരുക്കിയ ഒരുക്കങ്ങളെക്കൊണ്ട് ഭരതാഭിഷേകമല്ലൊ, എന്റെ ഉദകക്രിയ ചെയ്യേണ്ടിവരും. നീയും നിന്റെ മകനും എന്റെ ഉദകക്രിയ ചെയ്യരുതു. ഞാൻ ദുഃഖക്കടലിൽ പെട്ടു. ഈശ്വരൻ സഹായം. ഇതാ നേരം പുലൎന്നുവരുന്നു. ഇത്ര ഭയങ്കരമായ ഒരു ദിനം ലോകത്തിൽ ഒരിക്കലും ഒരു കാലത്തും പുലൎന്നിട്ടില്ല. എന്നും അയക്കുന്ന കിരണങ്ങളെത്തന്നെയാണൊ ഇന്നും സൂൎയ്യൻ ഭൂമിയിലേക്കയക്കുന്നത്? എന്നും പാടുന്ന സ്വരത്തിലാണൊ ഇന്നും പക്ഷികൾ പാടുന്നത്? ഇതാ വന്ദികളുടെയും ഗായകന്മാരുടെയും സ്വരം കേൾക്കുന്നു. കൈകയി, നിന്റെ ഇഷ്ടം സാധിക്കട്ടെ. നീ സന്തോഷിക്കട്ടെ. ലോകത്തിൽ മേലാൽ സ്ത്രീകളെ അവിശ്വാസത്തിലല്ലാതെ പുരുഷന്മാർ സംസാരിക്കാൻകൂടി സംഗതിവരാതെയാകട്ടെ.

(മൂൎഛിക്കുന്നു)

(കൎട്ടൻ)

# അങ്കം 3. രംഗം 1.

[ മാലിനിയെന്നും സൌദാമിനിയെന്നും രണ്ടു സ്ത്രീകൾ രണ്ടുഭാഗത്തുനിന്നായി പ്രവേശിക്കുന്നു. ]

സൌദാമിനി—മാലിനിയൊ? നീ എങ്ങട്ടാണ് ഇത്ര ബദ്ധപ്പെട്ടു പോകുന്നത്? കൊട്ടാരത്തിൽ എന്താണൊരു കോലാഹലം?

മാലിനി—നീ വിവരമൊന്നും അറിയാത്തവളെപ്പോലെയല്ലൊ പറയുന്നത്!

സൌദാ—ശരിയാണ് നീ പറഞ്ഞത്. ഞാൻ യാതൊന്നും അറികയില്ല. ഇന്നാൾ നീ എന്നെ കണ്ടിരുന്നില്ലെ? അന്നു പോയിട്ടു ഞാൻ ഇന്നു മടങ്ങിവരികയാണ്. ഞാൻ വർത്തമാനം ആരോടും ചോദിച്ചില്ല. ചോദിക്കാതെതന്നെ എന്തൊ ഒരു അസാധാരണ സംഭവം ഉണ്ടായിട്ടുണ്ടെന്ന് എനിക്കു തോന്നി. ജനങ്ങളുടെ മുഖസ്വഭാവത്തിലും, അവർ കൂട്ടംകൂട്ടമായി ഓരോ ദിക്കിൽനിന്നു സംസാരിക്കുന്ന സമ്പ്രദായത്തിലും, എന്തിനുപറയുന്നു, അയോദ്ധ്യയിലെ ആകാശമണ്ഡലത്തിൽതന്നെയും, ഒരു അസാധാരണസംഭവത്തിന്റെ സൂചനകൾ കാണുന്നുണ്ട്. ഞാൻ അഭിഷേക

വൎത്തമാനം കേട്ടിട്ടാണ്, ബദ്ധപ്പെട്ടു വന്നത്. എന്നാൽ ഈ സൂചനകൾ ശുഭസൂചനകളായി തോന്നാത്തതുകൊണ്ട്, ആരോടും ഒന്നും ചോദിപ്പാൻ എനിക്കു ധൈൎയ്യമുണ്ടായില്ല. മഹാരാജാവിന്ന് സുഖക്കേടൊന്നുമില്ലല്ലൊ. അതാ, നോക്കു കുറെ ജനക്കൂട്ടം കൊട്ടാരത്തിലേക്കു ബദ്ധപ്പെട്ടു പോകുന്നതു നോക്കു. സൎവ്വരും പരിഭ്രമിച്ചിരിക്കുന്നു. ഇതിന്റെയൊക്കെ അൎത്ഥമെന്ത്. അറിവാൻ എനിക്കു ബദ്ധപ്പാടായിരിക്കുന്നു.

മാലിനി—ഞാനെന്താണ് പറയേണ്ടത്! നമുക്കൊക്കെ അത്യനൎത്ഥം നേരിട്ടിരിക്കുന്നു.

സൌദാ—എന്താണത്, ? വേഗം പറയൂ.

മാലിനി—ശ്രീരാമദേവന്റെ അഭിഷേകം മുടക്കി, അദ്ദേഹത്തെ കാട്ടിൽ അയപ്പാൻ തീൎച്ചയാക്കി. ഭരതകുമാരന്ന് അഭിഷേകം നിശ്ചയിച്ചു.

സൌദാ—അയ്യൊ ദൈവമെ,— ഇതെന്തു കഥ? ലോകം കീഴ്മേൽമറിയുന്നുവൊ? ഇതു സംഭവിപ്പാൻ പാട്ടുള്ളതാണൊ? എനിക്കിതു വിശ്വസിപ്പാൻ സാധിക്കുന്നില്ല. ഇതിന്നെന്തു സംഗതി. പെട്ടെന്ന് ഈ വിധം സംഭവിപ്പാൻ ഗൌരവമുള്ള വല്ല സംഗതിയും ഉണ്ടായിരിക്കണമല്ലൊ.

മാലിനി—സംഗതി അസൂയയും സ്വാൎത്ഥവും തന്നെ.

സൌദാ—ആരുടെ അസൂയ? ആരുടെ സ്വാൎത്ഥം?

മാലിനി — കൈകയിരാജ്ഞിയുടെയല്ലാതെ മററാരുടെ ?

സൌദാ — മഹാപാപി! ശ്രീരാമദേവനെപ്പററി മഹാരാജ്ഞി ഇന്നാൾ എന്തൊക്കെ സ്തുതിച്ചുപറഞ്ഞിരുന്നു! രാമദേവനെപ്പററി അവിടുത്തേക്ക് എന്തൊരു സ്നേഹമായിരുന്നു. പിന്നെ ഇത്രവേഗം ഈ കൊടുങ്കാററ് അടിപ്പാൻ കാരണമെന്ത് ?

മാലിനി — തന്റെ പുത്രന്ന് രാജ്യം കിട്ടേണമെന്ന് ആക്കാണ് ആഗ്രഹമില്ലാതിരിക്കുക.

സൌദാ — അതിന്നു രാമദേവനെ കാട്ടിലയയ്ക്കുന്നതെന്തിന്ന് ?

മാലിനി — രാമദേവനോടുള്ള വിരോധമാണെന്നല്ല തോന്നുന്നത്. കൌസല്യാദേവിയോടുള്ള അസൂയയാണ്. അസൂയ എന്തൊക്കെ ഉപദ്രവത്തിന്നു കാരണമാകും! നീ കാണുന്നില്ലേ, ഈ ധമ്മഭൂമിയിൽതന്നെ അസൂയാലുക്കളെകൊണ്ടുള്ള ബുദ്ധിമുട്ടുകൾ കാണുന്നില്ലേ ? ഒരാൾ വല്ല വിധത്തിലും നന്നാകുന്നത് ഈ ദുഷ്ടന്മാക്ക് പൊറുക്കാമൊ ? ഒരാൾ സ്വന്തം അദ്ധ്വാനംകൊണ്ടു കുറെ ദ്രവ്യം സമ്പാദിച്ചെങ്കിൽ, അവൻ കട്ടിട്ടൊ ചതിച്ചിട്ടൊ സമ്പാദിച്ചതാണെന്നു പറഞ്ഞുണ്ടാക്കും. ഒരുവൻ വിദ്വാനായിത്തീന്നാൽ അവന്റെ കുലത്തെ പഴിക്കും. കുലമാഹാത്മ്യംകൊണ്ടു കീത്തിപ്പെട്ടവന്റെ തലയിൽ അപവാദം ചുമത്തും.

സൌദാ — രാമദേവന്ന് എന്തു കുററം പറഞ്ഞാണ് അദ്ദേഹത്തെ നാടുകടത്തുന്നത്.

മാലിനി—കസ്തൂരി മൃഗത്തിന്ന് എന്തു കുററംപാഞ്ഞാണം അതിനെ ജനങ്ങൾ തല്ലിക്കൊല്ലുന്നത് ?

സൌദാ—ശരി, മനുഷ്യൻ സ്വാൎത്ഥത്തിന്നുവേണ്ടി പരദ്രോഹം ചെയ്യുന്നു. എന്നാൽ ദശരഥമഹാരാജാവുള്ളപ്പോൾ കൈകയിരാജ്ഞിക്ക് ഇതെങ്ങിനെ സാധിച്ചുവെന്നാണ് എനിക്കു മനസ്സിലാകാത്തത്.

മാലിനി—മഹാരാജാവ് മുൻകൂട്ടിത്തന്നെ എന്തൊ ഒരു സത്യം ചെയ്തുപോയിരുന്നുപോൽ. അതിന്റെ വിവരം മുഴുവൻ ഞാൻ അറിഞ്ഞുകഴിഞ്ഞില്ല.

സൌദാ—ആകപ്പാടെ സാധു മഹാരാജാവ്, അനേക കളത്രത്വത്തിന്റെ ഒഴിച്ചുകൂടാത്ത ഫലം അനുഭവിക്കുകയാണെന്നാണ് തോന്നുന്നത്. പ്രകൃതിയുടെ ശിക്ഷയിൽനിന്ന് ഒഴിവാൻ മഹാരാജാക്കന്മാൎക്കും സാധിക്കയില്ല.

വിലത്തിന്നകത്തുംപുറത്തുംവസിക്കും
മഹാസൎപ്പമാൎജ്ജാരകന്മാൎക്കമദ്ധ്യേ
അകപ്പെട്ടൊരാഖുപ്രവീരന്നുതുല്യം
ഭയപ്പെട്ടിടുംഭാൎയ്യരണ്ടുള്ളമൎത്ത്യൻ.

പഠിക്കട്ടെ- പുരുഷന്മാർ പഠിക്കട്ടെ. ഇതിന്റെ മുഴുവൻ വിവരം അറിവാൻ എന്താണ് വിദ്യ ?

മാലിനി—ഞാൻ അതിന്നുവേണ്ടി പോകയാണ്. രാമദേവനെ മഹാരാജാവ് അടിയന്തരമായി ക്ഷണിച്ചു

വരുത്തിയിരുന്നുവെന്നും; അന്തഃപ്പുരത്തിൽവെച്ച് എന്തൊ രഹസ്യമായി ചില സംഭാഷണങ്ങൾ നടന്നിരുന്നുവെന്നും, രാമൻദേവൻ കുണ്ഠിതനായി മടങ്ങിപ്പോയെന്നും കേട്ടു. സംഭാഷണം നടന്ന അവസരത്തിൽ സുമന്ത്രരും ഉണ്ടായിരുന്നു. അതുകൊണ്ടു നമ്മൾ സുമന്ത്രരുടെ അടുക്കൽ പോയാൽ എല്ലാ വിവരവും അറിവാൻ നമ്മൾക്കും കഴിയും.

സൌദാ—അതാണ് നല്ലത്. എന്നാൽ നമ്മൾ പോക.

---

## രംഗം 2.

---

(കൌസല്യാദേവി പ്രവേശിക്കുന്നു)

കൌസല്യ—ആരാണ് ആ വരുന്നത്? എന്റെ മകനെപ്പോലെ ഇരിക്കുന്നുവല്ലോ? ഛെ, ആയിരിക്കയില്ല. ഇങ്ങിനെ സചാകാശ്യം വരാൻ സംഗതിയില്ലല്ലൊ. അതെ, രാമൻ തന്നെ. എന്താണ് ഇങ്ങിനെ തല താഴ്ത്തി വിചാരമഗ്നനായി നടന്നുവരുന്നത്?

(ശ്രീരാമൻ പ്രവേശിക്കുന്നു. കൌസല്യ അടുത്തുചെന്നു പിടിച്ചാലിംഗനം ചെയ്തിട്ട്)

മകനെ, നീ എന്താണ് ഈ വിധം സചാകാശ്യം നടന്നുവന്നത്? നിന്റെ മുഖം വാടിയിരിക്കുന്നു

വല്ലോ. നീ എന്താണ് പരിഭ്രമിക്കുന്നത്. എന്റെ മകനു വിശക്കുന്നുവൊ_ വരു_ ഇരിക്കു. ഭക്ഷിപ്പാൻ വല്ലതും കൊണ്ടുവരട്ടയൊ ?

രാമൻ—അമ്മെ, എനിക്ക് ഇപ്പോൾ ഭക്ഷിപ്പാൻ സമയമില്ല. വിശക്കുന്നതുമില്ല. അമ്മക്കു വളരെ വ്യസനമുണ്ടാകത്തക്ക ഒരു കാൎയ്യം പറവാനാണ് ഞാൻ വന്നത്.

കൌസല്യ—എന്താണത് ? മഹാരാജാവിന്നു വല്ലതും സംഭവിച്ചുവോ ? സീതക്കൊ ലക്ഷ്മണന്നൊ വല്ല സുഖക്കേടുമായൊ ? ഭരതശത്രുഘ്നന്മാൎക്കു വഴിക്കൽ വല്ല ആപത്തും നേരിട്ടുവോ ?

രാമൻ—അമ്മെ, അവൎക്കാൎക്കും യാതൊരു സുഖക്കേടും ഇല്ല. ഞാൻ പറവാൻ പോകുന്ന സംഗതി കേട്ടുകഴിഞ്ഞാൽ അമ്മ അശേഷം വ്യസനിക്കയില്ലെന്നു പറയണം. വ്യസനിപ്പാൻ കാരണമില്ല. ഞാൻ അച്ഛന്റെ ഇഷ്ടത്തെ അനുവൎത്തിപ്പാനാണ് പോകുന്നത്. പിതാക്കളുടെ ഹിതത്തെ അനുവൎത്തിക്കുകയല്ലയൊ മക്കളുടെ കൃത്യം ? അച്ഛൻ എന്നോടു വല്ലതും കല്പിച്ചാൽ ഞാൻ അത് ഉടനെ ചെയ്യേണ്ടതല്ലയൊ ?

കൌസല്യ—നിശ്ചയമായും ചെയ്യണം. അതിൽപരം പുത്രകൃത്യമില്ല. പക്ഷെ എനിക്കു വ്യസനകരമായ സംഗതിയാണെന്നുള്ള നിന്റെ വാക്കുകേൾക്കുകയും നിന്റെ ഈ പരിഭ്രമം കാണുകയും ചെയ്യുമ്പോൾ

എന്റെ ഹൃദയം പിളരുന്നു. കാര്യമെന്താണെന്നു വേഗം പറയുക.

രാമൻ—അമ്മെ, ഞാൻ കാട്ടിലേക്കു പോകുന്നു.

കൌസല്യ—കാട്ടിലേക്കൊ? എന്തിന്ന്? ഇന്നു നിന്റെ അഭിഷേകമല്ലയൊ?

രാമൻ—അതെ, അഭിഷേകംതന്നെ. പക്ഷെ കാട്ടരിപ്പാനാണ് അച്ഛൻ എന്നെ എല്പിച്ചിരിക്കുന്നത്.

കൌസല്യ—മകനെ, നീ എന്താണ് പറയുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ലല്ലൊ.

രാമൻ—ഞാൻ പറയാം. അച്ഛൻ കൈകയിമാതാവിന്നു പണ്ടു രണ്ടു വരം കൊടുത്തിരുന്നപോൽ.

കൌസല്യ—ശരി, അതിനെപ്പററി മഹാരാജാവ് എന്നോടു പറഞ്ഞിരുന്നു. എന്നു മാത്രമല്ല, അത് അക്കാലത്ത് രാജ്യത്തൊക്കെ പ്രസിദ്ധമായ ഒരു സംഗതിയായിരുന്നു.

രാമൻ—ആ വരം ഇപ്പോൾ കൊടുക്കേണമെന്ന് കൈകയിമാതാവ് ആവശ്യപ്പെട്ടിരിക്കുന്നു. അച്ഛൻ അതു സമ്മതിക്കേണ്ടിയും വന്നിരിക്കുന്നു. അവയിൽ ഒന്നു ഞാൻ പതിനാലുകൊല്ലം കാട്ടിൽ സഞ്ചരിച്ചു കാലം കഴിക്കേണമെന്നും മറേറതു ഭരതൻ യുവരാജപട്ടം വഹിക്കേണമെന്നും ആകുന്നു.

കൌസല്യ—അയ്യൊ, മകനെ, കൈകയി ചതിച്ചൊ?

(കണ്ണുപൊത്തികരയുന്നു)

രാമൻ—അമ്മേ, നിങ്ങൾ വ്യസനിക്കരുത്. എനിക്കു കാട്ടിൽ പോകുന്നതിന് അശേഷം മടിയായാ വ്യസനമോ ഇല്ല. നിങ്ങൾക്ക് ഇതുനിമിത്തം സങ്കടമുണ്ടാകുന്നതാണ് എനിക്കു സഹിച്ചുകൂടാത്തത്. അമ്മേ, കാര്യമാലോചിച്ചാൽ നാട്ടുവാഴുന്നതിനെക്കാൾ പ്രയാസംകുറഞ്ഞ പ്രവൃത്തിയാണ് കാട്ടുവാഴുന്നത്. കൈകേയിമാതാവ് എന്റെ ഇഷ്ടമനുസരിച്ചാണ് പ്രവർത്തിച്ചത്. അമ്മ വ്യസനിക്കരുത്. കൈകേയിമാതാവോടോ, ഇതുനിമിത്തം മറെറ വല്ലവരോടുമോ, അമ്മയുടെ മനസ്സിൽ യാതൊരു കോപവും ജനിക്കരുത്. ഞാൻ അച്ഛന്റെ ഹിതത്തെ അനുവർത്തിക്കുകയാണെന്ന് അമ്മ ഓർമ്മിക്കുമല്ലോ.

കൌസല്യ—മഹാരാജാവ് നിന്റെ മുഖത്തുനോക്കി കാട്ടിൽ പോവാൻ പറഞ്ഞുവോ?

രാമൻ—അച്ഛൻ നേരിട്ട് എന്നോടൊന്നും പറഞ്ഞില്ല അച്ഛൻ അപാരമായ ദുഃഖത്തിൽ കിടന്നു വലഞ്ഞിരിക്കുകയാണ്. കൈകേയിമാതാവാണ് അച്ഛന്റെ കല്പനയെ എന്നോടു പറഞ്ഞത്.

കൌസല്യ—ഞാൻ ഇതൊരു കാലത്തും അനുവദിക്കയില്ല. കൈകേയിയുടെ ആവിധമുള്ള ദുഷ്ടവിചാരത്തിന്ന് അനുകൂലമായി എന്റെ മകനെ കാട്ടിലയക്കാൻ രാജാവിന്ന് അധികാരമില്ല.

രാമൻ—അമ്മേ, അച്ഛന്റെ അധികാരത്തെപ്പററി ചോദ്യം ചെയ്വാൻ നമ്മൾ ആരാണ്? അച്ഛൻ എന്തു

കല്പിച്ചാലും അതു ഉടനെ അനുസരിക്കേണ്ടതല്ലയോ മക്കളുടെ കൃത്യം ?

കൌസല്യ—അച്ഛന്റെ കല്പന മാത്രമല്ല, അമ്മയുടെ കല്പനയും മക്കൾ അനുസരിച്ചു നടക്കേണ്ടത് ആവശ്യമാണ്. കാട്ടിൽ പോകേണമെന്ന് അച്ഛൻ നിന്നോടു കല്പിക്കയാണെങ്കിൽ പോകരുതെന്നു ഞാനും കല്പിക്കും. മകന്റെമേൽ അച്ഛനെപ്പോലെതന്നെ അമ്മക്കും അധികാരമുണ്ട്. നീ പിന്നെ ആലോചിപ്പാനുള്ളത് ആരുടെ കല്പനയാണ് ന്യായമെന്നാണ്.

രാമൻ—അതാ വസിഷ്ഠമഹൎഷി വരുന്നു.

(വസിഷ്ഠൻ പ്രവേശിക്കുന്നു. രണ്ടുപേരും വന്ദിച്ച് ഇരുത്തുന്നു)

കൌസല്യ—മഹൎഷെ, ഞാൻ ഈ പരമസങ്കടത്തിൽ അകപ്പെട്ട ഈ അവസരത്തിൽ അവിടുന്ന് എഴുന്നെള്ളിയതു മഹാ ഭാഗ്യമായി. മഹാരാജാവ് എന്റെ മകനെ കാട്ടിലയക്കാൻ തീൎച്ചയാക്കിയത് ഇവിടുന്നു കേട്ടില്ലെ ? ഇതിന്ന് ഇവനും ഞാനും എന്തൊരു പിഴയാണ് ചെയ്തത്.

വസിഷ്ഠൻ—ഞാൻ എല്ലാം അറിഞ്ഞു. നിങ്ങൾ വളരെ വ്യസനിച്ചിരിക്കുമെന്നു വിചാരിച്ചിട്ട് ആശ്വസിപ്പിക്കാനാണ് ഞാൻ വന്നത്. ഇങ്ങിനെയുള്ള ആപത്തുകൾ ഇന്ന ആൾക്കേ ഇന്ന സമയത്തേ വന്നുകൂടൂ വെന്നില്ല.

കൌസല്യ—ഇവൻ കാട്ടിൽ പോകേണമെന്ന് ഇവന്റെ അച്ഛൻ കല്പിക്കയാണെങ്കിൽ പോകരുതെന്നു ഞാനും കല്പിക്കും. ഇവിടുന്നു എല്ലാം അറിയുന്ന ആളാണല്ലൊ.

വസിഷ്ഠൻ—എന്നാൽ കാൎയ്യത്തിന്റെ യഥാൎത്ഥസ്ഥിതി ആലോചിച്ചുനോക്കുക. കൈകയി ആദ്യം മഹാരാജാവിനെക്കൊണ്ട് ഒരു സത്യം ചെയ്യിച്ചു. തനിക്കു കൊടുക്കാമെന്നു പറഞ്ഞിരുന്ന വരങ്ങൾ രണ്ടും ഈ അവസരത്തിൽ കൊടുക്കാതിരിക്കയില്ലെന്നു മഹാരാജാവ് കാൎയ്യമറിയുന്നതിന്നു മുമ്പിൽ സത്യവും ചെയ്തു. മഹാരാജാവിന്റെ സത്യത്തെ പരിപാലിക്കാതെ നിവൃത്തിയുണ്ടോ ?

കൌസല്യ—മഹൎഷെ, എനിക്ക് ഈ വക വിഷയത്തിൽ പരിചയമൊന്നും ഇല്ല. കാൎയ്യമറിയാതെ ഒരാൾ സത്യം ചെയ്യുന്നതു ന്യായമാണോ ?

വസിഷ്ഠൻ—അതു ചോദിച്ചിട്ട് ഇനി കാൎയ്യമില്ല. ന്യായമായാലും അന്യായമായാലും, ചെയ്യേണ്ടതു ചെയ്തു. മഹാരാജാക്കന്മാർ സ്വേച്ഛാനുസൃതം ചെയ്യുന്ന കാൎയ്യങ്ങളുടെ ന്യായാന്യായങ്ങളെപ്പററി പിന്നീടു പറഞ്ഞിട്ടു ഫലമില്ല. രാജാവു തങ്ങളോട് അന്വേഷിക്കാതെ അന്തഃപുരങ്ങളിൽവെച്ചു തീൎച്ചപ്പെടുത്തുന്ന കാൎയ്യങ്ങൾക്കു മന്ത്രിമാരും ആചാൎയ്യന്മാരും ഉത്തരവാദികളല്ല. സൎവ്വ സംഗതികളിലും, ന്യായസ്ഥനും സത്യവാനും പ്രജകളോട് അത്യന്തം കാരുണ്യമുള്ള

ന്നുള്ളം ഭരണനിപുണനം, ആണെന്ന തെളിയിച്ചിരി
ക്കുന്ന ഒരു മഹാരാജാവു, സംഗതിവശാൽ ഒരു
അബദ്ധം തന്നെ ചെയ്തുപോയാലും, അതു മന്ത്രിമാരും
പ്രജകളും ഗൌരവമായി വിചാരിച്ചു വരുന്നതല്ല.

കൌസല്യ—മന്ത്രിമാരും പ്രജകളും ഗൌരവമായി വിചാ
രിച്ചു ഇതിൽ വല്ലതും പ്രവൎത്തിക്കണമെന്നു ഞാൻ
ആവശ്യപ്പെട്ടുന്നില്ല. ഞാനതു് ആലോചിക്കുന്നുമില്ല.
ഇതു് എന്റെ കാൎയ്യമാണു്. പ്രജകളുടെ കാൎയ്യമല്ല.
ഞാൻ പെററ മകനെ കാട്ടിലയക്കുന്നതു തടയുവാൻ
എനിക്കു് അധികാരമുണ്ടോ എന്നാണു് അറിയ
ണ്ടതു്. അതുകൊണ്ടു, കാൎയ്യമറിയുന്നതിനു മുമ്പിൽ
ഒരാൾ തന്റെ പ്രണയിനിയോടു അന്തഃപ്പുരത്തിൽ
വെച്ചു ചെയ്യുന്ന സത്യത്തിനു വിലയുണ്ടോ എന്നു
പറഞ്ഞുതരണം.

വസിഷ്ഠൻ—സത്യത്തിന്നു് എപ്പോഴും ഏതുനിലയിലും വില
യുണ്ടു്. വാഗ്ദാനം ഒരിക്കലും ലംഘിച്ചുകൂടാ. അറി
യാതെ ചെയ്തുപോയ വാഗ്ദാനമാണെന്നു പിന്നെ
പറഞ്ഞാൽ മതിയാകുന്നതല്ല. വാക്കുകൾ ലംഘിച്ചു
പ്രവൎത്തിക്കുന്നവർ മനുഷ്യരല്ല. അങ്ങിനെ ഒരു കാൎയ്യം
ഈ യുഗത്തിൽ നടപ്പാൻ പാടില്ലാത്തതുമാകുന്നു.
കലിയുഗത്തിലല്ലാതെ വാഗ്ദാനലംഘനം ഉണ്ടാകുന്ന
തല്ല. ആ യുഗത്തിൽ ആരും ആരുടെ വാക്കും
വിശ്വസിക്കുകയില്ല. മനുഷ്യൻ ഒരു നിമിഷത്തിൽ
പറഞ്ഞതു മറേറാ നിമിഷത്തിൽ തെററിപ്പറയും.

ആ കാലത്ത വാഗ്ദാനം ഉണ്ടാകയില്ല. എല്ലാം "രേഖാദാന"മായിരിക്കും. എഴുതി രേഖപ്പെടുത്തി സാക്ഷിപ്പെടുത്തിയല്ലാതെ ഒരാളുടെ വാക്ക മറ്റൊരാൾ വിശ്വസിക്കുകയില്ല. കലികാലത്തു വാഴുന്ന രാജാക്കന്മാർ ആ വിധം രേഖകളെ സാക്ഷ്യപ്പെടുത്തുവാൻ പ്രത്യേകം രാജഭൃത്യരെ ഏൎപ്പെടുത്തേണ്ടിവരും. ഈ യുഗത്തിൽ വാക്കിന്നാണ് വില. എന്നാൽ ഇന്നും അന്നും സത്യംതന്നെ ലോകത്തെ ഭരിക്കും. കലിയുഗത്തിൽപോലും അസത്യവാദികൾ തൽക്കാലം ജയിക്കുമെങ്കിലും ഒടുവിൽ അവർ അതിന്റെ ഒഴിച്ചുകൂടാത്ത സങ്കടഫലം അനുഭവിക്കും. ശേഷ മഹാരാജാവ് വല്ലവിധത്തിലും സത്യം ചെയ്തുപോയി. അതു പരിപാലിക്കാതെ നിവൃത്തിയില്ല.

<u>രാമൻ</u>—അതിന്ന് എന്റെ സഹായം വേണം. എനിക്ക് എന്റെ അമ്മയുടെ സഹായം വേണം. രാമൻ രാജ്യം കൊതിച്ചിട്ട്, അച്ഛനെ അസത്യവാദിയാക്കിയെന്നു ലോകം മേലാൽ പറവാൻ സംഗതിവരുത്തരുതമ്മെ.

(ലക്ഷ്മണൻ പ്രവേശിക്കുന്നു)

<u>ലക്ഷ്മണൻ</u>—മാതാവെ, ജ്യേഷ്ഠനെവിടെ?

<u>കൌസല്യ</u>—മകനെ, നിന്റെ ജ്യേഷ്ഠനിതാ, വനത്തിൽ പോകാൻ സന്നദ്ധനായിരിക്കുന്നു. എന്നെയും നിന്നെയും വെടിഞ്ഞു എന്റെ മകൻ കാട്ടിൽ പോകുന്നു.

ലക്ഷ്മണൻ—ഒരിക്കലും പാടില്ല. ഈ വിധം അന്യായമായ കല്പനകളെ വഴങ്ങി വീട്ടും നാട്ടും ഉപേക്ഷിച്ചു കാട്ടിൽ പോകുന്നതു ഭീരുത്വമാണ്. ജ്യേഷ്ഠാ, ഞാനിത് ഒരിക്കലും അനുവദിക്കുകയില്ല.

വസിഷ്ഠൻ—അങ്ങിനെ പറയരുത്. പുത്രന്മാർ അച്ഛന്റെ കല്പനയെ ഏതുവിധത്തിലും അനുസരിക്കേണ്ടതല്ലയൊ?

ലക്ഷ്മണൻ—മഹർഷെ,. ഈ അവസരത്തിൽ ഞാൻ വല്ലതും പറയുന്നതു ധിക്കാരമായി വിചാരിക്കരുത്. എന്നോടു അതുനിമിത്തം മുഷിയുകയും അരുതു. അന്യായമായ ഈ കല്പന കേട്ടതിനാൽ എന്റെ മനസ്സിൽ ഉണ്ടായിരിക്കുന്ന ക്ഷോഭംനിമിത്തം എന്റെ വാക്കുകൾ പക്ഷെ, ധിക്കാരമുള്ളവയായി തോന്നിയേക്കാം. ഞാൻ കരുതിക്കൂട്ടി യാതൊരു അനാദരവും മനസ്സിൽ വിചാരിക്കുന്നില്ല.

രാമൻ—ലക്ഷ്മണാ, ആചാര്യരോടു സംസാരിക്കുന്നത് സൂക്ഷിച്ചിട്ടുവേണം.

വസിഷ്ഠൻ—ലക്ഷ്മണൻ പറയട്ടെ. മനസ്സിലെ വ്യസനം, പറയേണ്ടതു തുറന്നു പറഞ്ഞാൽ തന്നെ, കുറെ ശമിക്കും. ലക്ഷ്മണാ, ഞാൻ നിന്റെ വാക്കിൽ യാതൊരു അനാദരവും ഉള്ളതായി വ്യാഖ്യാനിക്കുകയില്ല. വാക്കുകളുടെ ഗുണാഗുണങ്ങളെയും ഫലാഫലങ്ങളെയും ഗണിക്കുന്നതിൽ സന്ദർഭത്തെക്കൂടി ആലോചിക്കേണ്ടതുണ്ടല്ലൊ.

ലക്ഷ്മണൻ—ഞാൻ പറവാൻ വിചാരിച്ചിരുന്നതു മറ്റൊന്നുമല്ല. അച്ഛൻെറയെന്നല്ല, ഏതു ഗുരുക്കന്മാരുടെയും ഏതു കല്പനയും അനുസരിപ്പാൻ നമ്മൾ ശ്രദ്ധയുള്ളവരായിരിക്കേണ്ടതാണെങ്കിലും, നമ്മൾ അങ്ങിനെ ശ്രദ്ധയുള്ളവരാണെന്നു ഗുരുക്കന്മാരും ധരിച്ചിരിക്കേണ്ടതാണ്. കാളകൾ ഭാരം പേറാൻ ഉള്ളവയാണെന്നു വിചാരിച്ചു, അവയുടെ നട്ടെല്ല് ഒടിയുന്നതുവരെയുള്ള ഭാരം പുറത്ത് ഏററിവെപ്പാൻ വല്ലവരും വിചാരിക്കുമൊ ? മനുഷ്യരെ സംബന്ധിച്ചു, അതിലും ഗൌരവമായി വിചാരിക്കേണ്ടുന്ന സംഗതികളുണ്ട്. മനുഷ്യൻ സ്വാതന്ത്ര്യത്തെ ഇച്ഛിക്കുന്നു. മനുഷ്യന്നു സ്വാതന്ത്ര്യബുദ്ധി പ്രായത്തിന്നനുസരിച്ചു അഭിവൃദ്ധി പ്രാപിക്കുന്നതിനെ തടയുവാൻ ഗുരുക്കന്മാരുടെ പ്രവൃത്തികൾ ഇടയാകരുതല്ലൊ. എന്നു മാത്രമല്ല, അച്ഛനായാലും ഗുരുവായാലും, ഏതുവരെ അവരുടെ കല്പനകൾ സ്വീകാൎയ്യങ്ങളായിരിക്കുമെന്നു നമ്മൾ ആലോചിക്കേണ്ടയൊ ? ചിത്തഭ്രമമുള്ള ഒരു പിതാവ്, കല്പിക്കുന്ന കല്പനകൾ പുത്രന്മാർ അനുസരിക്കുമൊ, അനുസരിക്കേണമൊ ? ഞങ്ങളുടെ അച്ഛൻ ഒരു സ്ത്രീയിൽ വലഞ്ഞ നിലയിൽ കല്പിക്കുന്ന കല്പനകൾ ഒരു ഭ്രാന്തൻെറ കല്പനപോലെ കരുതേണ്ടതാണ്. അതുകൊണ്ട് അച്ഛനെയും കൈകയിമാതാവിനെയും ഭരതനെയും ഞാൻ ഈ നിമിഷം പിടിച്ചുകെട്ടി ജ്യേഷ്ഠൻെറ അഭിഷേകം നിൎവ്വഹിക്കും. ജ്യേഷ്ഠാ വരിൻ, മാതാവെ, വ്യസനിക്കരുത്.

**രാമൻ**__ലക്ഷ്മണാ, നീ ഇങ്ങിനെ കോപിക്കരുത്. എല്ലാ കാൎയ്യങ്ങളും സാവധാനത്തിൽ ആലോചിക്കണം. കോപിക്കുമ്പോൾ ന്യായം തോന്നുകയില്ല. അതു കൊണ്ട് നീ കോപം അടക്കി കാൎയ്യത്തിന്റെ സ്വഭാവം നല്ലവണ്ണം ആലോചിക്കുക.

**ലക്ഷ്മണൻ**__ഞാൻ കാൎയ്യത്തിന്റെ സ്വഭാവം നല്ലവണ്ണം ആലോചിച്ചിരിക്കുന്നു. അതുകൊണ്ടാണ് എനിക്ക് കോപം ഉണ്ടായത്. ഇതൊക്കെ മുൻകൂട്ടി കരുതി കൂട്ടി ചെയ്ത പ്രവൃത്തിയാണ്. ആ കൂനി ജ്യേഷ്ഠനോടു പറഞ്ഞത് ഓൎമ്മയില്ലേ?

**കൌസല്യ**__ഏതു കൂനി? മന്ഥരയൊ? ഹാ! എനിക്കൊരു കാൎയ്യം ഓൎമ്മവന്നു. ആ മന്ഥര രാമന്റെ അഭിഷേകം മുടക്കുമെന്നു ശപഥംചെയ്തിരുന്നുവെന്ന് എന്റെ പോററമക്കൾ എന്നോടു വന്നു പറഞ്ഞിരുന്നു.

**രാമൻ**__എന്നോടു അവൾ അങ്ങിനെയല്ല പറഞ്ഞിരുന്നത്. ഈ അഭിഷേകം മുടക്കുവാൻ കൈകയിമാതാവു ശ്രമിക്കുന്നുണ്ടെന്നാണ് അവൾ എന്നോടു പറഞ്ഞത്.

**കൌസല്യ**__എനിക്കീ മഹാമായയൊന്നും മനസ്സിലാകുന്നേ ഇല്ല.

**ലക്ഷ്മണൻ**__ഞാൻ പറഞ്ഞില്ലേ, ആ കൂനിയെ ഞാൻ വിശ്വസിക്കയില്ലെന്ന്. അവൾ മഹാ ദുഷ്ടയാണ്.

വസിഷ്ഠൻ—എന്തിന്നു മന്ഥരയെ കുററം പറയുന്നു, എന്തിന്നു കൈകയിയെ കുററം പറയുന്നു, എന്തിന്നു മഹാരാജാവെ കുററം പറയുന്നു, മനുഷ്യന്നു വരാനിരിക്കുന്നതു വരാതെ നിവൃത്തിയില്ല. മനുഷ്യൻ കഴിഞ്ഞ ജന്മത്തിൽ ചെയ്തിരുന്ന കൎമ്മത്തിന്റെ ഫലം അനുഭവിക്കേണ്ടിവരും. അതിന്നു മററുള്ളവരെ കുററം പറയരുത്. അവർ അതിന്നു തൽക്കാലം കാരണമായിതീരുന്നതേഉള്ളൂ. രാമൻ കാട്ടിൽ പോയിട്ടു ലോകത്തിന്ന് ഉപകാരമുള്ള വല്ല കാൎയ്യവും ചെയ്യേണമെന്നു ദൈവം കരുതീട്ടുണ്ടായിരിക്കാം. അതുകൊണ്ടായിരിക്കാം ഈവിധമൊക്കെ വന്നുകൂടിയതെന്നും വിചാരിച്ചുകൂടയൊ? അതുകൊണ്ട് ആരെയും കുററപ്പെടുത്തരുത്. നമ്മൾ ഈ കാൎയ്യത്തിൽ ഇത്രയെ വിചാരിക്കേണ്ടതുള്ളൂ: മഹാരാജാവ് കൈകയിയെ സൎവ്വാത്മനാ വിശ്വസിച്ചിരുന്നതിനാൽ ആ വിധം സത്യം ചെയ്തുപോയി. അതിനെ പരിപാലിക്കാൻ രാമൻ ബാദ്ധ്യസ്ഥനായിരിക്കുന്നു. അതിന്നു ലക്ഷ്മണൻ മുടക്കം പറയരുതു. കൌസല്യാദേവി വ്യസനിക്കരുതു. ഈ വംശത്തിന്റെ ആചാൎയ്യന്റെ നിലയിൽ, അതിന്റെ ഭാവിശ്രേയസ്സിനെ കാംക്ഷിച്ചു, ഞാൻ തരുന്ന ഈ ഉപദേശത്തെ അനുസരിക്കുവിൻ. എല്ലാം ശുഭമായും സുഖമായും വന്നു കലാശിക്കും.

കൌസല്യ—മഹാത്മാവും ഞങ്ങൾക്ക് ഈ അവസരത്തിൽ ഏക ശരണവും ആയ അങ്ങുന്നു പറയുന്നതിനെ അനുസരിക്കാതെ നിവൃത്തിയില്ല. ലക്ഷ്മണാ ഇത്

നമ്മളുടെ വിധിയാണ്. ഹാ ദൈവമെ ഞാൻ ആ ചെറിയ പെണ്ണിൻെറ മുഖാരത്തെങ്ങിനെ നോക്കും. ഭർത്താവ് ഒരു മഹാരാജാവായി സർവ്വ ഐശ്വര്യങ്ങളും അനുഭവിക്കുന്നതിനെ കണ്ടു സുഖിക്കേണ്ടുന്ന സീത, ആ ഭർത്താവ് ഒരു കാട്ടിൽ സഞ്ചരിച്ച് ഉഴലുന്നതിനെ ഓർത്തു കണ്ണുനീർ വാർത്തു കാലം കഴിക്കുന്നതും കണ്ടു എങ്ങിനെ ഞാൻ ജീവനെ ധരിച്ചിരിക്കും.

(സുമിത്ര പ്രവേശിക്കുന്നു)

സുമിത്ര—അയ്യൊ! ഈശ്വരാ! ഞാൻ ഈ കേട്ടതു നേരാണെന്നല്ല, തോന്നുന്നത്.

കൌസല്യ—സുമിത്രെ, നീ കേട്ടതു നേരുതന്നെ. കൈകേയിക്കുവേണ്ടി മഹാരാജാവ് എൻെറ മകനെ കാട്ടിലയക്കുന്നു. ഞാനിതാ അവളുടെ [illegible]യായിരിക്കുന്നു. കാട്ടിൽ പോകാൻ ഞാൻ എൻെറ മകന് അനുവാദം കൊടുത്തിരിക്കുന്നു.

സുമിത്ര—എന്നാൽ നമ്മളെന്തിന്ന് ഇവിടെ നില്ക്കുന്നു, നമ്മൾക്കൊക്കെ രാമൻെറ ഒന്നിച്ച് കാട്ടിൽ പോയികൂടയൊ.

കൌസല്യ—അയ്യൊ എനിക്കത് ആദ്യം പറവാൻ തോന്നിയില്ലല്ലൊ.

വസിഷ്ഠൻ—അതു പാടില്ല. നിങ്ങളുടെ ഭർത്താവ് ജീവനോടുകൂടി രാജാവായി ഇരിക്കുന്ന കാലത്തോളം നിങ്ങൾക്കു വനവാസം പാടില്ല.

ലക്ഷ്മണൻ— ഈ വിധികളും ന്യായങ്ങളുംകൊണ്ടു മനുഷ്യ രൊക്കെ കെട്ടിപിട്ടു പട്ടുക്കളെപ്പോലെ ആയിരി ക്കുന്നു.

സുമിത്ര— ഹത വിധി,— എന്നാൽ ഇതിനൊക്കെ ഉള്ളിൽ ഒളിഞ്ഞുകിടക്കുന്ന കാരണമെന്തായിരിക്കും ?

കൌസല്യ—കാരണം ഭരതൻ രാജാവായിരിക്കേണമെന്നാ യിരിക്കാം.

സുമിത്ര— ഭരതൻ രാജാവായി വാണുകൊള്ളട്ടെ. രാമൻ വനത്തിൽ പോകുന്നതെന്തിന്. ആരെങ്കിലും പോരായ കടിയുമെങ്കിൽ എനിക്കു രണ്ടുണ്ടല്ലോ മക്കൾ, അവരിൽ ഒരാളെ രാജാവയച്ചുകൊള്ളട്ടെ.

ലക്ഷ്മണൻ— അമ്മെ, നിങ്ങളെപോലുള്ള ഒരു മാതാവിന്റെ വയറ്റിൽ ജനിപ്പാനുണ്ടായ ഭാഗ്യത്തെ ഞാൻ ശ്ലാഘി ക്കുന്നു. ആ വിധം ഒരു ചാരിതാൎത്ഥ്യം ഭരതനും ഉണ്ടായിരുന്നെങ്കിൽ ? — ആട്ടെ, അമ്മയോട് എനി ക്കൊരു അപേക്ഷയുണ്ട്. ജ്യേഷ്ഠന്റെ ഒന്നിച്ചു, അവൎക്കു സഹായമായി കാട്ടിൽ പോകാൻ എന്നെ അനുവദിക്കണം.

സുമിത്ര— അപേക്ഷയൊ മകനെ, ഞാൻ നിന്നോട് അത് കല്പിക്കാൻ ഭാവിക്കുകയായിരുന്നു. നിണക്കത് തോ ന്നിയതു നന്നായി. നിന്റെ ജ്യേഷ്ഠന്റെ കൂടെ നീയും പോകണം.

രാമൻ—ലക്ഷ്മണാ, വേണ്ട, നീ എന്റെ അമ്മക്കു സഹായമായി ഇവിടെ ഇരുന്നകൊള്ളു.

ലക്ഷ്മണൻ—ജ്യേഷ്ഠാ, വേണം— ജ്യേഷ്ഠനില്ലാത്ത അയോദ്ധ്യയിൽ ഞാൻ ഇരിക്കയില്ല. നിങ്ങൾ എന്നെ മുടക്കരുത്. ഞാൻ ഒന്നിച്ചു വരാതിരിക്കയില്ല.

വസിഷ്ഠൻ—ലക്ഷ്മണൻ കൂടെ വന്നകൊള്ളട്ടെ. വനത്തിൽ നിണക്കൊരു തുണയിരിക്കട്ടെ. ഇനിയും നമ്മൾ സംസാരിച്ചു കാലം കഴിക്കരുതു. വേണ്ടുന്ന ഒരുക്കങ്ങൾ ചെയ്യുക.

(എല്ലാവരും പോയി)

## അങ്കം 4. രംഗം 1

(ഒരു മൈതാനിയിൽ കുറെ പട്ടാളക്കാരും, പട നായകന്മാരും ആൾക്കൂട്ടവും പ്രവേശിക്കുന്നു. ആർപ്പുവിളിയും കോലാഹലവും)

<u>ഒരു പടനായകൻ</u>—എല്ലാവരും ഇരിക്കുവിൻ. ആരും സംസാരിക്കരുതു. നമ്മുടെ നായകനായ പ്രഭാകരൻ പറയുന്നതിനെ എല്ലാവരും ശ്രദ്ധിച്ചു കേൾക്കുക.

<u>പ്രഭാകരൻ</u>—ഈ സാമ്രാജ്യത്തിൽ പണ്ടൊരിക്കലും ഉണ്ടാകാതിരുന്ന അന്യായവും അനർത്ഥവുമാണ് ഇപ്പോൾ നേരിട്ടിരിക്കുന്നതെന്നു നിങ്ങളൊക്കെ അറിയുന്നതാണല്ലോ. ഈ അവസരത്തിൽ രാജഭടന്മാരായ നമ്മൾ പ്രവർത്തിക്കേണ്ടുന്ന ചില മുറകളുണ്ട്. അവ എങ്ങിനെയാണ് നമ്മൾ നിർവ്വഹിക്കേണ്ടതെന്നു, പട്ടാളക്കാരും പൌരന്മാരുമായ നിങ്ങളോടു ആലോചിപ്പാനാണ് നമ്മളൊക്കെ ഇവിടെ ഈ അവസരത്തിൽ കൂടിയിരിക്കുന്നത്.

<u>കൂട്ടത്തിലൊരാൾ</u>—അത്ര ആലോചിപ്പാൻ എന്തുള്ളു. കൈകയിരാജ്ഞിയെയും മഹാരാജാവിനെയും പിടിച്ചു

കെ_ി, ശ്രീരാമദേവന്റെ അഭിഷേകം മുറക്കു നടത്തുക തന്നെ.

പ്രഭാകരൻ—ബദ്ധപ്പെടരുത്. നിങ്ങൾക്കൊക്കെ ഈ അവസരത്തിൽ ഉള്ള സങ്കടവും ക്ഷോഭവും ഇന്നവിധമാണെന്ന് എനിക്കറിയാം. പക്ഷെ, ഇങ്ങിനെയുള്ള സന്ദർഭങ്ങളിൽ ആലോചിക്കാതെ യാതൊന്നും പ്രവർത്തിക്കരുത്.

ചിലർകൂടി—ശരിയാണ്—ശരിയാണ്, കേൾപ്പിൻ കേൾപ്പിൻ.

മറചിലർ—എന്താലോചിപ്പാൻ? ഒന്നും ആലോചിപ്പാനില്ല. ലഹള, ലഹള.

അനേകർകൂടി—ലഹള, ലഹള, വരീൻ, കൈകേയിയെ പിടിച്ചുകെട്ടാം- വരീൻ.

പ്രഭാകരൻ—എന്റെ വാക്കുകൾ ക്ഷമയോടുകൂടി കേൾക്കേണമെന്നു ഞാൻ അപേക്ഷിക്കുന്നു. ഞാനും നിങ്ങളുടെ അഭിപ്രായക്കാരനാണ്.

അനേകർകൂടി—കേൾപ്പിൻ, കേൾപ്പിൻ,

പ്രഭാകരൻ—നിങ്ങൾ ഇങ്ങിനെ പലരും പലതും സംസാരിച്ചാൽ ഞാൻ എങ്ങിനെ പറയും. അതു ശരി. അങ്ങിനെ അല്പനേരം മിണ്ടാതിരിക്കുവിൻ. ഇപ്പോൾ സംഭവിച്ചിട്ടുള്ളത് എന്താണെന്നു നമ്മൾ ആലോചിക്കുക. സർവ്വ ജനങ്ങൾക്കും പ്രീതിഭാജനമായി, സർവ്വഗുണസമ്പൂർണ്ണനായ ശ്രീരാമദേവനെ--

ജനങ്ങൾ--ശ്രീരാമജയ, ശ്രീരാമജയ.

പ്രഭാകരൻ--ശ്രീരാമദേവനെ, ഇന്ന യുവരാജാവായി വാഴിക്കേണ്ടതായിരുന്നു. അതിന്നുള്ള ഒരുക്കങ്ങളൊക്കെ നമ്മൾ ചെയ്തു. ഇന്നേത്തെ ദിവസം പുലൎന്നുകാണ്മാൻ അത്യാശയോടുകൂടി കാത്തിരുന്ന നമ്മളിൽ അനേകം പേരും, ഇക്കഴിഞ്ഞ രാത്രിയെ ശപിച്ചുകൊണ്ടു ഉറക്കം ഒഴിച്ചിരുന്നു. നേരം പുലൎന്നപ്പോൾ നമ്മൾക്കുണ്ടായ അനുഭവം എന്താണ്? ഇന്നലെ രാത്രി നമ്മൾ പ്രതീക്ഷിച്ചിരുന്നതെന്തായിരുന്നു? പറിക്കാൻ കൈനീട്ടിയ പഴം കൈയിലാകുന്നതിന്നുമുമ്പിൽ അതിന് എന്തൊക്കെ മുടക്കം വരാം. ഒരു ദിവസമൊ, ഒരു മണിക്കൂറൊ, ഒരു വിനാഴികയൊ, കഴിയുന്നതിന്ന മുമ്പിൽ നമ്മൾക്ക് അനുഭവമാകാനിരിക്കുന്ന സംഗതികൾ നമ്മുടെ അറിവിൽ പെടാതിരിക്കത്തക്കവിധത്തിൽ മറച്ചുവെക്കുന്ന ചൈതന്യത്തെപ്പററി ആലോചിച്ചുനോക്കുവിൻ. ഈവിധം സംഭവിപ്പാൻ പോകുന്നതായി നമ്മൾ ഇന്നലെ അറിഞ്ഞിരുന്നുവെങ്കിൽ! അതിരിക്കട്ടെ-- നമ്മൾ പ്രതീക്ഷിച്ച പ്രകാരം ശ്രീരാമദേവന്റെ അഭിഷേകം ഇന്ന നടക്കുന്നില്ല. ആട്ടെ, നമുക്കു പൊറുക്കാം. നാളെയൊ മററന്നാളൊ നടക്കുമെന്ന ആശയുണ്ടെങ്കിൽ നമുക്കതു പൊറുക്കാം. ഒരു മാസം കഴിഞ്ഞാൽ നടക്കുമെന്നുണ്ടെങ്കിൽ നമുക്ക പൊറുക്കാം. ഒരു കൊല്ലമായാലും പൊറുക്കാം. പതിനാലുകൊല്ലം! പതിനാലുകൊല്ലം കഴിഞ്ഞാൽ പോൽ.

പതിനാലുകൊല്ലം പൊറുക്കാൻ നമ്മിൽ ആൎക്ക ശേഷിയുണ്ടു്.

ജനങ്ങൾ—ആൎക്കും ഇല്ല, ആൎക്കും ഇല്ല.

പ്രഭാകരൻ—എനിക്കില്ല_ നിശ്ചയം.

ജനങ്ങൾ—ഹാ. കേൾപ്പിൻ കേൾപ്പിൻ, എത്ര സത്യം. ഞങ്ങൾക്കാൎക്കും ഇല്ല.

പ്രഭാകരൻ—ഈ നിലയിൽ നമ്മൾ എന്തുചെയ്യണം എന്നാണു് ആലോചിക്കേണ്ടതു്. എന്തുചെയ്യണം എന്നആലോചിക്കുന്നതിന്നു മുമ്പിൽ ഈ അഭിഷേകം മുടങ്ങുവാൻ എന്താണു് കാരണമെന്നും, ആരാണു കാരണമെന്നും ആലോചിക്കണം. മഹാരാജാവു മന്ത്രികളോടും ആചാൎയ്യനോടും ആലോചിച്ചു, രാമാഭിഷേകം നിശ്ചയിച്ച അവസരത്തിൽ, ആസ്ഥാനമണ്ഡപത്തിൽ ഞാൻ ഹാജരുണ്ടായിരുന്നു. നിങ്ങളിൽ ചിലരും അവിടെ ഉണ്ടായിരുന്നുവല്ലൊ. എത്ര സന്തോഷത്തോടും എത്ര ഉന്മേഷത്തോടുംകൂടിയായിരുന്നു മഹാരാജാവു അഭിഷേകവൎത്തമാനത്തെപ്പററി പറഞ്ഞിരുന്നതു്! രാജാവു് ആ അവസരത്തിൽ ചെയ്തിരുന്ന പ്രസംഗത്തിൽ ശ്രീരാമദേവനെപ്പററി എത്ര വാത്സല്യത്തോടുകൂടിയായിരുന്നു സംസാരിച്ചിരുന്നതു്! അഥവാ, ദശരഥമഹാരാജാവിന്നു് തന്റെ പുത്രനോടുള്ള സ്നേഹാതിരേകത്തെപ്പററി ആർ സംശയിക്കുന്നു? അതുകൊണ്ടു് ഈ അഭിഷേകവിഘ്നം ദശരഥമഹാരാജാവിന്റെ

പൂൎണ്ണമനസ്സാലെ സംഭവിച്ചതല്ല. ദശരഥന്ന് അതി യായ പുത്രവാത്സല്യമുണ്ട്; ദശരഥൻ സന്തോഷ ത്തോടുകൂടി പുത്രന്റെ അഭിഷേകം നിശ്ചയിച്ചു; ദശരഥൻ അന്തപ്പുരത്തിൽ പ്രവേശിച്ചു; ദശരഥൻ അഭിഷേകം മുടക്കി. ഇവയിൽനിന്നു നമ്മൾ അനു മാനിക്കേണ്ടത് എന്താണ്? അന്തപ്പുരത്തിൽനിന്നു ണ്ടായ മാററമാണിത്. അന്തപ്പുരത്തിൽ ഈ മാററം വരുത്താനുള്ള ശക്തി ഏതാണ്?

ഒരാൾ — കാന്തശക്തിയല്ലാതെ മറെറന്ത്?

പ്രഭാകരൻ — അതെ, അഭിഷേകവിഘ്നത്തിന്നു തുടൎച്ചയായി മറെറാരു സംഗതികൂടി ഉണ്ടല്ലൊ. രാമന്റെ അഭി ഷേകം മുടക്കിയാൽ പോരാ— രാമൻ കാട്ടിൽ പോയാൽ പോരാ— ഭരതനെ രാജാവാക്കണംപോൽ. ഭരതനോടു നമ്മൾക്കാൎക്കും വിരോധമില്ല. ദീപത്തോ ടു നമ്മൾക്കാൎക്കേനും വിരോധമുണ്ടായിട്ടാണൊ, സൂൎയ്യ നിരിക്കെ ദീപം കത്തിക്കാത്തത്? രാമനിരിക്കെ ഭരതനെ രാജാവാക്കേണ്ടുന്ന ആവശ്യമെന്ത്?

ഒരാൾ — ഭരതമാതാവിനെ സന്തോഷിപ്പിപ്പാൻ.

പ്രഭാകരൻ — അതെ, അതുതന്നെ. കൈകയിരാജ്ഞിയാണ് ഇതിന്റെയൊക്കെ അടിയിൽ— ആ രാജ്ഞിക്കു രാജാവു പണ്ടെങ്ങാൻ കൊടുത്തിരുന്ന വരങ്ങൾ ഇപ്പോൾ കൊടുക്കേണ്ടിവന്നുപോൽ.

ഒരാൾ — അച്ചികടിച്ച പുല്ലുതന്നെ കുട്ടിയും കടിക്കുന്നു.

പ്രഭാകരൻ—ആരാണ് അച്ഛികടിച്ച പുല്ലിനെപ്പററി പറഞ്ഞത്— ജനഹിതത്തിന്ന വിരോധമായി ഒരാൾ പ്രവൎത്തിക്കുമ്പോൾ, അയാളെപ്പററിയുള്ള അപവാദങ്ങൾ പുറത്തുവരും. കൈകയിരാജ്ഞിയുടെ അമ്മ ഒരു വരത്തെ സംബന്ധിച്ച, തൻെറ ഭൎത്താവിനെ ഉപേക്ഷിച്ചിരുന്നു. കേകയരാജാവിന്ന കിട്ടിയ വരവും അതുസംബന്ധിച്ച, അദ്ദേഹത്തിൻെറ ഭാൎയ്യ ചെയ്യതും അറിയാത്തവർ ആരുണ്ട്? അതിനെപ്പററി പറഞ്ഞിട്ടാവശ്യമില്ല. നമ്മൾ ഇനി ചെയ്യേണ്ടത് എന്താണെന്ന് ഇപ്പോൾ വ്യക്തമായെ.

ജനങ്ങൾ—വ്യക്തമായി. കൈകയിരാജ്ഞിയെ പിടിച്ചുകെട്ടി, രാമാഭിഷേകം നടത്തുകതന്നെ— വരിൻ— എല്ലാവരും കോവിലകത്തേക്ക പോകുക.

(ആൎപ്പുവിളിയിലിടക്ക്, വസിഷ്ഠൻ പ്രവേശിക്കുന്നു— ജനങ്ങൾ ആൎപ്പുവിളി നിറുത്തി പിണ്ടാതിരിക്കുന്നു)

വസിഷ്ഠൻ—മഹാജനങ്ങളെ, അടങ്ങിയിരിക്കുവിൻ. നിങ്ങൾ എന്തുചെയ്യാനാണ് ആരംഭിക്കുന്നത്?

പ്രഭാകരൻ—ഞങ്ങൾ കൈകയിയെ പിടിച്ചുകെട്ടി രാമാഭിഷേകം നടത്തുവാൻ ഭാവിക്കുന്നു.

വസിഷ്ഠൻ—നിങ്ങൾക്കതു സാധിക്കും. പക്ഷെ, രണ്ടുവാക്ക പറവാൻ എന്നെ അനുവദിക്കണം. ശ്രീരാമദേവനോടു എനിക്കുള്ളതിൽ അധികം സ്നേഹമുള്ളവർ

ഈ കൂട്ടത്തിലില്ല. രാമനോടു മാത്രമല്ല, സൂൎയ്യവംശ ത്തോടും അതിലെ സൎവ്വ അംഗങ്ങളോടും എനിക്കുള്ള സ്നേഹത്തെ അതിശയിക്കുന്ന സ്നേഹമുള്ളവർ ആരു മില്ല. രാമനെ യുവരാജാവായി കാണുന്നതിൽ എനി ക്കുള്ള ആഗ്രഹത്തെക്കാൾ അധികം ആൎക്കുമില്ല. ഈ അത്യാപത്തിന്നു കാരണം കൈകയിയാണെന്നു വിധിച്ചു, ആ രാജ്ഞിയെ ശിക്ഷിപ്പാൻ ഒരുങ്ങുന്നതിന്നു മുമ്പിൽ അവൾക്കു പറവാനുള്ളതുകൂടി കേൾക്കേണ്ടതു ന്യായമല്ലയൊ?

ചിലർ—അതുശരി, അതുശരി.

വസിഷ്ഠൻ—എന്നുമാത്രമല്ല, കൈകയിയെ ശിക്ഷിച്ചാലും ശ്രീരാമൻ അതിന്ന് അനുകൂലിക്കുമെന്നും അദ്ദേഹം കാട്ടിൽ പോകാതെ അഭിഷേകത്തിന്നു വഴങ്ങുമെന്നും മുൻകൂട്ടി അറിയേണ്ടതല്ലയൊ? അല്ലാതെ, നമ്മുടെ പ്രവൃത്തിക്കു ഫലമെന്ത്?

പലരും—അത് ആലോചിക്കേണ്ടുന്ന സംഗതിയാണ്.

വസിഷ്ഠൻ—എന്നാൽ, രാമനിതാ സീതാദേവിയോടു വിട വാങ്ങാൻ പോയിട്ടുണ്ട് നമ്മൾ അദ്ദേഹത്തെ ചെന്നു കാണുക.

---

എല്ലാവരും പോയി.

## രംഗം 2.

(രാമനും സീതയും പ്രവേശിക്കുന്നു)

സീത—ഇങ്ങിനെയുള്ള കാൎയ്യങ്ങൾ നേരംപോക്കായിട്ടു പോലും ആരോടും പറയരുത്. ദുൎവ്വിചാരിച്ച സന്തോഷകരമായ വല്ല വൎത്തമാനവും പറയേണമെന്ന് അപേക്ഷിക്കുന്നു.

രാമൻ—ഞാൻ പറഞ്ഞതു നീ വിശ്വസിക്കാത്തതിൽ അത്ഭുതമില്ല. കാൎയ്യം അത്ര ഭയങ്കരമായതാണ്. പക്ഷെ അച്ഛനെപ്പറ്റിയും എന്റെ ഒരു മാതാവിനെപ്പറ്റിയും നേരംപോക്കായിട്ടു ഞാൻ ആ വിധം പറയുമെന്നു നീ വിചാരിക്കുന്നുവോ?

സീത—അയ്യൊ! ഈശ്വരാ! ഇവിടുന്നു പറഞ്ഞതു പരമാൎത്ഥമാണോ? കൈകേയിമാതാവിന്ന് നമ്മളോട് ഈ വിധം പ്രവൎത്തിപ്പാൻ തോന്നിയോ? ഹാ!, ദൈവമെ! ഇതിന്നു ഞാൻ ഒരു കാരണം കാണുന്നില്ലല്ലൊ.

രാമൻ—കാരണം ഒന്നും വേണമെന്നില്ല. എന്റെ കഷ്ടകാലമെന്നെ ഞാൻ വിചാരിക്കുന്നുള്ളൂ. വന്നതിനെപ്പറ്റി ഇനി ആലോചിച്ചിട്ടു ഫലമില്ല. അച്ഛന്റെ സത്യം പരിപാലിക്കേണ്ടത് എന്റെ ധൎമ്മമാണ്.

അതിന്നു നീ വിടതരണം. ലക്ഷ്മണനും എൻെറ ഒന്നിച്ച വരുന്നുണ്ട്. നീ വ്യസനിക്കരുത്. പതിന്നാലു കൊല്ലം കഴിഞ്ഞാൽ ഞാൻ വരും.

സീത—ആ കാൎയ്യം മാത്രം എന്നോടു പറയരുത്. അച്ഛൻ മകനെ കാട്ടിൽ അയപ്പാൻ തീൎച്ചയാക്കിയതോടുകൂടി, മകൻെറ ഭാൎയ്യയേയും കാട്ടിൽ അയപ്പാൻ തീൎച്ചയാക്കിയതായി വിചാരിക്കണം. സീത ഭൎത്താവോടുകൂടി കാട്ടിൽ പോകാതിരിക്കയില്ലെന്ന് അച്ഛനറിയാം. കൈകയിമാതാവിന്നും അറിയാം. അതുകൊണ്ട് ഇവിടുന്നു പുറപ്പെടുന്നുണ്ടെങ്കിൽ ഞാൻ വേണം മുമ്പിൽ പുറപ്പെടാൻ.

രാമൻ—ഭദ്രേ, നീ പറയുന്നതിൻെറ ഗൌരവം നീതന്നെ മനസ്സിലാക്കീട്ടുണ്ടെന്നു തോന്നുന്നില്ല. കാട്ടിൽ പോകുന്നതു മിഥിലാരാജ്യത്തു പോകുംപോലെയാണെന്നു നീ വിചാരിച്ചിരിക്കയാണൊ? കാട്ടിലെ സ്ഥിതി എന്താണെന്നു നിണക്കറിയാമോ?

സീത—എനിക്കു ധാരാളം അറിയാം. മിഥില കാടല്ലെന്നും, കാടു മിഥിലയല്ലെന്നും എനിക്കറിയാം.

രാമൻ—അറിയാമെങ്കിൽ നീ എൻെറ ഒന്നിച്ച വരാൻ ഒരുങ്ങിയതെങ്ങിനെയാണ്. കാട്ടിൽ സഞ്ചരിക്കുന്നതു കാൽനടയായിട്ടുവേണം. രഥങ്ങളും പല്ലക്കുകളും കാട്ടിലുണ്ടാകയില്ല. കാട്ടിൽ രാജവീഥിയും ഇല്ല. ഭയങ്കരങ്ങളായ വൃക്ഷങ്ങളും വള്ളികളും നിറഞ്ഞു സൂൎയ്യകിരണം

ക്കൂടി കടക്കാതെ ഇരുട്ടു നിറഞ്ഞ ദിക്കുകളിൽക്കൂടി കല്ലും മുള്ളും പാറയും ചളിയും ഉള്ള സ്ഥലങ്ങളിൽക്കൂടി നടന്നുപോകണം. കണ്ടാൽ അറെക്കുന്ന ഇഴജന്തുക്കളും വിഷമുള്ള പാമ്പുകളും ആന, നരി, കരടി മുതലായ ദുഷ്ടജന്തുക്കളും കാട്ടിൽ അനവധിയുണ്ടാകും. മനുഷ്യരെ പിടിച്ചുതിന്നുന്ന രാക്ഷസന്മാരും അവിടെ ദുല്ലഭമല്ല. അങ്ങിനെയുള്ള കാട്ടിൽക്കൂടി നീ സഞ്ചരിക്കയൊ ?

<u>സീത</u>—അങ്ങിനെയുള്ള കാട്ടിൽക്കൂടി എന്റെ ഭൎത്താവു സഞ്ചരിക്കയൊ ?

<u>രാമൻ</u>—നാം തമ്മിൽ സ്ത്രീപുരുഷന്മാർ എന്ന വ്യത്യാസമില്ലയൊ ?

<u>സീത</u>—ഭാൎയ്യാഭൎത്താക്കന്മാർ എന്ന സംബന്ധവും ഇല്ലയൊ ?

<u>രാമൻ</u>—ഭദ്രെ, അതെനിക്കറിയാം.

<u>സീത</u>—ഇവിടത്തേക്ക് അത് അറിയാമെങ്കിൽ ഭാൎയ്യയുടെ പാൎപ്പ് എപ്പോഴും ഭൎത്താവിന്റെ ഒന്നിച്ചായിരിക്കേണമെന്നും ഇവിടുന്നു അറിയാതിരിക്കുമൊ ? ഭാൎയ്യാഭൎത്താക്കന്മാർ തമ്മിലുള്ള സംബന്ധം കോകിലവും തേന്മാവും പോലെയാണൊ ? മാവു തളിൎത്തു നില്ക്കുന്ന അവസരത്തിൽ മാത്രം വന്നു അതിന്റെ തളിർ ഭക്ഷിച്ചു സുഖിച്ചു, തന്റെ കളകണ്ഠസ്വരംകൊണ്ടു മാവിന്ന് ആനന്ദമുണ്ടാക്കി, വസന്തം കഴിഞ്ഞാൽ മാവിനെ ഉപേക്ഷിക്കുന്ന കോകിലത്തെപ്പോലെ ഭൎത്താവിന്റെ

സമ്പൽക്കാലത്തു മാത്രം അദ്ദേഹത്തെ ആശ്രയിച്ചു നിന്നു ആപൽക്കാലത്തു വിട്ടുപിരിയുന്നവളാണൊ ഭാൎയ്യ? പകുതിയും മനുഷ്യന്നു ഭാൎയ്യയാണെന്നല്ലെ പറയുന്നത്. പകുതി ശരീരം ഇവിടെ ഉപേക്ഷിച്ചു, ബാക്കി പകുതിയുംകൊണ്ടാണൊ ഭവാൻ കാട്ടിലേക്കു പോകുന്നത്? അങ്ങിനെയാണൊ നമ്മൾ വിവാഹാവസരത്തിൽ ചെയ്തിരുന്ന സത്യത്തിന്റെ താല്പൎയ്യം.

രാമൻ—പ്രിയെ നീ ഇങ്ങിനെ ശഠിക്കരുത്.

സീത—ഞാൻ ശഠിക്കയല്ല. ഒന്നാമത്, നാടും വീടും വിട്ടു പോകുന്ന അങ്ങേക്കു ഞാൻ അരികെ ഉണ്ടായാൽ ദുഃഖത്തിന്നു പൊറുതിയുണ്ടാകും. രണ്ടാമത്, എന്നെ ഇവിടെ വിട്ടേച്ചു പോയാൽ എന്നെപ്പററി ആലോചിച്ചു ദുഃഖം വൎദ്ധിക്കും. അതുകൊണ്ടു ഞാൻ കൂടി ഒന്നിച്ചു പോരികയാണ് യുക്തം; അതാണ് ന്യായം.

രാമൻ—ഭദ്രെ, എന്റെ അമ്മ എന്നെ പിരിഞ്ഞാൽ അത്യന്തം ദുഃഖപരവശയായി കാലം കഴിക്കേണ്ടിവരും അവരെ ശുശ്രൂഷിപ്പാൻ അവൎക്കു സഹായമായി നീ ഇവിടെത്തന്നെ ഇരിക്കേണ്ടത് ആവശ്യമല്ലയൊ?

സീത—അമ്മക്കു എന്നെ കണ്ടുകൊണ്ടിരിക്കുമ്പോൾ വ്യസനം വൎദ്ധിക്കുകയാണു ചെയ്യുക. ഞാൻ വിരഹവ്യഥ അനുഭവിക്കുന്നതു കണ്ടുകൊണ്ടിരിക്കുമ്പോൾ അവൎക്കു രണ്ടു വിധം വ്യസനമുണ്ടാകും. ഞാൻ കൂടി ഇവിടുത്തെ ഒന്നിച്ചുണ്ടെന്നറിയുമ്പോൾ കുറെ ആശ്വാസമുണ്ടായിരിപ്പാനാണ് സംഗതി.

രാമൻ—നിന്നെ വിട്ടുപിരിയുന്നതിൽ എനിക്ക് എത്രമേൽ വ്യസനമുണ്ടെന്ന് ഞാൻ വിശേഷിച്ചു പറഞ്ഞറിയിക്കേണ്ടതില്ല. പക്ഷെ കാട്ടിലെ അവസ്ഥ വിചാരിക്കുമ്പോൾ എനിക്കു നിന്നെക്കൂടി ഒന്നിച്ചു കൊണ്ടുപോവാൻ മടിയുണ്ട്. നേരത്തിന്നു ഭക്ഷണം കിട്ടുകയില്ല. കണ്ട കായോ കനിയോ, തിന്നേണ്ടിവരും. കുടിപ്പാൻ നല്ല വെള്ളം കൂടി കിട്ടുന്നതു പ്രയാസമായിരിക്കും.

സീത—ഈ പ്രയാസമൊക്കെ ഇവിടുത്തേക്കു കാട്ടിൽ നേരിടുമെന്നു കേൾക്കുമ്പോൾ, എനിക്കുകൂടി ഇവിടുത്തെ ഒന്നിച്ചു വരാനുള്ള ഉൽകണ്ഠ വർദ്ധിക്കുന്നു. ഇവിടുന്നു അനുഭവിക്കുന്ന ആ വിധം സങ്കടങ്ങളിൽ പങ്കുകൊള്ളാതെ ഇരുന്നാൽ പിന്നെ ഇവിടുത്തെ പത്നിയാണെന്നുള്ള പേരിനെ ഞാൻ എങ്ങിനെ അർഹിക്കും? ഭർത്താവിനെ കാട്ടിൽ പോവാൻ അനുവദിച്ചു സീത രാജധാനിയിലെ സുഖങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നുവെന്നു എന്നെ ലോകം അപഹസിപ്പാൻ സംഗതിയാക്കരുതെന്നു ഞാൻ അങ്ങയുടെ പാദങ്ങളിൽ നമസ്കരിച്ചുകൊണ്ട് അപേക്ഷിക്കുന്നു. ഇവിടുത്തെ പാദശുശ്രൂഷചെയ്തു മരണംവരെ കഴിയേണമെന്നുള്ള എന്റെ വ്രതത്തിന്ന് ഇവിടുന്ന് മുടക്കം വരുത്തരുതു. ഞാൻ ചുരുക്കിപ്പറയാം. ഇവിടുന്നു എന്നെക്കൂടി കാട്ടിലേക്കു കൂട്ടിക്കൊണ്ടു പോകുന്നില്ലെങ്കിൽ മടങ്ങി വരുമ്പോൾ സീതയെ ദേഹത്തോടുകൂടി കാണാവാൻ സംഗതിവരുമെന്ന് ആഗ്രഹിക്കരുത്.

രാമൻ—ഭദ്ര, നീകൂടി പോരികതന്നെ. ഇതുനിമിത്തം കൈകയിമാതാവിന്ന് കുറേക്കൂടി സന്തോഷത്തിന്ന് അവകാശം സിദ്ധിച്ചെങ്കിൽ അതു നമുക്കും കൃതാൎത്ഥതക്കു വഴിയായല്ലൊ? നീ അമ്മമാരോടു രണ്ടുപേരോടും അനുവാദംവാങ്ങി കാട്ടിൽപോകാൻ ഒരുങ്ങിക്കൊൾക. എന്നെ കാണ്മാൻ ചില പടനായകന്മാർ വന്നിട്ടുണ്ട്. ഞാൻ പോയി അവരോടു വിവരം അന്വേഷിച്ചു വരാം.

(രണ്ടുപേരും പോകുന്നു)

## രംഗം 3.

(ഒരു ഭടൻ പ്രവേശിക്കുന്നു)

ഭടൻ—രാമഭദ്രനെ ചെന്നു കണ്ടു അദ്ദേഹത്തിന്റെ ഹിതമറിവാൻ പോയവർ ഇനിയും വന്നില്ലല്ലൊ— എന്തായിരിക്കാം ഈ താമസത്തിന്നു കാരണം? തന്റെ അച്ഛന്റെ കല്പനക്കനുസരിച്ചു വനത്തിൽ പോകാനല്ലാതെ ഇനി, അഭിഷേകം ചെയ്യപ്പെടാൻ അദ്ദേഹം അനുവദിക്കുമെന്നു തോന്നിയില്ല. കൈകയിയെ ദ്രോഹിപ്പാനും ജനങ്ങൾ ഒരു ലഹളയുണ്ടാക്കുവാനും ഒരിക്കലും അനുവദിക്കുകയില്ല. ഇതാ ദിലീപസിംഹൻ വരുന്നു.

(ദിലീപസിംഹൻ പ്രവേശിക്കുന്നു)

ഭടൻ—എന്താണ് വർത്തമാനം ?

ദിലീപൻ—അതു നമ്മൾ ആദ്യം വിചാരിച്ചതുപോലെ തന്നെ_ രാമഭദ്രന്ന് അങ്ങിനെ ഒരു അഭിപ്രായം കേൾപ്പാൻപോലും ആഗ്രഹമില്ലെന്നു അദ്ദേഹം ഖണ്ഡിച്ചു പറഞ്ഞു. കൈകയിദേവിക്ക് പ്രതികൂലമായി പ്രവർത്തിക്കുന്നവർ മഹാരാജാവിന്നു പ്രതികൂലമായി പ്രവർത്തിക്കുന്നവരാണെന്നും അവർ തന്റെ ശത്രുക്കളാണെന്നും വളരെ വ്യസനത്തോടും ധൈര്യത്തോടും കൂടി അദ്ദേഹം പറഞ്ഞു. ഒടുവിൽ പടനായകന്മാർ കുറേ കൂടി ഉഷ്ണിച്ചു സംസാരിച്ചപ്പോൾ രാമഭദ്രന്റെ സ്വഭാവം കേവലം മാറി ഇങ്ങിനെ പറഞ്ഞു:—"ഒരു കാര്യം നിങ്ങൾ മനസ്സിലാക്കണം. അച്ഛന്റെ സത്യത്തെ പരിപാലിപ്പാനാണ് ഞാൻ കാട്ടിൽ പോകുന്നത്. നിങ്ങളുടെ പ്രവൃത്തി അതിന്നു തടസ്ഥമായിത്തീരാനാണ് പോകുന്നത്. അതുകൊണ്ട് ഞാൻ കാട്ടിൽ പോകുന്നതിന്ന് അല്പം വിളംബിക്കുന്നുണ്ടെങ്കിൽ അതു നിങ്ങളുടെ ലഹള അമർത്തേണ്ടതിന്നുവേണ്ടി മാത്രമായിരിക്കും. അതു വാക്കുകൊണ്ടു സാധിക്കയില്ലെങ്കിൽ, ഈ ആയുധംകൊണ്ടു ഞാൻ സാധിക്കും." എന്നു പറഞ്ഞു വില്ലുമമ്പും ചൂണ്ടിക്കാണിച്ചു. ശിവ, ശിവ, അതു പറയുമ്പോളുണ്ടായിരുന്ന ഭാവവികാരവും, അതു കേട്ടപ്പോൾ ഭടന്മാരിലുണ്ടായ അനുഭവവും ഇന്നവിധമാണെന്നു കണ്ടുതന്നെ അറിയേണ്ടതായിരുന്നു. അതു

വരെ, ജനങ്ങൾക്ക് അനുകൂലമായി ഒന്നു രണ്ടു വാക്കുകൾ പറഞ്ഞിരുന്ന ലക്ഷ്മണൻ, രണ്ടടി പിന്നോട്ടു വെച്ചു, തലതാഴ്ത്തിനിന്നു. വസിഷ്ഠഭഗവാൻ താനും ഒന്നു ഞെട്ടിപ്പോയില്ലേ എന്നു സംശയിക്കുന്നു.

ഭടൻ—വസിഷ്ഠഭഗവാൻ ജനങ്ങൾക്ക് അനുകൂലമായിട്ടായിരുന്നുവോ സംസാരിച്ചിരുന്നത്.

ദിലീപൻ—ഏയ്— അവിടെ എത്തിയപ്പോൾ അദ്ദേഹത്തിന്റെ പ്രകൃതമൊക്കെ മാറിപ്പോയി. ജനങ്ങളെ ഈ ഉദ്യമത്തിൽനിന്നു വിരമിപ്പിക്കുവാൻ ഉപദേശം ചെയ്കയാണ് അദ്ദേഹം ചെയ്തത്.

ഭടൻ—ദിവാകരനും മററും പിന്നെ എന്തുപറഞ്ഞു?

ദിലീപൻ—എന്തുപറഞ്ഞുവെന്നോ? അവരുടെയൊക്കെ ചുമല് താണുപോയി. ലക്ഷം ഭടന്മാരോടു രാമഭദ്രന്റെ ആയുധം ഒന്നു പോരെയോ?

ഭടൻ—കഷ്ടം! ഇതൊക്കെ കാണ്മാനും കേൾപ്പാനും ഞാൻ അവിടെ ഉണ്ടായില്ലല്ലൊ. ആട്ടെ, എപ്പഴാണ് രാമഭദ്രൻ കാട്ടിലേക്കു പുറപ്പെടുന്നത്.

ദിലീപൻ—ഇതാ അവരൊക്കെ വേണ്ടുന്ന ഒരുക്കങ്ങൾ ചെയ്തു കഴിഞ്ഞു. ഒന്നുകൂടി കൈകയിയെ കണ്ടിട്ടേ പോകുന്നുള്ളുവെന്നാണ് വെച്ചത്. ലക്ഷ്മണനും സീതാദേവിയും ഒന്നിച്ചു പോകുന്നുണ്ട്. അതു നീ അറിയുമല്ലൊ?

ഭടൻ—സീതാദേവിയും പോകുന്നുണ്ടോ? കാട്ടിലേക്കോ—പതിന്നാലുകൊല്ലം കാട്ടിൽ പാൎക്കാനോ?

ദിലീപൻ—അതെ— ആ സതീരത്നം, ഭൎത്താവിനെ കാട്ടിലയച്ചു, വീട്ടിൽ പാൎക്കുമെന്നു തോന്നിപ്പോയൊ? അതാ, സുമന്ത്രരുടെ രഥം പോകുന്നു. നമ്മൾ കൈകെയിയുടെ കൊട്ടാരത്തിലേക്കു പോകുക. വരു.

(രണ്ടുപേരും പോയി)

---

## രംഗം 4.

---

(രാമനും ലക്ഷ്മണനും കാവിവസ്ത്രം ധരിച്ചുകൊണ്ടും, സീത സ്വന്തം ഉടുപ്പിലും വസിഷ്ഠമഹൎഷിയും അരുന്ധതിയും, കൈകെയിയും കുറെ ദാസിമാരും വേറെ ചിലരും പ്രവേശിക്കുന്നു.)

രാമൻ—മാതാവെ നിങ്ങളുടെ ഹിതത്തിന്നും, അച്ഛന്റെ കല്പനക്കും അനുസരിച്ചു ഞാൻ വനത്തിൽ പോകുവാൻ ഒരുങ്ങി വന്നിരിക്കുന്നു. എന്റെ ഈ സഹോദരൻ ഒന്നിച്ചു വരാൻ തീൎച്ചയാക്കിയിരിക്കുന്നു. സീത എന്നെ പിരിഞ്ഞു ഇവിടെ ഇരിപ്പാൻ ശക്തയല്ലായ്കയാൽ അവളും കൂടെ വരുന്നു. ഞങ്ങൾക്കു കാട്ടിൽ, പാടുകളില്ലാത്ത സുഖങ്ങൾ ഉണ്ടായിരിപ്പാൻ അനുഗ്രഹിക്കണം. (മൂന്നുപേരും വണങ്ങുന്നു)

കൈകയി__നിങ്ങൾ മൂന്നുപേരും പോകുന്നുവോ? ലക്ഷ്മണൻ കൂടി വരാൻ സുമിത്ര അനുവദിച്ചുവോ?

ലക്ഷ്മണൻ__ജ്യേഷ്ഠൻ സ്വകാൎയ്യം വനത്തിൽ പോകുന്നത് എൻെറ അമ്മക്ക വിചാരിപ്പാൻകൂടി സാധിച്ചില്ല. അതുകൊണ്ട് അവൎക്ക സഹായമായി എന്നെക്കൂടി അയപ്പാൻ തീൎച്ചയാക്കിയിരിക്കുന്നു. ജ്യേഷ്ഠൻെറ കൂടെ പോകാൻ അമ്മ കല്പിച്ചത് ഞാനൊരു അനുഗ്രഹമായി വിചാരിക്കുന്നു. ജ്യേഷ്ഠന്നു പകരം ഞാൻ പോയാൽ മതിയെങ്കിൽ അതിന്നും ഞാൻ ഒരുക്കമാണ്. എൻെറ അമ്മക്ക് അതു സന്തോഷവുമാണ്.

രാമൻ__ലക്ഷ്മണാ, അതു പറവാനല്ലല്ലൊ നമ്മളിവിടെ വന്നത്!

കൈകയി__സീതയും കാട്ടിൽ പോവാൻ ഉറച്ചുവോ?

സീത__അതിനെപ്പററി എന്താണമ്മെ സംശയിപ്പാനുള്ളത്? പതിവ്രതമാൎക്ക ഭൎത്തൃസമീപമെന്നല്ലാതെ കാടെന്നും നാടെന്നും ആലോചിപ്പാൻ അവകാശമുണ്ടോ? അത് അമ്മതന്നെ നല്ലവണ്ണം അറിയുന്നുവല്ലൊ.

കൈകയി__അതു ഞാൻ അറിയുന്നു. മഹാരാജാവു യുദ്ധത്തിന്നുപോയ സമയത്തുപോലും ഞാൻ ഒന്നിച്ചു പോയിരുന്നു.

ലക്ഷ്മണൻ__അതിപ്പോൾ അറിയാത്തവരുണ്ടോ?

കൈകേയി__നീ ഈ വസ്ത്രത്തോടും അലങ്കാരത്തോടും കൂടി യാണോ കാട്ടിൽ പോകുന്നത്?

(എല്ലാവരും മുഖത്തോടു മുഖം നോക്കുന്നു)

സീത__ഈ ആഭരണങ്ങൾ കാട്ടിലേക്ക് അനുചിതം തന്നെ യാണ്. അതു ഞാൻ ഓർത്തില്ല.

രാമൻ__അതാ, അരുന്ധതീദേവി. നീ ആഭരണങ്ങളൊക്കെ ദേവിക്കു ദാനംചെയ്തുകൊൾക.

(സീത അപ്രകാരം ചെയ്യുന്നു)

അരുന്ധതി__മകളെ നിണക്കു വനദേവതമാർ തുണയായിരിക്കും. വനം നിണക്ക് അന്തഃപുരംപോലെ ആനന്ദകരമായിരിക്കട്ടെ.

കൈകേയി__ആരവിടെ?

(ഒരു ദാസി മുമ്പോട്ടു വരുന്നു)

ദാസി__അടിയൻ.

കൈകേയി__ആ ചീരവസ്ത്രം എവിടെ. അതു കൊണ്ടുവരൂ.

[ലക്ഷ്മണൻ കോപിച്ചു മുന്നോട്ടു അടുക്കാൻ ഭാവിക്കുന്നു. രാമൻ ലക്ഷ്മണനെ പിടിച്ചടക്കി സ്വകാര്യം സംസാരിക്കുന്നു. അരുന്ധതി വസിഷ്ഠരോടും മററുള്ളവർ ആന്യോന്യവും സ്വകാര്യം സംസാരിക്കുന്നു. ദാസി വസ്ത്രം കൊണ്ടുവന്നു കൈകേയിയുടെ കൈയിൽ

കൊടുക്കുന്നു. കൈകയി അതു സീതക്കു കാണിക്കുന്നു. സീത കുണ്ഠിതഭാവത്തോടുകൂടി രാമന്റെ മുഖത്തു നോക്കുന്നു.]

രാമൻ__ഭദ്രെ, എന്തിന്നു മടിക്കുന്നു? അമ്മയോടു ചീരവസ്ത്രം വാങ്ങിക്കോളു. അപൂൎണ്ണമായി യാതൊരു കാൎയ്യവും ചെയ്യരുത്. അത് ഈ അമ്മ അറിയും പോലെ മറ്റാരും അറിയുന്നില്ല.

[സീത അതു വാങ്ങി വസ്ത്രത്തിന്റെ മേലെ ധരിക്കുന്നു. രാമനും ലക്ഷ്മണനും വസിഷ്ഠരും കൈകയിയും ഒഴികെ എല്ലാവരും കണ്ണുപൊത്തി കരയുന്നു. ലക്ഷ്മണൻ കൈ ചുരുട്ടിപ്പിടിച്ചു കണ്ണുരുട്ടി ദ്വേഷ്യം അഭിനയിക്കുന്നു.]

വസിഷ്ഠൻ__ഹാ! ദുഷ്ടേ! ഞാൻ നിന്നെ ഇതുവരെ, ഈ പേരു ചൊല്ലി വിളിച്ചിരുന്നില്ല. ഇപ്പോൾ അതും വേണ്ടിവന്നു. ദുഷ്ടെ, സീതാദേവിക്കു വല്ക്കലം കൊടുപ്പാൻ നിണക്ക് എങ്ങിനെ മനസ്സു വന്നു? സ്ത്രീകളുടെ ഹൃദയത്തിന്നു കാഠിന്യമുണ്ടായാൽ ഇത്രമേൽ ഉണ്ടാവാമൊ? ശ്രീരാമൻ പറഞ്ഞ വാക്കിന്റെ അൎത്ഥം നിണക്കു മനസ്സിലായൊ? "അപൂൎണ്ണമായി യാതൊരു കാൎയ്യവും ചെയ്യരുത്. അത് ഈ അമ്മ അറിയും പോലെ മറ്റാരും അറികയില്ല"__എന്നു പറഞ്ഞതിന്റെ അൎത്ഥം നിണക്കു മനസ്സിലായൊ? നിന്റെ കഠിനപ്രവൃത്തി മുഴുവനാക്കുവാൻ നീ ഈ ഒരു കാൎയ്യം മാത്രമെ ചെയ്വാൻ ബാക്കി ഉണ്ടായിരുന്നുള്ളുവെന്നും

അത്രം നീ ചെയ്യുവെന്നും ആണ് രാമൻ പറഞ്ഞതിന്റെ അർത്ഥം. നീ ചെയ്ത ദുഷ്കൃത്യത്തെ ഒന്നു പശ്ചാലോചിച്ചു നോക്കു. ഈ രാജ്യനിവാസികളുടെ കണ്ണിലുണ്ണിയായ രാജകുമാരനെ സ്വാർത്ഥത്തിന്നു വേണ്ടി നീ ദണ്ഡകാരണ്യത്തിലേക്ക് അയക്കുന്നു. അതുനിമിത്തം അവന്റെ അമ്മയെ മാത്രമല്ല, പുരവാസികളെ ഒട്ടുക്കും നീ സങ്കടസമുദ്രത്തിൽ തള്ളിവിട്ടു. അതാ അവന്റെ അച്ഛനും ജനങ്ങളുടെ മഹാരാജാവും നിന്റെ ഭർത്താവും ആയ ആ മഹാത്മാവു മരിക്കാറായിരിക്കുന്നു. ഇതൊക്കെകൊണ്ടും തൃപ്തിപ്പെടാതെ ഈ പെൺകുട്ടി കാട്ടിൽ പോകുന്നത് നിണക്കു സന്തോഷമാണെന്നു നീ കാണിക്കുന്നു.

[ലക്ഷ്മണൻ അസ്വാസ്ഥ്യം ഭാവിക്കുന്നു. രാമൻ പിടിച്ചുടക്കുന്നു. പലരും നെഞ്ഞത്തു കൈവെച്ചു "ശിവ, ശിവ," എന്നു പറയുന്നു]

നിന്റെ കൈകൊണ്ടു ആ കുട്ടിക്കു ചീരം കൊടുത്തില്ലയൊ? ആ കൈക്കു് എന്നിട്ടും ചൈതന്യമുണ്ടല്ലൊ! കാട്ടിൽ പോകാൻ ഒരുങ്ങിയ സീതയെ കണ്ടാലെങ്കിലും നിണക്കു മനസ്സിൽ കാരുണ്യം ജനിക്കുമെന്നു വിചാരിച്ചായിരുന്നു ഞാൻ ഈ കൂടിക്കാഴ്ചക്കു് ഏർപ്പാടുചെയ്തതു്. അതുകൊണ്ടുള്ള ഫലം നേരെ വിപരീതമായി. അഥവാ, നിന്റെ ദുഷ്ടതയെ ജനങ്ങൾ ശരിയായി മനസ്സിലാക്കാൻ സംഗതിയായി. അയോദ്ധ്യയിലെ പൌരന്മാരും ഭടജനങ്ങളും നിന്നെ പിടിച്ചുകെട്ടി

എന്തുചെയ്യുമായിരുന്നുവെന്ന് ആരറിഞ്ഞു? അതിൽ നിന്നു നിന്നെ രക്ഷിച്ചതു, നീ ആൎക്ക് ഈ ദോഷമെല്ലാം വരുത്തിക്കൂട്ടിയൊ, ആ രാമനാണെന്നു നീ അറിഞ്ഞുകൊൾക.

രാമൻ—അല്ലയൊ ഭഗവൻ, ഇതൊക്കെ ഈ അവസരത്തിൽ പറയേണ്ടുന്ന ആവശ്യമുണ്ടെന്നു തോന്നുന്നില്ലല്ലൊ.

വസിഷ്ഠൻ—ശരിതന്നെ- അതെനിക്കറിയാം. എന്തുചെയ്യും? ഞാനും ഈ അവസരത്തിൽ സംസാരിയായിത്തീൎന്നിരിക്കുന്നു. ഈശ്വരകോപമുള്ള ഈ പാപിഷ്ഠയെ എന്റെ മുമ്പിൽ കാണുമ്പോൾ, എനിക്കു കോപം വൎദ്ധിക്കുന്നു. പാപിഷ്ഠെ, ഈ ക്ഷണത്തിൽ ദഹിച്ചുപോവാൻ നിനക്കു മനസ്സില്ലെങ്കിൽ എന്റെ ദൃഷ്ടിയിൽനിന്നു കഴിയുന്ന വേഗത്തിൽ പിൻമാറിക്കൊള്ളു.

(കൈകയിയും ദാസിമാരും വേഗത്തിൽ നടന്നുപോകുന്നു)

രാമൻ—ഇവിടുന്നു ഈ വിധം കോപിക്കരുത്. അതു ഞാൻ ഉപദേശിക്കേണ്ടതല്ല. ഞങ്ങൾ പൂൎവ്വജന്മത്തിൽ ചെയ്തിരുന്ന കൎമ്മഫലം അനുഭവിക്കുകയാണ്. കൈകയിമാതാവ് ഈ അവസരത്തിൽ അതിന്നൊരു കാരണമായിരുന്നതായിരിക്കാം. അവരോടു പിന്നെയെന്തിന്നു കോപിക്കുന്നു?

വസിഷ്ഠൻ—രാമാ, നീയും ഞാനും പൂൎവ്വജന്മവൃത്താന്തങ്ങളെ അറിഞ്ഞു അവക്കനുസരിച്ചുള്ള ഫലങ്ങൾ അനുഭ

വിക്കുമ്പോൾ മന്ദഹസിപ്പാനൊ, തലകുലുക്കാനൊ, പ്രാപ്തരായിരിക്കാം. ലോകത്തിൽ അധികജനങ്ങളും അങ്ങിനെയുള്ളവരല്ലല്ലൊ. അവരുടെ അന്തർബോധാഭിവൃദ്ധിക്കു സഹായമായിത്തീരത്തക്ക ശിക്ഷകളും ഉപദേശങ്ങളും യഥാവസരത്തിൽ നല്കേണ്ടത് ആവശ്യമാകുന്നു. മഹർഷിമാരായ ഞങ്ങൾ അനുഗ്രഹിക്കുന്നതു പോലെതന്നെ ശപിക്കുന്നതും ഇങ്ങിനെയുള്ള ഉദ്ദേശങ്ങളോടുകൂടിയാണ്. അതൊന്നും തെറ്റിദ്ധരിക്കരുത്. ഏതായാലും ഈ കാൎയ്യങ്ങൾ ഭരതന്റെ അറിവോടുകൂടിയാണെന്നു നീ വിചാരിക്കരുത്.

രാമൻ—ഭരതന്നു ഇതിൽ യാതൊരു കൈയ്യും ഇല്ലെന്നു ഞാനും അറിയുന്നുണ്ട്. നേരം വൈകുന്നു. കാട്ടിലേക്കാണ് പോകുന്നതെങ്കിലും അതും ശുഭമുഹൂൎത്തത്തിൽ തന്നെ വേണമല്ലൊ.

വസിഷ്ഠൻ—കാട്ടിലേക്കു പോകുമ്പോഴാണല്ലൊ ശുഭമുഹൂൎത്തത്തെ അധികം ഗണിക്കേണ്ടത്.

രാമൻ—എന്നാൽ ഞങ്ങൾക്കു വിടതരണം. അച്ഛനെ ഞാൻ ഭഗവാന്റെ കൈയിൽ ഏല്പിക്കുന്നു. എന്റെ അമ്മയെ ഇവിടുന്നു പറഞ്ഞാശ്വസിപ്പിക്കണം. അവൾക്കു വ്യസനിപ്പാൻ സംഗതി വരുത്താതെ പതിനാലുകൊല്ലം രക്ഷിപ്പാൻ വേണ്ടതു ചെയ്തുകൊള്ളണം. (നമസ്കരിക്കുന്നു. വസിഷ്ഠൻ പിടിച്ചെഴുന്നേല്പിക്കുന്നു)

വസിഷ്ഠൻ—രാമാ, നിനക്കു കാട്ടിൽ യാതൊരു ബുദ്ധിമുട്ടും ഉണ്ടാകയില്ല. മനശ്ശുദ്ധിയുള്ളവൎക്കു കാടെന്നും നാടെ

ന്നും ഇല്ല. കാടു നാടാകുന്നതും നാടു കാടാകുന്നതും അവനവന്റെ മനസ്സാണ്. ലോകോപകാരം ചെയ്യാൻ കാട്ടിലും, തഞ്ചവും സൌകൎയ്യവും ഉണ്ടാകും. കാട്ടിൽ ചെന്നിരുന്നു, നാട്ടിനെ നോക്കുമ്പോഴാണ് നാട്ടിന്റെ ഗുണദോഷങ്ങൾ ശരിയായി കണ്ടറിയുക. നീ കാട്ടിൽ പോയിട്ടു്, ഈ നാട്ടിന്റെ ദോഷപരിഹാരത്തിന്നു പരിശ്രമിക്കുക. ഈശ്വരൻ നിന്നെ അനുഗ്രഹിക്കും.

ലക്ഷ്മണൻ—ഭഗവാനെ, ജ്യേഷ്ഠന്റെ ഒന്നിച്ചു പോവാൻ അനുഗ്രഹിക്കണം. (നമസ്കരിക്കുന്നു)

വസിഷ്ഠൻ—(പിടിച്ചെഴുന്നേല്പിച്ചിട്ടു്)—വത്സാ, നിന്നെപ്പോലെ സഹോദരസ്നേഹവും ഗുരുഭക്തിയും ഉള്ളവർ ലോകത്തിൽ ആരും ഇല്ല. നിനക്കു മംഗലം ഭവിക്കട്ടെ.

സീത—ഭഗവാനെ, സീത നമസ്കരിക്കുന്നു.

വസിഷ്ഠൻ—വത്സെ, ഇതാണല്ലോ എനിക്കു സഹിച്ചുകൂടാത്തതു്. കേവലം ഒരു ഋഷിയായ എന്നെക്കൂടി ഇത്രമേൽ സങ്കടപ്പെടുത്തുന്ന കാൎയ്യം ഗൃഹസ്ഥന്മാരായവരെ എത്ര പീഡിപ്പിക്കും? പതിവ്രതെ, നിന്റെ പേർ ആചന്ദ്രതാരം സൽഗുണങ്ങൾക്കു പൎയ്യായമായി പ്രശോഭിക്കട്ടെ.

സീത—ഭഗവാനെ എന്റെ അച്ഛൻ എന്നെപ്പററി അന്വേഷിക്കുമ്പോൾ എല്ലാവിവരവും പറഞ്ഞു ധരിപ്പിക്കേണം.

വസിഷ്ഠൻ—ആ എല്ലാ ഭാരവും ഞാൻ നിങ്ങളുടെ അപേക്ഷകൾ കൂടാതെതന്നെ കൈയേല്ക്കേണ്ടതായിട്ടാണല്ലോ വന്നിരിക്കുന്നത്. നിങ്ങൾ പോവിൻ. നിങ്ങൾക്കു മംഗലം ഭവിക്കട്ടെ.

(വസിഷ്ഠനും അരുന്ധതിയും ഒഴികെ എല്ലാവരും പോകുന്നു)

വസിഷ്ഠൻ—ഹ! ഈ ലോകം എന്തൊരു നാടകം! മനുഷ്യരൊക്കെ ആ നാടകത്തിലെ എന്തെല്ലാം തരം വേഷക്കാർ! ഇതൊക്കെ എന്തിനാണെന്നും ഇതിനെയൊക്കെ നിയന്ത്രണം ചെയ്യുന്ന ശക്തിയേതാണെന്നും അറിഞ്ഞിരുന്നാൽ ആർ വ്യസനിക്കും, ആർ കോപിക്കും, ആർ സന്തോഷിക്കും?

(രംഗം അവസാനിച്ചു)

## അങ്കം 5. രംഗം 1.

(മാലിനിയും സൌദാമിനിയും പ്രവേശിക്കുന്നു).

മാലിനി—ഇതെന്തൊരു ലോകമാണീശ്വരാ! രാജകുമാരന്മാരും സീതാദേവിയും വനത്തിൽ പോയതിനാൽ ഉണ്ടായ വ്യസനം തന്നെ പോയിപ്പോയി. എനിക്ക് അത്രമേൽ കോപമാണുണ്ടായത്.

സൌദാമിനി—നീ എന്തു സൂചിപ്പിച്ചാണു പറയുന്നത്?

മാലിനി—ജനങ്ങൾ പറയുന്ന അപവാദത്തെപ്പറ്റിയാണ്. നീ കേട്ടില്ലെ, ആ സ്ത്രീകൾ അവിടെ ഇരുന്നു പറയുന്നത്? സീതാദേവി കാട്ടിൽ പോയതു വളരെ അനുചിതമായിപ്പോയിപോൽ! "സീത എത്രയായാലും ഒരു പെണ്ണല്ലെ; ഒരു പെണ്ണ് അങ്ങിനെ കാട്ടിലേക്കു തുള്ളിച്ചാടി പുറപ്പെട്ടുപോകാമൊ?" എന്നും മററും ആ സ്ത്രീകൾ പറഞ്ഞു കേട്ടപ്പോൾ എൻെറ രക്തം പതച്ചുപോയി. ഈ വിധം മനുഷ്യരും ഉണ്ടല്ലൊ!

സൌദാ—അതല്ലെ, പറയുന്നു! അവർ പറയുന്നതു കേട്ടാൽ സീതാദേവി ഒരു അന്യപുരുഷൻെറ ഒന്നിച്ചു കാട്ടിലേക്കു ചാടിപ്പോയിരിക്കയാണെന്നു തോന്നും.

മാലിനി—ഞാനതു ചോദിച്ചില്ലെ? "സീതാദേവി അവരുടെ ഭൎത്താവിന്റെ ഒന്നിച്ചല്ലെ പോയത്, അതിന്നു നിങ്ങൾ ആ പതിവ്രതയെ സ്തുതിക്കുന്നതിന്നു പകരം ദൂഷിക്കയാണൊ വേണ്ടത്?"—എന്നു ഞാൻ ചോദിച്ചില്ലെ? ചോദിക്കാതെ വിടുന്ന പെണ്ണാണൊ ഞാൻ?

സൌദാ—എന്നിട്ടെന്തായിരുന്നു മറുപടി പറഞ്ഞത്?

മാലിനി—എന്തു മറുപടി പറവാൻ! ഇവറ്റയൊക്കെ വല്ലതും ആലോചിച്ചു പറയുന്നതാണൊ? വല്ലവരേയും ദൂഷിക്കണം; അതിന്നു വല്ല പഴുതും കിട്ടണം. അതു ന്യായമൊ അന്യായമൊ എന്നൊന്നും ആലോചിക്കയില്ല. ആരെക്കൊണ്ടാണ് പറയുന്നതെന്നുണ്ടൊ? ഒരുത്തി എന്നോടു പറകയാണ്,—"ഓ, പതിവ്രത! ഞങ്ങളാരും പതിവ്രതമാരല്ലെ; ഞങ്ങളെന്താണ് ഭൎത്താവിന്റെ ഒന്നിച്ചു പോകുന്ന ദിക്കിലൊക്കെ ചാടിപ്പോകയാണൊ"—എന്ന്. ഇങ്ങിനെ പറയുന്നവറ്റയോടു എന്താണ് മറുപടി പറയേണ്ടത്?

സൌദാ—മറുപടി പറയുന്നു! ഇത്രയെങ്കിലും ചോദിച്ചതു നീ ആയിട്ടല്ലെ. ഞാനാണെങ്കിൽ വല്ല പട്ടിയൊ മറ്റൊ കുരക്കുന്നതാണെന്നു വെക്കുകയെ ഉള്ളൂ. സീതാദേവിയെ കുറ്റം പറയുന്ന ഈ ജാതി മറ്റുള്ളവരെ എന്തൊക്കെ പറയും? പക്ഷെ എനിക്ക് ഈ വക അപവാദങ്ങൾ പറയുന്നവരെപ്പറ്റിയല്ല അത്ഭുതം. പ്രമാണികളാണ്, യോഗ്യന്മാരാണ്, വിദ്വാ

ന്മാരാണ് എന്നൊക്കെ പറയപ്പെടുന്ന ചില ബ്രഹ്മാ
ണ്ഡ വഞ്ചകന്മാരുണ്ടല്ലൊ, അവർ ഈ വക അപവാദ
ങ്ങൾ വല്ല്യ കൊള്ളാത്തവരും പറയുന്നതിനെ, കൊണ്ടാ
ടുന്നതല്ലെ അത്ഭുതം. ഞാൻ ഈ പ്രത്യേക സംഭവ
ത്തെപ്പററി പറകയല്ല, സാധാരണ നടവടി പറക
യാണ്.

മാലിനി—യോഗ്യന്മാർ രണ്ടുതരത്തിലല്ലെ ?-- യഥാൎത്ഥ
ഗുണംകൊണ്ടു യോഗ്യന്മാരായവർ, സംഗതിവശാൽ
കുറെ പണമുണ്ടായതുകൊണ്ടൊ, വലിയ തറവാട്ടിൽ
ജനിപ്പാൻ ഇടയായതുകൊണ്ടൊ, യോഗ്യന്മാരാണെ
ന്നു പറയപ്പെടുന്നവർ. രണ്ടാമത്തെ കൂട്ടൎക്ക് ആദ്യം
പറഞ്ഞവരെ വല്ലവിധത്തിലും അവമാനത്തിലാക്കു
ന്നത് വലിയ രസമാണ്. അതാണ് ഈ വക അപ
വാദങ്ങൾ മുളച്ച ദിക്കിൽ നശിക്കാതെ, വളൎന്നു പട
രാൻ സംഗതിവരുന്നതിന്റെ രഹസ്യം. കാണു
ന്നില്ലെ, തടിച്ച കൂററനായി ഭയങ്കരനായ ഒരു പട്ടി
യെ കാണുമ്പോൾ, ധനവാന്റെ മടിയിൽ കിടന്നു
വളരുന്ന ചെറിയ ജാതി പട്ടികൾ കുരച്ച ലഹളകൂട്ടു
ന്നതു കാണുന്നില്ലെ. ആ വലിയ പട്ടി തിരിഞ്ഞു
നോക്കുകകൂടി ചെയ്യുന്നില്ല.

സൌദാ—എന്നുമാത്രമല്ല. കോവിലകത്തിന്റെ പുറമതിൽ
നീ കണ്ടുവോ ? വെള്ളവലിച്ച എത്ര ഭംഗിയാക്കി
വെച്ചിരിക്കുന്നു. അതിനെ എത്ര പേരാണ്, രാജ
വീഥിയിലെ മണ്ണുചവിട്ടി, കാലടിപതിപ്പിച്ച അല

ങ്കോലപ്പെട്ടത്തിയിരിക്കുന്നത് ! ജനങ്ങളിൽ ചിലരു ടെ സ്വഭാവമാണത്. ശുഭ്രമായി നിൎമ്മലമായ വസ്തു വെ കണ്ടുസഹിപ്പാൻ അവരുടെ ദുഷ്ടമനസ്സിന്നു കഴിക യില്ല. അതിന്നു ചളിവാരിത്തേക്കണം. യഥാൎത്ഥ ത്തിൽ യോഗ്യരായ മനുഷ്യരുടെ യോഗ്യത മററു ചിലൎക്കു കണ്ടുസഹിപ്പാൻ കഴിയാത്തതിനാൽ അതി നെ മലിനപ്പെടുത്തുവാൻ ചെയ്യുന്ന ശ്രമങ്ങളാണ് ഈ അപവാദങ്ങൾ.

മാലിനി--ശരിയാണു നീ പറഞ്ഞത്. ആട്ടെ, അതൊക്കെ പറഞ്ഞിരിപ്പാൻ നമ്മൾക്കു് സമയമില്ല.

സൌദാ--നേരാണു്. നമ്മൾ നമ്മളുടെ കാൎയ്യം പറയുക. മഹാരാജാവു തീപ്പെട്ടുപോയതു പുത്രശോകംകൊണ്ടാ ണെന്നല്ലെ നീ പറഞ്ഞത് ? അതിനെപ്പററി ഞാൻ അരുന്ധതിദേവിയോടു ചോദിച്ചു.

മാലിനി--ദേവി എന്തു പറഞ്ഞു ?

സൌദാ--മഹാരാജാവിന്നു് ഒരു ശാപം ഉണ്ടായിരുന്നുപോൽ.

മാലിനി--ശാപമൊ ? എന്തുശാപം ? മഹാരാജാവിന്നെ ന്തു ശാപം ?

സൌദാ--പുത്രന്മാരെ കാണാതെ മരിക്കാൻ സംഗതിവരണ മെന്നു് ഒരു മഹൎഷി ശപിച്ചിരുന്നുപോൽ.

മാലിനി--നേരൊ അതിനെന്തു സംഗതി ?

സൌദാ—ഒരിക്കൽ മഹാരാജാവു കാട്ടിൽ നായാട്ടിന്നു പോയിരുന്നപ്പോൾ. ഒരുദിവസം രാത്രി കാട്ടാനയെ കൊല്ലേണമെന്നു വിചാരിച്ചു ഒരു സരസ്സിൻെറ കരയിൽ ഒളിച്ചിരുന്നു. അപ്പോൾ വെള്ളത്തിൽ ഒരു ഒച്ച കേട്ടു. ആന തുമ്പിക്കരംകൊണ്ടു വെള്ളം വലിച്ചെടുക്കുന്ന ഒച്ചയാണെന്നു വിചാരിച്ചു രാജാവു അസ്ത്രമയച്ചു. ഉടനെ ഒരു മനുഷ്യൻെറ ദീനപ്രലാപമാണു കേട്ടതു. രാജാവു ഭയപ്പെട്ടു പരിഭ്രമിച്ചു ഓടിച്ചെന്നു നോക്കിയപ്പോൾ ഒരാൾ അസ്ത്രമേററ വീണതു കണ്ടു. അയാൾ പാത്രത്തിൽ വെള്ളം കോരിയെടുക്കുന്ന ശബ്ദമായിരുന്നു രാജാവു കേട്ടിരുന്നതു്.

മാലിനി—അയ്യോ കഷ്ടം! അയാൾ മരിച്ചുപോയി. ഇല്ലെ? അയാളായിരുന്നുവോ ശപിച്ചതു്?

സൌദാ—അല്ല. കേൾക്കൂ. അയാളുടെ വൃദ്ധനായിരുന്ന അച്ഛൻ കണ്ണുകാണാതെ ദൂരത്തു് ഒരു ദിക്കിൽ ഇരിക്കുകയായിരുന്നു. ദാഹിച്ചു വെള്ളം കുടിപ്പാൻ ആഗ്രഹിച്ചിട്ടു മകനെ വെള്ളത്തിന്നു പറഞ്ഞയച്ചതായിരുന്നു. ദശരഥൻ ആ വൃദ്ധൻെറ അടുത്തെത്തി വിവരം പറഞ്ഞപ്പോൾ, ആ സാധു ഋഷി, പുത്രശോകംകൊണ്ടു മരിക്കുകയും മരിക്കുമ്പോൾ "നീയും പുത്രശോകംകൊണ്ടു മരിക്കണം; പുത്രമുഖം കണ്ടു മരിപ്പാൻ നിണക്കു സംഗതിവരരുതു," എന്നു രാജാവിനെ ശപിക്കുകയും ചെയ്തു.

മാലിനി—അതു ഭാഗ്യം തന്നെ. അത്രയല്ലെ ശപിച്ചുള്ളു. അബദ്ധത്തിൽ ചെയ്തുപോയതാണെന്ന് അറിഞ്ഞിട്ടായിരിക്കാം അത്രയെങ്കിലും ദയതോന്നിയത്.

സൌദാ—അതിന്നു സംശയമുണ്ടോ?

മാലിനി—എന്നാൽ കൈകയിദേവിയെ അത്രമേൽ കുററപ്പെടുത്തുവാനില്ല.

സൌദാ—അതുകൊണ്ടു കൈകയിദേവിയുടെ തെററു ക്ഷമിക്കത്തക്കതായി വരുന്നതല്ല. എണ്ണത്തോണിയിൽ ഇട്ടിരിക്കുന്ന ഭൎത്തൃദേഹം കണ്ടുകൊണ്ടു ആ പാപി എങ്ങിനെ ജീവിക്കുന്നുവെന്നാണ് എനിക്ക് ആശ്ചൎയ്യം.

മാലിനി—ഇനി എത്ര ദിവസം ഇങ്ങിനെ എണ്ണത്തോണിയിൽ കിടക്കണം?

സൌദാ—ഭരതനും ശത്രുഘ്നനും വരുന്നതുവരെ. അവർ ഇന്നിവിടെ എത്തുമെന്നല്ലെ കേൾക്കുന്നത്.

മാലിനി—അവിടെ എന്താണ് ആൾക്കൂട്ടം കാണുന്നത്? അതാ അങ്ങട്ടു നോക്കു.

സൌദാ—(നോക്കീട്ട്) ശരിതന്നെ. രാജകുമാരന്മാർ വരികയാണെന്നു തോന്നുന്നു. അവർ കോവിലകത്തേക്കു പോകുകയാണ്. നമ്മളും പോയി വിവരം അറിയുക.

(രണ്ടുപേരും പോയി)

## രംഗം 2.

(ഭരതനും ശത്രുഘ്നനും പ്രവേശിക്കുന്നു)

ഭരതൻ— ഇവിടെ ആരാണുള്ളത്.

(ഒരു ഭൃത്യൻ പ്രവേശിക്കുന്നു)

നീ പോയി, നിന്റെ കൈകയിരാജ്ഞിയോടു ഞങ്ങൾ വന്നിട്ടുണ്ടെന്നു പറയുക. (ഭൃത്യൻ പോയി) ശത്രുഘ്നാ, ലക്ഷ്മണനാണു ഭാഗ്യവാൻ. അവനു ജ്യേഷ്ഠന്റെ ഒന്നിച്ചുതന്നെ പോകുവാൻ സാധിച്ചുവല്ലോ. ജ്യേഷ്ഠനെ ശുശ്രൂഷിച്ചുകൊണ്ടു ജീവിപ്പാൻ ഉണ്ടാകുന്ന ഭാഗ്യമല്ലയൊ ഭാഗ്യം. രാജപദവി, ഹ! അതെത്ര സ്വാതന്ത്ര്യമില്ലാത്ത ഒരു പദവി, എന്തൊരു ബന്ധനം! പല്ലക്കും രാജഗൃഹവും, കാരാഗൃഹം പോലെ അനുഭവിക്കുന്ന ബന്ധനം! മന്ത്രിമാരെന്നും അകമ്പടിക്കാരെന്നും വന്ദികളെന്നും വൈതാളികളെന്നും വ്യാജനാമം ധരിക്കുന്ന കാവല്ക്കാരാൽ നിത്യം രക്ഷിക്കപ്പെടുന്ന ബന്ധനം! —അല്ലാതെ രാജപദവി മറ്റെന്താണ്? നിണക്കീ ധനത്തിലും ആഡംബരത്തിലും മോഹമുണ്ടോ?

ശത്രുഘ്നൻ— അശേഷമില്ല.

ഭരതൻ— ഉണ്ടെങ്കിൽ പറഞ്ഞോളൂ. എല്ലാം നിന്നെ ഏല്പിച്ചു ഞാൻ ജ്യേഷ്ഠനെ അന്വേഷിച്ചു പോകുവാൻ ഒരു

ങ്ങിയിരിക്കുന്നു. ജ്യേഷ്ഠപാദം ശുശ്രൂഷിച്ചു കാലം കഴിപ്പാനാണ് എന്റെ ആഗ്രഹം. പൂജനീയനല്ലയൊ ജ്യേഷ്ഠൻ. നീ ഇവിടെ രാജാവായി വാണുകൊൾക.

ശത്രുഘ്നൻ—രാജ്യം ഭരിക്കേണ്ടത് ഭരതനാണ്. ജ്യേഷ്ഠനെ ശത്രുഭയത്തിൽനിന്നു രക്ഷിക്കേണ്ടുന്ന പണി ശത്രുഘ്നന്റേതാണ്.

ഭരതൻ—ഓ! നീ പേരിന്റെ അൎത്ഥത്തെ അടിസ്ഥാനമാക്കിയൊ സംസാരിക്കുന്നത്! എന്നാൽ രാമലക്ഷ്മണന്മാർ കാട്ടിലാണൊ പോകേണ്ടത്! അഥവാ, വനവാസം നമ്മൾ വിചാരിക്കുംപോലെ ദുൎഘടമല്ല. മനുഷ്യൻ ഏതു ദിക്കിലായാലും ബുദ്ധിശക്തികൊണ്ട് ആ സ്ഥലത്തെ തന്റെ ജീവിതത്തിന്ന് അനുകൂലമായതാക്കാം. യഥേഷ്ടം ഒരു കുടിഞ്ഞിൽ കെട്ടിയുണ്ടാക്കി, ഫലമൂലാദികൾ ഭക്ഷിച്ചും, ശുദ്ധജലം പാനംചെയ്തും, നിൎമ്മലവായു ശ്വസിച്ചും, പക്ഷികളുടെ മനോഹരശബ്ദം ശ്രവിച്ചും, പ്രകൃതിദേവിയുടെ അകൃത്രിമഭംഗി കണ്ടാനന്ദിച്ചും കാലം കഴിക്കുന്നതിലുള്ള മനസ്സുഖം കാട്ടിലല്ലാതെ നാട്ടിൽ ലഭിക്കുമൊ?

ശത്രുഘ്നൻ—ആദ്യം കുറെ ദിവസം ആവക സുഖങ്ങൾ തോന്നും.

ഭരതൻ—അല്ല. ആദ്യം കുറെ ദിവസം ദുൎഘടമായി തോന്നും. വനവാസത്തിന്റെ സുഖം അനുഭവിക്കുന്തോറും അധികം അനുഭവിപ്പാൻ ആസക്തിയുണ്ടാകും.

ശത്രുഘ്നൻ—ഇതാ കൈകയിമാതാവു വരുന്നു.

(കൈകയി പ്രവേശിക്കുന്നു)

കൈകയി—മകനെ, നീ വന്നുവോ? ഞാൻ നിന്നെയും കാത്തിരിക്കയാണ്. നിണക്കു ഞാനിതാ ഒരു മഹാരാജ്യം സമ്പാദിച്ചുവെച്ചിരിക്കുന്നു (ആലിംഗനം ചെയ്യാൻ ഭാവിക്കുന്നു. ഭരതൻ തെററി ദൂരെ നില്ക്കുന്നു)

ഭരതൻ—മഹാരാജ്യം സമ്പാദിച്ചിരിക്കുന്നുവോ? എങ്ങിനെ സമ്പാദിച്ചു? അച്ഛനെ കൊന്നിട്ടോ, രാജ്യാവകാശിയായ ജ്യേഷ്ഠനെ ചതിയായി രാജ്യഭ്രഷ്ടനാക്കീട്ടോ?

കൈകയി—മകനെ, നിണക്കിതു സന്തോഷമാകുമെന്നല്ലയൊ ഞാൻ വിചാരിച്ചിരുന്നത്?

ഭരതൻ—എന്ത്? അച്ഛനെ കൊന്നതും ജ്യേഷ്ഠനെ കാട്ടിൽ അയച്ചതുമൊ?

കൈകയി—അച്ഛനെ കൊല്ലുകയൊ?

ഭരതൻ—അതെ, ജ്യേഷ്ഠൻ പോയ സങ്കടം സഹിപ്പാൻ കഴിയാഞ്ഞതിനാൽ അച്ഛൻ മരിച്ചു; ദുഃഖിച്ചു ഹൃദയം പൊട്ടി മരിച്ചു. അതിന്നു കാരണം ആരാണ്? നിങ്ങൾ—നിങ്ങളാണ് അച്ഛനെ കൊന്നത്.

കൈകയി—അല്ലയൊ മകനെ, നിന്നെ പെററ അമ്മയല്ലയൊ ഞാൻ. എന്റെ മുഖത്തുനോക്കി നീ ഇങ്ങിനെ പറയാമൊ?

ഭരതൻ—അമ്മതന്നെ. എന്തുചെയ്യും ! അതിനെപ്പററി ഞാൻ വളരെ വ്യസനിക്കുന്നു. ഇന്നുമുതൽ നിങ്ങൾ എന്റെ അമ്മയല്ല. നിങ്ങളുടെ വയററിൽ ജനിപ്പാനുണ്ടായ നിർഭാഗ്യത്തെ ഞാൻ ശപിക്കുന്നു. ഞാനിതാ പോകുന്നു. ഞാനും കാട്ടിലേക്കു പോകുന്നു. നിങ്ങൾ രാജ്യം ഭരിച്ചു സുഖമായി ഇരുന്നുകൊൾക.

കൈകയി—ഇതൊ നിന്റെ കൃതജ്ഞത ! നിണക്കുവേണ്ടി ഒരു മഹാരാജ്യമല്ലയൊ ഞാൻ സമ്പാദിച്ചു തന്നത് ? നിന്നെയും എന്നെയും കൌസല്യയുടെ അടിമകളാകുന്നതിൽനിന്നു രക്ഷിച്ചതിന്നുള്ള ഫലമൊ ഇത് ? മഹാരാജാവു, രാമന്റെ അഭിഷേകം നിശ്ചയിച്ചു, ലോകമൊട്ടുക്കും പരസ്യം ചെയ്തിട്ടും എന്നോടു ഒരു വാക്കെങ്കിലും പറഞ്ഞുവോ ? ഈ തെരുവുകളും കൊട്ടാരവും മററും അലങ്കരിക്കുന്നതു കണ്ടിട്ടും ജനങ്ങൾ അഹങ്കരിച്ചു പാടുന്നതു കേട്ടിട്ടും ആയിരുന്നില്ലെ, ഞാനത് അറിഞ്ഞത്. കളവായ ഒരു എഴുത്തെഴുതിയല്ലെ നിന്നെ കേകയരാജ്യത്ത് ആകർഷിച്ചുകൊണ്ടുപോയത് ! നിങ്ങളിൽ ഒരാളെ കാട്ടിലയക്കേണമെന്ന് ബ്രഹ്മാവിന്റെ ആജ്ഞയുണ്ടെങ്കിൽ അതു നീ തന്നെ ആയിരിക്കേണമൊ ?

ഭരതൻ—കളവായ എഴുത്തൊ ? ബ്രഹ്മാവിന്റെ ആജ്ഞയൊ ? ആരാണ് നിങ്ങളോടു ഈ കുസൃതികളൊക്കെ പറഞ്ഞുതന്നത് ? അമ്മാമന്നു സുഖക്കേടായിട്ടല്ലെ, ഞാൻ പോയത് ? നിങ്ങൾ വ്യസനിക്കു

മെന്നു വിചാരിച്ചു നിങ്ങളോടു ആ വിവരം പറ ഞ്ഞില്ല. നിങ്ങളോടു ആരാണ് ഈ കളവുകളൊക്കെ പറഞ്ഞുതന്നത് ?

കൈകയി—വിശ്വസിക്കത്തക്ക ഒരാളാണ് എന്നോടു പറ ഞ്ഞത്.

ശത്രുഘ്നൻ—ആളെന്നു മാത്രം പറഞ്ഞാൽ പോരാ. ആളി യായിരിക്കണം.

ഭരതൻ—ശത്രുഘ്ന, നീ എന്താണ് അങ്ങിനെ പറഞ്ഞത് ?

ശത്രുഘ്നൻ—കൌസല്യാമാതാവു മന്ഥരയെപ്പററി പറഞ്ഞതു ജ്യേഷ്ഠന്നു ഓൎമ്മയില്ലെ ?

ഭരതൻ—ശരി. (കൈകയിയോട്) ഞങ്ങൾ നിങ്ങളെ കാണുന്നതിന്നു മുമ്പിൽ കൌസല്യാമാതാവെ കണ്ടു നമസ്കരിച്ചിരുന്നു. (ശത്രുഘ്നനോടു) ശരിതന്നെ, അമ്മ മന്ഥരയെപ്പററി പറഞ്ഞതു എനിക്കു ഓൎമ്മയായി. (കൈകയിയോടു) മന്ഥരയല്ലെ നിങ്ങളെ ഈ കള വൊക്കെ പറഞ്ഞു ഫലിപ്പിച്ചത് ?

കൈകയി—മന്ഥര നിന്റെയും എന്റെയും ഗുണത്തിന്നു വേണ്ടി പറഞ്ഞതല്ലെ ?

ഭരതൻ—എനിക്ക് ആ കാൎയ്യം അറിഞ്ഞാൽ മതി. മന്ഥര യാണ് ഈ കളവു പറഞ്ഞതെന്ന് അറിഞ്ഞാൽ മതി. ശത്രുഘ്നാ നീ പോയി മന്ഥരയെ പിടിച്ചുകൊണ്ടുവരൂ.

കൌസല്യാമാതാവിൻെറ പോററമക്കളിൽ വല്ലവരേയും കണ്ടെങ്കിൽ ഇങ്ങട്ടു വരാൻ പറയും. ക്ഷണം വരണം.

(ശത്രുഘ്നൻ പോയി)

ഭരതൻ—ചെറിയൊരു കളവു മതി, നിസ്സാരനായ ഒരുവനൊ ഒരുവളൊ പറഞ്ഞുണ്ടാക്കുന്ന ചെറിയൊരു കളവു മതി, ലോകത്ത് അനേകം മഹാരനർത്ഥമാക്ക് ആപത്തുകൾ ഉണ്ടാക്കുവാൻ. എത്ര ആപത്തുകൾ, എന്തെല്ലാം അനർത്ഥങ്ങൾ, ചെറിയൊരു കളവുനിമിത്തം ഉണ്ടാകുന്നു! മഹാരാജാക്കന്മാർ തമ്മിൽ ഭയങ്കരങ്ങളായ യുദ്ധങ്ങളും തന്നിമിത്തം അനേകലക്ഷം ജനങ്ങൾക്കു നാശവും പലവിധ നഷ്ടങ്ങളും ചെറിയൊരു കളവിൻെറ ഫലമായി ഉണ്ടാകുന്നില്ലെ? അതാണ് സത്യമാണു ലോകത്തെ ഭരിക്കുന്നതെന്നു പറയുന്നതിൻെറ സാരം. ലോകത്തെ സമാധാനത്തിൽ ഭരിക്കുന്നതു സത്യമാണ്. സത്യമാണു സർവ്വസൌഭാഗ്യങ്ങളുടെയും ബീജം. എൻെറ ജ്യേഷ്ഠനെ കാട്ടിലാക്കാനും അച്ഛനെ കൊല്ലാനും കാരണമായ നിസ്സാരമായ ഈ അസത്യത്തിൻെറ ഉത്ഭവസ്ഥാനം ഞാൻ കണ്ടുപിടിക്കും. അതു ലോകത്തിന്ന് ഒരു പാഠമാകും.

(ശത്രുഘ്നനും മന്ഥരയും രണ്ടു ദാസികളും കുറെ കുട്ടികളും പ്രവേശിക്കുന്നു.)

ഭരതൻ—മന്ഥരെ, ഇവിടെ വന്നുനില്ക്കു. ഞാൻ അമ്മാമന്റെ അടുക്കലേക്കു പോയതു് അവിടുന്നു കത്തുവരാതെയാണെന്നു നീ അമ്മയോടു പറഞ്ഞുവോ?

കൈകയി—അവൾ നമ്മളുടെ ഗുണത്തിന്നുവേണ്ടിയല്ലാതെ ഒന്നും ചെയ്കയില്ല.

ഭരതൻ—നിങ്ങൾ അല്പം ക്ഷമിക്കുവിൻ. ഞാൻ ഇവളോടു ചോദിക്കട്ടെ. (മന്ഥരയോടു) നീ അങ്ങിനെ പറഞ്ഞുവോ എന്നാണ് ഞാൻ ചോദിക്കുന്നതു്.

മന്ഥര—എന്തോ ഒരു ദൂതൻ വന്നിട്ടു് ഇവിടുന്നു പോയി എന്നാണു് അടിയൻ പറഞ്ഞതു്.

ഭരതൻ—ആരോ ഒരു കള്ളക്കത്തയച്ചിട്ടു് എന്നെ ആകർഷിച്ചുകൊണ്ടുപോയതാണെന്നു നീ പറഞ്ഞില്ലെ?

മന്ഥര—അങ്ങിനെ അടിയൻ പറഞ്ഞതായി ഓൎമ്മയില്ല.

ഒരുകുട്ടി—എനിക്കൊന്നു് ഉണൎത്തിപ്പാനുണ്ടു്. ഞങ്ങൾ രാമദേവന്റെ കൊട്ടാരത്തിനടുത്തുള്ള തെരുവു് അലങ്കരിക്കുമ്പോൾ ഈ മന്ഥര അവിടെ വന്നു. രാമദേവന്റെ അഭിഷേകത്തിനാണു് ഞങ്ങൾ അങ്ങിനെ ചെയ്യുന്നതെന്നു പറഞ്ഞപ്പോൾ ഇവൾ വളരെ കോപിച്ചു. രാമദേവൻ ചെറുപ്പത്തിൽ ഇവളുടെ കൂനിന്നു

കല്ലെറിഞ്ഞു പരിഹസിച്ചിരുന്നുവെന്നും അതിന്നു പ്രതികാർ ചെയ്യുമെന്നും പറഞ്ഞു. രാമദേവൻെറ അഭിഷേകം മുടക്കുമെന്നു ഇവൾ ശപഥം ചെയ്തു.

ഭരതൻ—ഇതു നേരല്ലേ ?

മന്ഥര—അടിയനെ ഈ കുട്ടികൾ പരിഹസിച്ചതു കേട്ടപ്പോൾ ഉണ്ടായ കോപംകൊണ്ടു അടിയൻ എന്തൊക്കയൊ പറഞ്ഞുപോയിരുന്നു.

ഒരുദാസി—അതു കഴിഞ്ഞു വരുമ്പോളായിരിക്കണം ഇവൾ അടിയനെ കണ്ടത്. മഹാരാജ്ഞിയോടു അഭിഷേകത്തിൻെറ വിവരം അടിയൻ പറയരുതെന്നും അവൾ തന്നെ ചെന്നു പറയുമെന്നും പറഞ്ഞു. അടിയനൊരു ചേലതരാമെന്നു വാഗ്ദാനം ചെയ്തു. ചേല ഇതുവരെ തന്നിട്ടില്ല.

മറെറാരുത്തി—ശ്രീരാമദേവനെ കാട്ടിലയപ്പാൻ തീർച്ചയാക്കിയ ദിവസം ഇവൾ ദുർഗ്ഗാക്ഷേത്രത്തിൽ വന്നിരുന്നു. അപ്പോൾ അവിടെ അടിയനും ഉണ്ടായിരുന്നു. ഇവൾ "ഭഗവതി, എൻെറ ആഗ്രഹം സാധിച്ചതിന്നു ഞാൻ ഒരു വഴിവാടു കഴിക്കാം" എന്നു പ്രാർത്ഥിക്കുന്നത് അടിയൻ കേട്ടു.

കൈകയി—(വിചാരം) ആകപ്പാടെ ഇവൾ എന്നെ വഞ്ചിച്ചതായിരിക്കുമോ ?

മന്ഥര—ഇവരൊക്കെ "കുണ്ടിൽ വീണ പന്നിക്കു കല്ലും പാറയും തുണ"—എന്നു പറഞ്ഞതുപോലെ അടിയനെ ദ്രോഹിപ്പാൻ ഒരുമ്പെട്ടതാണ്.

ഭരതൻ—ശരിയാണ് നീ പറഞ്ഞത്. പഴഞ്ചൊല്ലിൽ പതിരില്ല. കുണ്ടിൽ വീണ പന്നിക്കു കല്ലും പാറയും തുണ. പന്നിയാണെങ്കിൽ മാത്രം. പശുവാണു കുണ്ടിൽ വീണതെങ്കിൽ അതിനെ കുണ്ടിൽനിന്നു വലിച്ചെടുത്തു രക്ഷിപ്പാനെ ആളുകൾ ശ്രമിക്കുകയുള്ളു. ആകട്ടെ, നീ ജ്യേഷ്ഠൻെറ അടുക്കൽ പോയിട്ട് എന്താണു പറഞ്ഞത് ?

മന്ഥര—അടിയൻ എന്തു പറവാൻ ?

ഭരതൻ—ശത്രുഘ്നാ, വസിഷ്ഠഭഗവാൻ എന്തായിരുന്നു നമ്മളോടു അരുളിച്ചെയ്തത്.

ശത്രുഘ്നൻ—കൈകയിമാതാവ് അഭിഷേകം മുടക്കുവാൻ ആലോചിക്കുന്നുണ്ടെന്നു ഇവൾ ജ്യേഷ്ഠനോടു ചെന്നു പറഞ്ഞുവെന്ന്.

കൈകയി—എപ്പോൾ പറഞ്ഞുവെന്ന് ?

ശത്രുഘ്നൻ—അഭിഷേകം നടക്കേണ്ടിയിരുന്ന ദിവസത്തിൻെറ തലേദിനം വൈകുന്നേരം.

കൈകയി—ഹ! ദുഷ്ടേ, നീ അങ്ങിനെ ചെയ്തുവോ ? നീയല്ലേ, ഇതൊക്കെ എന്നെക്കൊണ്ടു ചെയ്യിച്ചത്.

ഇതൊക്കെ എന്റെ ഗുണത്തിന്നുവേണ്ടിയാണെ നീ പറഞ്ഞതെന്നല്ലെ ഞാൻ ധരിച്ചുപോയത്? ഇത്ര വലിയ മഹാ പാപം എന്നെക്കൊണ്ടു നീ ചെയ്യിച്ചുവോ?

ഭരതൻ—അങ്ങിനെ വരട്ടെ. ഇനി നടന്ന സംഗതികളൊക്കെ വിവരിച്ചു പറവിൻ.

കൈകയി—ഇവളാണ് അഭിഷേകവിവരം എന്നോടു ആദ്യം വന്നു പറഞ്ഞത്. അപ്പോൾ ഞാൻ വളരെ സന്തോഷിച്ചു. ഇവൾക്ക് ഒരു വള സമ്മാനിച്ചു. ഇവൾ അതു സ്വീകരിപ്പാൻ മടിച്ചു. രാക്ഷസന്മാരെ കൊല്ലേണ്ടതിന്നു മഹാരാജാവിന്റെ പുത്രന്മാരിൽ രണ്ടുപേരെ കാട്ടിലേക്ക് അയപ്പാൻ ബ്രഹ്മാവു കല്പിച്ചതായി നാരദമഹർഷി വന്നു പറഞ്ഞിരുന്നുവെന്നും നിന്നെ കാട്ടിലയപ്പാൻ മഹാരാജാവു തീർച്ചയാക്കിയിരിക്കുന്നുവെന്നും ഇവൾ എന്നെ ധരിപ്പിച്ചു. അതിന്നു വേണ്ടിയാണു നിന്നെ ദൂരത്ത് അകററിയതെന്നും. ജ്യേഷ്ഠൻ കത്തയച്ചിരുന്നില്ലെന്നും കൌസല്യ ഒരു കള്ളക്കത്ത് അയച്ചതാണെന്നും എന്നെ മനസ്സിലാക്കി. ഞാനതു വിശ്വസിച്ചു. അതുകൊണ്ടായിരിക്കും മഹാരാജാവ് അഭിഷേകവിവരം എന്നെ അറിയിക്കാഞ്ഞതെന്നു ധരിച്ചുപോയി. വരത്തെപ്പററി ഓർമ്മപ്പെടുത്തിയതും ഇവളായിരുന്നു. മഹാരാജാവിനെക്കൊണ്ട് ആദ്യം സത്യം ചെയ്യിക്കണമെന്നു ഉപദേശിച്ചതും ഇവളായിരുന്നു. ഇതൊക്കെ ചെയ്യിട്ടു

രാമചന്ദ്രനോട് നേരെ മറിച്ചു ചെന്നു പറഞ്ഞു, ഇല്ലേ? മകനെ, നീ ക്ഷമിക്കണം. ഞാൻ വലിയൊരു അപരാധമാണ് ചെയ്തത്. ആ സാധു കുട്ടികളെ ഞാൻ കാട്ടിലാക്കി. അതുനിമിത്തം ഭർത്താവു മരിച്ചു. ഈശ്വരാ എന്നെക്കാൾ വലിയ പാപം ചെയ്യുവർ ലോകത്തിൽ ആരുണ്ട്?

ഭരതൻ—അമ്മക്ക് ഈ വിധം പശ്ചാത്താപം ഉണ്ടായതിൽ ഞാൻ സന്തോഷിക്കുന്നു. ഇത് കേവലം അമ്മയുടെ തെററല്ലെന്നറിഞ്ഞു ഞാൻ ആശ്വസിക്കുന്നു. അമ്മയോടു ഞാൻ കാലുഷ്യമായി സംസാരിച്ചതു ക്ഷമിക്കണം. എന്തായാലും ഈ കൂനിയെ വെറുതെ വിട്ടുവാൻ പാടില്ല. ശത്രുഘ്നാ, ഈ കൂനിയെ കാട്ടിൽ കൊണ്ടുപോയി ഇവളുടെ നാവ് അറുത്തു, ഇവളെ അവിടെ വിട്ടേച്ചു പോരണം. ഈ വിധം മഹാപാപികൾക്കു തക്കതായ ശിക്ഷ അതാണ്. അസൂയ, ദുഷ്ടത, മുതലായ ദുർഗ്ഗുണങ്ങൾ നിറഞ്ഞു, പരനിന്ദയും പരദ്രോഹവും തൊഴിലാക്കി നടക്കുന്ന ഈ വക മഹാപാപികൾക്ക് അയോദ്ധ്യയിൽ ജീവിപ്പാൻ അവകാശമില്ല. ഈ വക മന്ഥരകൾ നമ്മുടെ നാട്ടിൽ വേറെയും പലരുണ്ട്. ഇവർ ഉള്ളത്തുംതിന്നു സ്വസ്ഥരായിരിക്കുമ്പോൾ യോഗ്യരെ ദുഷിക്കുകയും ഏഷണി പറഞ്ഞു തമ്മിൽ തല്ലിക്കുകയും ആണ് അവരുടെ പണി. ഈ വക ദുഷ്ടകളുടെ നാവുകൾകൊണ്ടു മാത്രമെ, അസൂയങ്ങളുടെ മുനകൾ ഉണ്ടാകുവാൻ സാധിക്കയുള്ളു എന്നു

വന്നെങ്കിൽ എത്ര നന്നായിരുന്നു. അവരാണ് ലോകത്തിലെ സർവ്വ നിർഭാഗ്യങ്ങൾക്കും ആപത്തുകൾക്കും കാരണം. അവർക്കൊക്കെ ഒരു പാഠമാകത്തക്കവണ്ണം ഇവളെ നാവരിഞ്ഞു വിടുക. ശത്രുഘ്ന വേഗം കൊണ്ടുപോക.


(ശത്രുഘ്നൻ മന്ഥരയെ കൂട്ടി പോകുന്നു. കുട്ടികളും ദാസികളും പിന്നാലെ പോകുന്നു)

അമ്മേ, നമ്മൾ എല്ലാവരും ജ്യേഷ്ഠനെ അന്വേഷിച്ചു പോകണം. അവരെ മൂന്നുപേരെയും തിരികെ കൂട്ടിക്കൊണ്ടുവരുവാൻ ശ്രമിക്കണം.

കൈകയി—മകനെ, എനിക്കതു വളരെ സന്തോഷമാണ്. ശ്രീരാമൻ മടങ്ങിവന്നു രാജ്യത്തിലേക്കു സർവ്വ മംഗളങ്ങളും സർവ്വ സൌഭാഗ്യങ്ങളും ഉണ്ടാകത്തക്കവണ്ണം രാജ്യപരിപാലനം ചെയ്യട്ടെ.

---

ശുഭം.



ഈ പുസ്തകത്തിന്ന് ആവശ്യപ്പെടേണ്ടുന്ന
മേൽവിലാസം:—

മൂർക്കോത്ത കുമാരൻ,
തലശ്ശേരി.

വില 12 അണ.

---

ഇതു കമ്മീഷൻ വില്പനക്കു കൊടുക്കുന്നതല്ല.

ഇരുപതു പ്രതികൾ ഒന്നിച്ചു വാങ്ങുന്നവർക്കു 3 പ്രതികൾ
വെറുതെ കൊടുക്കും.